# METHODOLOGY OF SANSKRIT LEARNING

## B. A. SANSKRIT

## THIRD SEMESTER

**2011 Admission onwards**

## Core Course

# UNIVERSITY OF CALICUT

**SCHOOL OF DISTANCE EDUCATION**

CALICUT UNIVERSITY.P.O., MALAPPURAM, KERALA, INDIA – 673 635

# UNIVERSITY OF CALICUT

## SCHOOL OF DISTANCE EDUCATION

STUDY MATERIAL

# BA SANSKRIT

## III SEMESTER

CORE COURSE

## METHODOLOGY OF SANSKRIT LEARNING

Prepared by:

Dr. Jayanisha K.
Assistant Professor,
Department of Sanskrit,
Sree Kerala Varma College,
Thrissur.

Scrutinised by:

Sri.K.Jayanarayanan,
Associate Professor,
Department of Sanskrit,
Sree Kerala Varma College,
Thrissur.

Layout & Settings

Computer Section, SDE

©

Reserved

## MODULE I

## Laukika Sanskrit

Sanskrit Grammarians-Pāṇini, Kātyāyana and Patañjali - Munitraya.

Learning of Sanskrit through Kāśikā and Prakriyā methods.

Major Grammarians in Kāśikā method - Jayāditya, Vāmana and Haradatta.

Major Grammarians in Prakriyā method - Dharmakīrti, Rāmacandradīkṣita, Nāgeśa and Nārāyaṇabhaṭṭa.

Two major traditions - Pāṇinīya and Apāṇinīya.

### Additional Reading

1. *Vyākaraṇamenna Vēdāṅgam*, K. I. Narayanan Namboothiri, Kanippayyur Sankaran Namboothirippad Smaraka Granthaśālā, Kunnamkulam, First Edition, 2009.
2. *Mēlputtūrinṭe Vyākaraṇapratibhā*, Dr. N. V. Krishna Warrier, Guruvayoor Devaswom.
3. *Uparinavagrāmajanmano Nārāyaṇabhaṭṭapādasya Vyākaraṇapratibhā*, Dr. N. V. Krishna Warrier, Introduction to *Prakriyāsarvasvam* of Melputtūr, Guruvayoor Devaswom.

## MODULE II

## VAIDIKA SANSKRIT AND PRāKṛTA

### Essential Reading

1. *Vedic Grammar* - Ed. Dr. M. Sivakumara Swamy, Bharavi Prakashan, Bangalore, 1984. Article - *Absence of Sandhi in Vedic Texts*.
2. *Nāṭyaśāstra of Bharatamuni*, Vol. I, Ch. XVIII, Bhāṣāvidhānam, vs 23-58, Malayalam Translation Prof. K. P. Narayana Pisharodi, Kerala Sahitya Akademy, Thrissur, 1987.

## MODULE III

## METHODOLOGY OF LANGUAGE

### Essential Reading

*Saṃskṛtabhāṣā* (Article), Dr. K. Kunjunni Raja, *Saṃskṛtasāhityacaritram*, Dr. M. S. Menon & Dr. K. Kunjunni Raja, Kerala Sahitya Akademy, Thrissur.

# MODULE IV

# MANUSCRIPTOLOGY

## Essential Reading

1. *Fundamentals of Manuscriptology*, Dr. P. Visalakshi, Dravidian Linguist Association, St. Xaviers College, Thiruvananthapuram.

Chapters: 1. Manuscriptology and its Significance.
4. Language and Script.
5. Manuscript Characteristics.
6. Collection of Manuscripts.
7. Cataloguing.

## Additional Reading

1. *Manuscriptology*, Dr. K. Maheswaran Nair, Swantam Books, Thiruvananthapuram.
2. *Conservation of Manuscripts and Documents*, INTACH Indian Conservation Institute, Lucknow, 1992.
3. *Introduction to Manuscriptology*, R. S. Sivaganeshamurthy, Sarada Publishing House, Delhi, 1996.

*****

# MODULE - I

## LAUKIKA SANSKRIT

### ലൗകികസംസ്കൃതം

ഭാരതീയജ്ഞാനം വേദമൂലമാണെന്നത് സകല വിജ്ഞാനികൾക്കും അജ്ഞാനികൾക്കു മറിവുള്ളതാണ്. വേദാംഗങ്ങളാൽ വിസ്തൃതമായ വേദസമ്പത്തിലെ ഒരു രത്നമാണ് വ്യാകരണം.

छन्दः पादौ तु वेदस्य

हस्तौ कल्पोऽथ पठ्यते।

ज्योतिषामयनं चक्षु-

र्निरुक्तं श्रोत्रमुच्यते।।

शिक्षा घ्राणं तु वेदस्य

मुखं व्याकरणं स्मृतम्।

സർവ്വാംഗസുന്ദരമായ ശരീരത്തിൽ വികൃതമായ മുഖംപോലെയാണ് വ്യാകരണജ്ഞാനമില്ലാത്ത പണ്ഡിതന്റെ സ്ഥിതി.

व्याक्रियन्ते व्युत्पाद्यन्ते साधुशब्दा अनेन अस्मिन् इति व्याकरणम् എന്നു വ്യാകരണശബ്ദത്തിന്റെ നിഷ്പത്തി. സാധുശബ്ദജനകശാസ്ത്രം/ശബ്ദശാസ്ത്രം/ശബ്ദവ്യുത്പത്തിശാസ്ത്രം എന്നർത്ഥം. പതഞ്ജലിയുടെ 'മഹാഭാഷ്യ'ത്തിൽ വ്യാകരണപ്രയോജനം ഇപ്രകാരം പറയുന്നു-

रक्षोहागमलघ्वसन्देहाः प्रयोजनम्।

*പ്രാചീനരായ മഹർഷിമാർ എല്ലാ വ്യവഹാരത്തിനുമുപയോഗിക്കുന്ന ശബ്ദസംഗ്രഹങ്ങൾ വേദങ്ങളിലുന്നൊ പറയുന്നു. ഈ ലൗകികവും വ്യാവഹാരികവുമായ ഭാഷയാണ് ലോകത്തിൽ വിരാജിക്കുന്നത്.

*പൂർവ്വകാലിക ലൗകികഭാഷയിലുായിരുന്ന വൈദികശബ്ദങ്ങളെല്ലാം ഇപ്പോൾ വൈദികമായി അംഗീകരിക്കുന്നു.

*എന്നാൽ പ്രാചീനരുടെ അഭിപ്രായത്തിൽ ലൗകിക-വൈദിക ശബ്ദങ്ങൾക്ക് ഭേദമില്ല. അർത്ഥ ജ്ഞാനസംബന്ധത്തിനുവേി തരംതിരിക്കുന്നു എന്നേയുള്ളു.

*അഥർവ്വവേദത്തിൽ ദൈവീവാക്, മാനുഷീവാക് എന്ന് ഭാഷയെ രായി വർണ്ണിക്കുന്നു്. അതിൽ സത്യമായത് ദൈവീവാക്കും, അസത്യവും എല്ലായിടത്തും പ്രചരിച്ചിരിക്കുന്നതും മാനുഷീവാക്കും. ഈ മാനുഷീവാക്കാണ് ലൗകികം എന്നും പറയുന്നു.

*ഇപ്രകാരം വൈദികമെന്നും ലൗകികമെന്നും ഭാഷ രായി തിരിയുന്നു. അപൗരുഷേയത്വ പ്രധാനമായത് ദൈവീവാക്കും പൗരുഷേയത്വപ്രധാനമായത് മാനുഷീവാക്ക്/ലൗകികവാക്കുമാകുന്നു.

**മുനിത്രയങ്ങൾ**

*ഭാരതീയസംസ്കാരത്തിന്റെ പ്രാഥമികസ്രോതസ്സുകളിൽ പ്രാധാന്യമർഹിക്കുന്നതാണ് പാണിനിയാൽ തുടങ്ങപ്പെട്ട സംസ്കൃതവ്യാകരണം.

*പാണിനിയുടെ അഷ്ടാദ്ധ്യായി സൂത്രപാഠവും, സൂത്രങ്ങളിൽ പറഞ്ഞതിനെ തിരുത്തിയും പറയാത്തതിനെ പറഞ്ഞും ചെയ്ത കാത്യായനന്റെ വാർത്തികവും, സൂത്രങ്ങളുടേയും വാർത്തികങ്ങളുടേയും വിസ്തൃതവിമർശനരൂപമായ പതഞ്ജലിയുടെ മഹാഭാഷ്യവും സംസ്കൃത വ്യാകരണത്തിന്റെ ആധാരശിലയാണ്.

*त्रिमुनि व्याकरणम्, व्याकरणस्य त्रिमुनिः, यथोत्तरं मुनीनां प्रामाण्यम्। എന്നിങ്ങനെയുള്ള അനേകം സൂക്തികൾ മുനിത്രയങ്ങളെ സംബന്ധിച്ച് നിലനില്ക്കുന്നു്.

**സൂത്രകാരനായ പാണിനി**

*വിവിധവ്യാകരണപണ്ഡിതന്മാരാകുന്ന രത്നമാലയിലെ മരതകമണിയാണ് പാണിനിമഹർഷി.

*പാണിനി എന്നത് ഗോത്രനാമമാണ്.

*पणोऽस्यास्तीति पणी, पणिनो गोत्रापत्यं पुमान् पाणिनः, तस्य गोत्रापत्यं पुमान् पाणिनिः എന്ന് പാണിനിശബ്ദത്തിന്റെ നിഷ്പത്തി. (പണം = സ്തുതി)

*പുരുഷോത്തമദേവാചാര്യൻ തന്റെ 'ത്രികാണ്ഡശേഷം' എന്ന കോശത്തിൽ പാണിനിയുടെ 6 നാമങ്ങൾ എഴുതിയിരിക്കുന്നു:

पाणिनिस्त्वाहिको दाक्षीपुत्रः शालङ्किपाणिनौ।
शालातुरीयः..........................................।।

**പാണിനിയുടെ ജന്മസ്ഥലം**

*പാണിനിയുടെ ജന്മഭൂമി ശലാതുരം എന്ന ഗ്രാമമാണെന്ന് വർദ്ധമാനൻ തന്റെ ഗണരത്നമഹോദധിയിൽരേഖപ്പെടുത്തിയിരിക്കുന്നു-

शलातुरो नाम जनपदः सोऽभिजनोऽस्यास्तीति शालातुरीयः तत्र भवान् पाणिनिः

*പതഞ്ജലിയുടെ അഭിപ്രായം अभिजनो नाम यत्र पूर्वैरुषितम्, निवासो नाम यत्र सम्प्रत्युष्यते എന്നാണ്. ഇവിടെ അഭിജനമെന്നാൽ പൂർവ്വികന്മാർ താമസിച്ചിരുന്ന സ്ഥലം, നിവാസമെന്നാൽ ഇപ്പോൾ താമസിക്കുന്ന സ്ഥലം എന്നർത്ഥം.

*പാണിനി അഷ്ടാദ്ധ്യായിയിൽ നിർദ്ദേശിച്ചിരിക്കുന്ന ശലാതുരപദം ഈ അർത്ഥത്തിലായിരിക്കാം. അപ്പോൾ ശലാതുരം അഭിജനമായിട്ടുള്ളവൻ ശാലാതുരീയൻ.

*ഈ ശലാതുരം തന്നെയാണ് ആധുനികകാലത്തെ ലാഹോർ.

*ചില പണ്ഡിതന്മാർ പാണിനിയുടെ വാസഭൂമി വാഹീകദേശത്തിനടുത്താണെന്നഭിപ്രായപ്പെടുന്നു.

**കാലം**

*പാണിനിയുടെ ജീവിതകാലത്തെ കുറിച്ചുള്ള വിവിധമതങ്ങൾ ചുവടെ ചേർക്കുന്നു-

| | | |
|---|---|---|
| സത്യവ്രതൻ സാമശ്രവി | - | 2400 ബി. സി. |
| ഭണ്ഡാർക്കർ | - | 700 ബി. സി. |
| മാക്ഡോണൽ | - | 500 ബി. സി. |
| മാക്സ്മുള്ളർ | - | 350 ബി. സി. |
| ഏ. ബി. കീത്ത് | - | 300 ബി. സി. |

**പാണിനീയവ്യാകരണം**

*പാണിനീയവ്യാകരണത്തിന്റെ സാക്ഷാത് സംബന്ധം മാഹേശ്വരസൂത്രത്തെ അധികരിച്ചാണ് -

इति माहेश्वराणि सूत्राण्यणादिसंज्ञार्थानि।

*ഈ വിഷയത്തിൽ ഒരു ഐതിഹ്യം ഉ് -

ബാല്യത്തിൽ അല്പബുദ്ധിയായിരുന്ന പാണിനിയെ സഹപാഠികൾ നിരന്തരം പരിഹസിച്ചിരുന്നു. ഇതിൽ മനംനൊന്ത പാണിനി സകലജ്ഞാനനിധിയായ പരമശിവനെ തപസ്സുചെയ്ത് പ്രസാദിപ്പിച്ച് അദ്ദേഹത്തിന്റെ ഢക്കയിൽനിന്നുതിർന്ന പതിന്നാലു ശബ്ദങ്ങൾ പതിന്നാലു സൂത്രങ്ങളായി പാണിനിക്കനുഭവപ്പെട്ടു എന്നും ഐതിഹ്യം.

नृत्तावसाने नटराजराजो ननाद ढक्कां नवपञ्चवारम्।
उद्धर्तुकामः सनकादिसिद्धानेतद्विमर्शे शिवसूत्रजालम्।।

*ആ സൂത്രങ്ങൾ മാഹേശ്വരസൂത്രങ്ങളെന്നറിയപ്പെടുന്നു. അവ ഇവയാണ് -

अइउण्, ऋऌक्, एओङ्, ऐऔच्, हयवरट्, लण्, ञमङणनम्, झभञ्, घढधष्, जबगडदश्, खफछठथचटतव्, कपय्, शषसर्, हल्।

*ഈ സൂത്രങ്ങളനുസരിച്ച് അനുപമമായ വ്യാകരണശാസ്ത്രം സൂത്രരൂപത്തിൽ പാണിനി രചിച്ചു. സൂത്രലക്ഷണം -

अल्पाक्षरमसन्दिग्धं सारवत् विश्वतोमुखम्।
अस्तोभमनवद्यं च सूत्रं सूत्रविदो विदुः।।

*പാണിനിയുടെ വ്യാകരണഗ്രന്ഥമായ അഷ്ടാദ്ധ്യായിയിൽ 8 അദ്ധ്യായങ്ങളാണുള്ളത്. അറിയപ്പെടുന്ന ഗ്രന്ഥനാമം ഇതാണെങ്കിലും ഇത് അഷ്ടകം/ശബ്ദാനുശാസനം/വൃത്തിസൂത്രം എന്നീ പേരുകളിലുമു്.

*അഷ്ടാദ്ധ്യായിയിലെ സൂത്രസംഖ്യയെക്കുറിച്ച് ഇപ്രകാരം പറയുന്നു -

त्रीणि सूत्रसहस्राणि तथा नवशतानि च।
षण्णावतिश्च सूत्राणां पाणिनिः कृतवान् स्वयम्।।

*ഇതനുസരിച്ച് 3996 സൂത്രങ്ങളാണ് ഗ്രന്ഥത്തിലുള്ളത്. എന്നാൽ ഇപ്പോൾ ലഭിക്കുന്നത് 3983 സൂത്രങ്ങളാണ്.

**പാണിനിയുടെ മറ്റുവ്യാകരണഗ്രന്ഥങ്ങൾ**

*പാണിനി തന്റെ അഷ്ടാദ്ധ്യായിയുടെ പൂർണ്ണതയ്ക്കായി ധാതുപാഠം, ഗണപാഠം, ലിംഗാനുശാസനം, ശിക്ഷാഗ്രന്ഥം, ഉണാദിസൂത്രങ്ങൾ എന്നീ ശാസ്ത്രങ്ങൾ രചിച്ചിട്ടു്. വ്യാകരണശാസ്ത്രത്തിന്റെ അനുബന്ധങ്ങൾ എന്ന് ഇവ അറിയപ്പെടുന്നു.

*आदौ व्याकरणं काव्यमनुजाम्बवतीजयम्। എന്നതിൽനിന്നും 'ജാംബവതീജയം' എന്ന പേരിൽ ഒരു കാവ്യംകൂടി പാണിനി രചിച്ചിട്ടുണ്ടെന്നു മനസ്സിലാക്കാം. ഈ കൃതി 'പാതാളവിജയം' എന്ന പേരിലുമറിയപ്പെടുന്നു.

**വാർത്തികകാരനായ കാത്യായനൻ**

*അഷ്ടദ്ധ്യായിയെ അധികരിച്ച് വൈയാകരണന്മാർ വാർത്തികങ്ങൾ രചിച്ചു.

*ഇവരിൽ പ്രധാനികളാണ് കാത്യായനൻ, ഭാരദ്വാജൻ, സുനാഗൻ, ക്രോഷ്ടാവ് തുടങ്ങിയവർ.

വാർത്തികലക്ഷണം -

उक्तानुक्तदुरुक्तानां चिन्ता यत्र प्रवर्तते।
तं ग्रन्थं वार्तिकं प्राहुर्वार्तिकज्ञा मनीषिणः।। എന്ന് പരാശരോപപുരാണം.

പറഞ്ഞതും പറയാത്തതും തെറ്റായി പറഞ്ഞതുമായ സൂത്രങ്ങളുടെ വിശകലനങ്ങളാണ് വാർത്തികങ്ങൾ.

*വാർത്തികത്തിന് വാക്യം/വ്യാഖ്യാനസൂത്രം/ഭാഷ്യസൂത്രം/അനുതന്ത്രം/അനുസ്മൃതി എന്നീ പേരുകളു്.

*മുനിത്രയത്തിൽ പാണിനിക്കുശേഷം വാർത്തികകാരനായ കാത്യായനന്റെ പേരാണ് അറിയപ്പെടുന്നത്. കൂടാതെ, മഹാഭാഷ്യത്തിൽ കാത്യായനന്റെ വാർത്തികങ്ങൾക്കാണ് കൂടുതൽ വ്യാഖ്യാനം നല്കപ്പെട്ടിരിക്കുന്നത്.

*പുരുഷോത്തമദേവാചാര്യൻ തന്റെ 'ത്രികാണ്ഡശേഷം' എന്ന കോശത്തിൽ കാത്യായന നാമങ്ങളിപ്രകാരം വിവരിക്കുന്നു -

मेधाजित् कात्यायनश्च सः पुनर्वसुर्वररुचिः।

*കാത്യായനന്റെ ജീവിതകാലം ബി.സി. ഒന്നാം നൂറ്റാണ്ടെന്നു കരുതപ്പെടുന്നു.

*ഇദ്ദേഹത്തിന്റെ ജന്മദേശം ദക്ഷിണദേശമാണെന്നും കരുതുന്നു.

*കാത്യായനഗോത്രത്തിൽ പിറന്ന വരരുചി കാത്യായനനാമത്തിലറിയപ്പെടുകയാണുായത്.

**കാത്യായനന്റെ വാർത്തികപാഠം**

*കാത്യായനന്റെ വാർത്തികപാഠം പാണിനീയവ്യാകരണത്തിന് എല്ലാതരത്തിലും പോഷകമായിരുന്നു.

*ഈ വാർത്തികങ്ങൾ സ്വതന്ത്രകൃതിയെന്ന നിലയിൽ ഇന്നു ലഭ്യമല്ല.

*കാത്യായനവാർത്തികങ്ങളെ ആശ്രയിച്ചാണ് പതഞ്ജലി മഹാഭാഷ്യരചന നടത്തിയത്.

*കൃത്യമായി എത്ര വാർത്തികങ്ങളുന്നെു പറയാൻ കഴിയില്ലെങ്കിലും ഏകദേശം 250 സൂത്രങ്ങളുടെ ദോഷങ്ങളെ കാണിക്കുകയും, 240 സൂത്രങ്ങളിൽ ചില അംശങ്ങൾ കൂട്ടുകയും കുറയ്ക്കുകയും, 10ഓളം സൂത്രങ്ങൾ അനാവശ്യമെന്നു ക് പ്രത്യാഖ്യാനം ചെയ്യുകയും 700ഓളം സൂത്രങ്ങൾ ദോഷം പറയാതെ വാർത്തികങ്ങളിലൂടെ വ്യാഖ്യാനിക്കുകയും ചെയ്തതായി മനസ്സിലാക്കാം.

**മറ്റു കൃതികൾ**

*വാരരുചം കാവ്യം/സ്വർഗ്ഗാരോഹണകാവ്യം എന്ന പേരിലൊരു കാവ്യം കാത്യായനൻ രചിച്ചതായി കരുതുന്നു.

*ഈ കാവ്യത്തെക്കുറിച്ചുള്ള പരാമർശം മഹാഭാഷ്യത്തിൽ കാണാം -

यत्तेन कृतं न च तेन प्रोक्तं वाररुचं काव्यं जलूकाः श्लोकाः।

*ഭ്രാജസംജ്ഞകശ്ലോകങ്ങൾ - ഇതിനെക്കുറിച്ചും മഹാഭാഷ്യത്തിൽ പരാമർശിക്കുന്നു്.

*കൈയടൻ തുടങ്ങിയ ആചാര്യന്മാർ ഈ ശ്ലോകങ്ങൾ രചിച്ചത് കാത്യായനനാണെന്നു കരുതുന്നു.

**ഭാഷ്യകാരനായ പതഞ്ജലി**

*भाष्यते विवृततया वर्ण्यते इति भाष्यम्। സൂത്രവിവരണഗ്രന്ഥം എന്നു സാമാന്യാർത്ഥം.

*വിഷ്ണുധർമ്മോത്തരപുരാണത്തിൽ ഭാഷ്യലക്ഷണം ഇപ്രകാരം പറയുന്നു -

सूत्रार्थो वर्ण्यते यत्र वाक्यैः सूत्रानुसारिभिः।
स्वपदानि च वर्ण्यन्ते भाष्यं भाष्यविदो विदुः।।

*സൂത്രാർത്ഥങ്ങളും അവയുടെ വാർത്തികങ്ങളും വ്യാഖ്യാനിക്കുകയും സ്വന്തം മതം വർണ്ണിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് ഭാഷ്യം.

*പ്രാചീനഗ്രന്ഥങ്ങളിൽനിന്ന് പതഞ്ജലി, ഗോനർദീയൻ, ഗോണികാപുത്രൻ, നാഗനാഥൻ, അഹിപതി, ഫണിഭൃത്, ശേഷരാജൻ, ചൂർണികാരൻ, പദകാരൻ എന്നിങ്ങനെ പലപേരുകളിലറിയപ്പെടുന്നതായി മനസ്സിലാക്കാം.

*പതഞ്ജലിയുടെ കാലം ഏ. ഡി. രാം നൂറ്റാണ്ടാണെന്ന് കരുതുന്നു.

*അദ്ദേഹത്തിന്റെ ജന്മഭൂമി കാശ്മീരമാണെന്നും, പാടലീപുത്രമാണെന്നും വിഭിന്നാഭിപ്രായങ്ങളു്.

**മഹാഭാഷ്യം**

*പതഞ്ജലിവിരചിതമായ മഹാഭാഷ്യത്തിൽ 85 ആഹ്നികങ്ങളു്.

*പാണിനിയുടെ 1700 സൂത്രങ്ങളാണ് പ്രസ്തുതഗ്രന്ഥത്തിൽ പതഞ്ജലി വ്യാഖ്യാനിക്കുന്നത്.

*പാണിനിയുടെ സൂത്രങ്ങൾക്ക് കാത്യായനൻ രചിച്ച വാർത്തികങ്ങളും മഹാഭാഷ്യത്തിൽ വ്യാഖ്യാനിക്കുന്നു.

*यथोत्तरं मुनीनां प्रामाण्यम् എന്ന സൂക്തിയിൽനിന്നും മുനിത്രയത്തിൽ ഉത്തരോത്തരം വരുന്ന മുനികൾക്കാണ് പ്രാധാന്യമെന്നും, അപ്പോൾ ഏറ്റവും പ്രാധാന്യം പതഞ്ജലിക്കാണെന്നും മനസ്സിലാക്കാം.

*ഈ വാക്യത്തിന് ഏറ്റവും നല്ല പ്രമാണമാണ് മഹാഭാഷ്യം.

*പൗരസ്ത്യരും പാശ്ചാത്യരുമായിട്ടുള്ള എല്ലാ വൈയാകരണന്മാരും പതഞ്ജലിയെ സാദരം നമിക്കുന്നു.

*ഭർത്തൃഹരി തന്റെ വാക്യപദീയത്തിൽ ഇപ്രകാരം പ്രശംസിക്കുന്നു-

कृतेऽथ पतञ्जलिना गुरुणा तीर्थदर्शिना।
सर्वेषां न्यायबीजानां महाभाष्ये निबन्धने।।

*മഹാഭാഷ്യത്തെ അധികരിച്ച് പണ്ഡിതന്മാരുദ്ഘോഷിക്കുന്നു -

महाभाष्यं वा पठनीयं महाराज्यं वा पालनीयम्।

*അതിവിസ്തൃതവും അത്യഗാധവുമായ പാതഞ്ജലമഹാഭാഷ്യം വ്യാകരണാദ്ധ്യയനത്തിന്റെ അന്തിമഘട്ടത്തിലാണ് പഠനവിഷയമാക്കുന്നത്.

മുനിത്രയവ്യാകരണം അദ്ധ്യയനം ചെയ്യാൻ പ്രയാസം.

അതുകൊ് പഠനഗ്രന്ഥങ്ങൾ ഇന്നു പഠിപ്പിക്കുന്നു.

പാണിനീയസൂത്രങ്ങളെ രു രീതിയിൽ വ്യാഖ്യാനിക്കുന്നു.

1. അതേരീതിയിൽ, അതേക്രമത്തിൽ - ഇത് കാശികാരീതി എന്നറിയപ്പെടുന്നു.

2. പ്രക്രിയാസൗകര്യത്തിനുവേി പുതിയ രീതിയിൽ ക്രമീകരിച്ച് സംജ്ഞ, സന്ധി, സുബന്തം എന്നീ രീതിയിൽ വ്യാഖ്യാനിക്കുന്നു / വിഷയഭേദമനുസരിച്ച് വ്യാഖ്യാനിക്കുന്നു. - പ്രക്രിയാരീതി.

**കാശികാരീതി**

* കാശികാരീതിയിലുള്ള പ്രധാനഗ്രന്ഥമാണ് *കാശികാവൃത്തി.*

* ജയാദിത്യൻ, വാമനൻ എന്നിവർ ചേർന്നെഴുതിയത്.

* 8 അദ്ധ്യായങ്ങൾ. ആദ്യത്തെ 5 അദ്ധ്യായങ്ങൾ ജയാദിത്യൻ. അവസാനത്തെ മൂന്നദ്ധ്യായങ്ങൾ വാമനൻ.

* ഇവർ എ. ഡി. 6-7 നൂറ്റാുകൾക്കിടയിൽ ജീവിച്ചിരുന്നു.

**കാശികാവൃത്തി**

* മികച്ചത്, മഹത്ത്വപൂർണ്ണമായത്.

* മഹാഭാഷ്യത്തിനു പകരം പ്രാചീനവൃത്തികളെ പ്രമാണമായി സ്വീകരിച്ചു.

* പതിനേഴാം നൂറ്റാിൽ സിദ്ധാന്തകൗമുദിയും അതിന്റെ വ്യാഖ്യാനങ്ങളായ പ്രൗഢമനോരമയും ശബ്ദേന്ദുശേഖരവും വരുന്നതുവരെ ഇന്ത്യയിൽ പാഠപുസ്തകരൂപത്തിൽ പ്രചുരപ്രചാരം നേടി.

* കാശിയിൽ വെച്ചെഴുതി.

* കാശിയിൽ വെച്ചെഴുതിയതുകൊാണ് ഇതിന് കാശികാവൃത്തി എന്ന പേരുവന്നതെന്ന് ഹരദത്തൻ.

काशिकादेशतोऽभिधानं काशीषु भवा।

**കാശികാവൃത്തിവ്യാഖ്യാനങ്ങൾ**

1. *കാശികാവിവരണപഞ്ജികാ/കാശികാന്യാസം.*

* എഴുതിയത് ജിനേന്ദ്രബുദ്ധി.

* എ. ഡി. എട്ടാം നൂറ്റാിൽ ജീവിച്ചിരുന്നു.

* ബുദ്ധമതാനുയായി.

2. *പദമഞ്ജരി* - ഹരദത്തൻ/ വീരദത്തൻ

* പിതാവ് - പദ്മകുമാരൻ.

* സഹോദരൻ - അഗ്നികുമാരൻ

* കാലഘട്ടം - എ. ഡി. ഒമ്പതാം നൂറ്റ്

പദമഞ്ജരിക്ക് മഹാഭാഷ്യത്തോടുള്ള കടപ്പാട് വ്യക്തമാക്കുന്ന ശ്ലോകം -

अनधीते महाभाष्ये मञ्जर्या किं प्रयोजनम्।

अधीते तु महाभाष्ये मञ्जर्या किं प्रयोजनम्।। इति।

3. *വൃത്തിപ്രദീപം* - രാമദേവൻ / രാമമിശ്രൻ.

* ഇത് ഹരദത്തന്റെ പദമഞ്ജരിയുടെ വ്യാഖ്യാനമാണെന്നും പറയപ്പെടുന്നു.

* ഇതിന്റെ താളിയോലകൾ തിരുവനന്തപുരം, മദ്രാസ്, തഞ്ചാവൂർ എന്നിവിടങ്ങളിൽനിന്നു കണ്ടെടുത്തു.

4. *അനുന്യാസം* - ഇന്ദുമിത്രൻ.

5. *മഹാന്യാസം* - അജ്ഞാതകർത്തൃകം.

6. *പ്രക്രിയാമഞ്ജരി* - വിദ്യാസാഗരമുനി.

7. *വൃത്തിരത്നം* - അജ്ഞാതകർത്തൃകം.

**കാശികാന്യാസവ്യാഖ്യാനങ്ങൾ**

1. തന്ത്രപ്രദീപം - മൈത്രേയരക്ഷിതൻ.

2. പേരിടാത്ത വ്യാഖ്യാനം - രത്നമതി.

3. ന്യാസോദ്യോതം - മല്ലിനാഥൻ.

4. ന്യായപ്രകാശം - നരപതിമഹാമിശ്രൻ

**പദമഞ്ജരിവ്യാഖ്യാനങ്ങൾ**

1. മഞ്ജരീമകരന്ദം -രംഗനാഥയജ്വാവ്.

2. കുങ്കുമവികാസം - ശിവഭട്ടൻ.

व्याख्यानलक्षणम्।

पदच्छेदं पदार्थोक्तिर्विग्रहं वाक्ययोजना।

पूर्वपक्षसमाधानं व्याख्यानं पञ्चलक्षणम्।।

ഇതിന് വൃത്തി എന്നും പേര്.

**മഹാഭാഷ്യവ്യാഖ്യാനം**

1. പ്രദീപം - കൈയടൻ

* എ. ഡി. 10/11 നൂറ്റ്

* മഹാഭാഷ്യത്തിൽ പ്രദീപവ്യാഖ്യാനത്തിന്റെ ആരംഭത്തിൽ

इत्युपाध्यायजैयटपुत्रकैयटकृते महाभाष्यप्रदीपे।

എന്നുകാണുന്നു. ഇതിൽനിന്ന് കൈയടന്റെ പിതാവ് ജൈയടോപാദ്ധ്യായൻ ആണെന്നു മനസ്സിലാക്കാം.

* സഹോദരൻ - മമ്മടൻ (കാവ്യപ്രകാശകർത്താവ്)

* ഗുരു - മഹേശ്വരൻ

* ശിഷ്യൻ - ഉദ്യോതകാരൻ

* ദേശം - കാശ്മീരം

കൈയടന്റെ *പ്രദീപ*ത്തിന് നാഗേശഭട്ടനെഴുതിയ വ്യാഖ്യാനം *മഹാഭാഷ്യപ്രദീപോദ്യോതം.*

**പ്രക്രിയാരീതി**

I. പ്രക്രിയാരീതിയിലെ ഏറ്റവും പഴക്കംചെന്ന ഗ്രന്ഥം *രൂപാവതാരം* - ധർമ്മകീർത്തി.

* രൂപാവതാരത്തിന് രു ഭാഗങ്ങൾ - പൂർവ്വഭാഗം, ഉത്തരഭാഗം.

* പൂർവ്വഭാഗം – സംജ്ഞാവതാരം, സംഹിതാവതാരം, വിഭക്ത്യവതാരം, അവ്യയാവതാരം, സ്ത്രീപ്രത്യയകാരകാവതാരം, സമാസാവതാരം, തദ്ധിതാവതാരം എന്നീ വിഷയങ്ങൾ.

* ഉത്തരഭാഗം – ധാതുപ്രത്യയപഞ്ജിക.

**ധർമ്മകീർത്തി**

* കാലഘട്ടം – എ. ഡി. പതിനൊന്നാം നൂറ്റാിന്റെ അവസാനദശകങ്ങൾ

* സിംഹളദേശീയൻ

* ബൗദ്ധപണ്ഡിതൻ.

* രൂപാവതാരത്തിന് കേരളത്തിൽ പ്രചുരപ്രചാരം

**വ്യാഖ്യാനങ്ങൾ**

1. നീവീ – ശങ്കരരാമൻ /ശങ്കരപാരശവൻ / ശങ്കരവാര്യർ.
2. ധാതുപ്രത്യയപഞ്ജികടീകാ – അജ്ഞാതകർത്തൃകം
3. രൂപാവതാരടീകാ – അജ്ഞാതകർത്തൃകം
4. രൂപാവതാരവ്യാഖ്യാനം – അജ്ഞാതകർത്തൃകം.

II. **പ്രക്രിയാരത്നം – അജ്ഞാതകർത്തൃകം**

III. **രൂപമാല – വിമലസരസ്വതി**

* കാലഘട്ടം – എ. ഡി. പതിന്നാലാം നൂറ്റാ്.

* പ്രക്രിയാകൗമുദീ, സിദ്ധാന്തകൗമുദീ എന്നിവയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കി.

* വിഷയക്രമം – സംജ്ഞാമാല, സ്വരസന്ധി, പ്രകൃതിഭാവം, വ്യഞ്ജനസന്ധി, വിസർഗ്ഗസന്ധി, അജന്തമാല, ഹലന്തമാല, സർവ്വനാമമാല, സംഖ്യാഭാഗം, കൃത് പ്രത്യയങ്ങൾ, തദ്ധിതങ്ങൾ, സമാസങ്ങൾ.

IV. പ്രക്രിയാകൗമുദി – രാമചന്ദ്രൻ/ രാമചന്ദ്രദീക്ഷിതർ

* കാശികാവൃത്തിപോലെ/ അതിനേക്കാളധികം പ്രചാരം കേരളത്തിൽ.

* എ. ഡി. പതിനഞ്ചാം നൂറ്റാിൽ രചിച്ചു.

* രൂപാവതാരത്തേക്കാൾ വിസ്തൃതം.

* വിഷയപ്രതിപാദനം വളരെ ലളിതം.

* രാമചന്ദ്രദീക്ഷിതരുടെ അച്ഛൻ – കൃഷ്ണാചാര്യൻ.

* പുത്രൻ – നൃസിംഹൻ.

പ്രക്രിയാകൗമുദി

* രുഭാഗങ്ങൾ – പൂർവ്വാർദ്ധം, ഉത്തരാർദ്ധം.

* പൂർവ്വാർദ്ധം – സംജ്ഞ, സന്ധി സ്വാദിപ്രക്രിയ, അവ്യയങ്ങൾ, സ്ത്രീപ്രത്യയങ്ങൾ, വിഭക്ത്യർത്ഥങ്ങൾ, സമാസങ്ങൾ, തദ്ധിതങ്ങൾ.

* ഉത്തരാർദ്ധം – ഭൂധാതു, പരസ്മൈപദികൾ, ആത്മനേപദികൾ, സ്വാദിഗണം...

**പ്രക്രിയാകൗമുദിവ്യാഖ്യാനങ്ങൾ**

1. പ്രക്രിയാപ്രകാശം - ശേഷകൃഷ്ണൻ

* രാമചന്ദ്രശിഷ്യൻ ജ്യേഷ്ഠപുത്രൻ.
* പത്രപുഞ്ജരാജാവായ കല്യാണന്റെ നിർദ്ദേശമനുസരിച്ച് പ്രക്രിയാപ്രകാശം രചിച്ചു.
* കാലഘട്ടം - എ. ഡി. പതിനാറാം നൂറ്റാിന്റെ തുടക്കം.
* പാഠപുസ്തകരൂപത്തിലുപയോഗിച്ചിരുന്നു.

**2. പ്രക്രിയാപ്രസാദം - വിട്ഠലൻ**

* രാമചന്ദ്രന്റെ പൗത്രൻ
* കാലഘട്ടം എ. ഡി. പതിനാറാംനൂറ്റാിന്റെ തുടക്കം.
* സരളമായ വ്യാഖ്യാനം.

3. പ്രക്രിയാപ്രദീപം - ചക്രപാണിദത്തൻ.
4. അമൃതസൃതി - വാരണവനേശൻ.
5. പ്രക്രിയാവ്യാകൃതി - വിശ്വകർമ്മശാസ്ത്രി.
6. വ്യാഖ്യാനം - നൃസിംഹൻ.
7. നിർമ്മലദർപ്പണം - അജ്ഞാതകർത്തൃകം.
8. തത്ത്വചന്ദ്രം - ജയന്തൻ.
9. പ്രക്രിയാരഞ്ജനം - വിദ്യാനാഥദീക്ഷിതൻ.
10. വിവരണം - വരദരാജൻ
11. പ്രക്രിയാസാരം - കാശിനാഥൻ.

V. സിദ്ധാന്തകൗമുദി - ഭട്ടോജിദീക്ഷിതർ

* എ. ഡി. പതിനാറാം നൂറ്റാിന്റെ അവസാനം - പതിനേഴാം നൂറ്റാിന്റെ ആദ്യം.
* പ്രക്രിയാകൗമുദിയുടെ ചുവടുപിടിച്ചെഴുതിയ ഗ്രന്ഥം.
* ഭട്ടോജിദീക്ഷിതർ, വൈയാകരണന്മാരിൽ പ്രഥമഗണനീയൻ.
* ദാക്ഷിണാത്യബ്രാഹ്മണൻ/മഹാരാഷ്ട്ര ബ്രാഹ്മണൻ.
* അച്ഛൻ - ലക്ഷ്മീധരൻ
* സഹോദരൻ - രംഗോജിദീക്ഷിതർ.
* പുത്രൻ - ഭാനുദീക്ഷിതർ/വീരേന്ദ്രദീക്ഷിതർ.
* ഗുരു - ശേഷകൃഷ്ണൻ (പ്രക്രിയാപ്രകാശകർത്താവ്)

സിദ്ധാന്തകൗമുദി

* രു ഭാഗങ്ങൾ - പൂർവ്വാർദ്ധം, ഉത്തരാർദ്ധം.
* പൂർവ്വാർദ്ധം - സംജ്ഞ, പരിഭാഷ, സന്ധിപ്രകരണം, സുബന്തപ്രകരണം, അവ്യയങ്ങൾ, സ്ത്രീപ്രത്യയങ്ങൾ, തദ്ധിതപ്രകരണം.
* ഉത്തരാർദ്ധം - തിങന്തപ്രകരണം, ണ്യന്ത-സനന്ത-യങന്ത-യങ് ലുഗന്താദി പ്രക്രിയകൾ... സ്വരസഞ്ചാരപ്രകാരം.

* ഇവകൂടാതെ ലിംഗാനുശാസനം ഇതിൽ ഉൾക്കൊള്ളിച്ചു – അതിൽ 5 അധികാരങ്ങളും 188 സൂത്രങ്ങളും.

* വാർത്തികങ്ങൾ, ഭാഷ്യം, കാശികാവൃത്തി മുതലായ പ്രാമാണികഗ്രന്ഥങ്ങളിലുള്ള കാര്യങ്ങൾ എടുത്തു പറയുന്നു.

* മുനിത്രയപ്രാമാണ്യത്തിൽ ഉറച്ചുനില്ക്കുന്നു.

* വ്യാകരണാധ്യയനത്തിനുള്ള പ്രധാനപുസ്തകം.

* ഇതോടെ മഹാഭാഷ്യം, കാശികാവൃത്തി എന്നിവയുടെ പ്രാധാന്യം കുറഞ്ഞു.

कौमुदी यद्यकण्ठस्था वृथा भाष्ये परिश्रमः।

कौमुदी यदि कण्ठस्था वृथा भाष्ये परिश्रमः।।

ഇത് സിദ്ധാന്തകൗമുദിയുടെ മഹത്ത്വം വെളിപ്പെടുത്തുന്നു.

* ഭട്ടോജിദീക്ഷിതരുടെ മറ്റൊരു പ്രധാനകൃതി – ശബ്ദകൗസ്തുഭം (പാണിനീയസൂത്രങ്ങളെ അതേപടി വ്യാഖ്യാനിക്കുന്ന ഗ്രന്ഥം.

* ഇതിന്റെ ആദ്യത്തെ നാലദ്ധ്യായങ്ങളെ (മൂന്നാമദ്ധ്യായം പകുതി) ഇന്നു ലഭ്യമായുള്ളു.

* കൗമുദിയുടെ ഉത്തരാർദ്ധത്തിന്റെ ഒടുവിൽ ഇങ്ങനെ എഴുതിയിരിക്കുന്നു –

इत्थं लौकिकशब्दानां दिङ्मात्रमिह दर्शितम्।

विस्तारस्तु यथाशास्त्रं दर्शितः शब्दकौस्तुभे।।

* ലൗകികശബ്ദങ്ങളുടെ വിസ്തരിച്ചുള്ള അന്വാഖ്യാനമാണ് ശബ്ദകൗസ്തുഭത്തിലെ പ്രതിപാദ്യം.

**ശബ്ദകൗസ്തുഭവ്യാഖ്യാനങ്ങൾ**

1. വിഷമപാദി – നാഗേശഭട്ടൻ.
2. പ്രഭ – വൈദ്യനാഥപായുഗുണ്ഡൻ.
3. ഉദ്യോതം – വിദ്യാനാഥശുക്ല.
4. ഭാവപ്രദീപം – കൃഷ്ണമിത്രൻ.
5. ശബ്ദകൗസ്തുഭഭൂഷണം – ഭാസ്കരദീക്ഷിതൻ.

* ദിങ്മാത്രദർശിതമായ സിദ്ധാന്തകൗമുദി ശബ്ദകൗസ്തുഭത്തെ പിന്തള്ളി വ്യാകരണം പഠിക്കാനുള്ള ഗ്രന്ഥമായിത്തീർന്നു.

* സിദ്ധാന്തകൗമുദിയുടെ വ്യാഖ്യാനങ്ങൾ (പ്രധാനപ്പെട്ടവ)

1. പ്രൗഢമനോരമ – ഭട്ടോജിദീക്ഷിതർ
2. തത്ത്വബോധിനി – ജ്ഞാനേന്ദ്രസരസ്വതി.
3. ബാലമനോരമാ – വാസുദേവദീക്ഷിതർ
4. ശബ്ദേന്ദുശേഖരം – നാഗേശഭട്ടൻ.

* മറ്റുള്ളവ

5. സുഖബോധിനി – നീലകണ്ഠവാജപേയി.
6. തത്ത്വദീപിക – രാമാനന്ദൻ.
7. രത്നാകരം – രാമകൃഷ്ണഭട്ട്.

8. പൂർണ്ണിമാ – രംഗനാഥയജ്വാവ്.

9. രത്നാർണ്ണവം – കൃഷ്ണമിത്രൻ.

10. സുമനോരമ – തിരുമല ദ്വാദശാഹയാജി.

11. പ്രകാശം – തോപ്പലദീക്ഷിതർ.

12. ലഘുമനോരമ – അജ്ഞാതകർത്തൃകം.

13. ശബ്ദസാഗരം – അജ്ഞാതകർത്തൃകം.

14. ശബ്ദരസാർണ്ണവം – അജ്ഞാതകർത്തൃകം.

15. സുധാഞ്ജനം – അജ്ഞാതകർത്തൃകം.

16. വിലാസം – ലക്ഷ്മീനൃസിംഹൻ.

17. ഫക്കികാപ്രകാശം – ഇന്ദ്രദത്തോപാദ്ധ്യായ.

18. ബാലബോധം – സാരസ്വതവ്യൂഢമിശ്ര.

19. മാനസരഞ്ജിനി – വല്ലഭൻ.

20. സുബോധിനി – ജയകൃഷ്ണൻ.

21. ലിംഗാനുശാസനവിവരണം – ഭൈരവമിശ്രൻ.

* **പ്രൗഢമനോരമയുടെ വ്യാഖ്യാനങ്ങൾ**

1. ലഘുശബ്ദരത്നം – ഹരിദീക്ഷിതർ (ഭട്ടോജിദീക്ഷിതരുടെ പൗത്രൻ)

2. ബൃഹച്ഛബ്ദരത്നം – ഹരിദീക്ഷിതർ ( „ )

3. പ്രൗഢമനോരമാഖണ്ഡനം – ശേഷവീരേശ്വരപുത്രൻ

4. പരമതഖണ്ഡനം – ചക്രപാണിദത്തൻ.

5. മനോരമാകുചമർദ്ദനം – ജഗന്നാഥപണ്ഡിതൻ.

* **ഭട്ടോജിദീക്ഷിതരുടെ മറ്റുഗ്രന്ഥങ്ങൾ**

1. വൈയാകരണഭൂഷണകാരിക – വ്യാകരണം

2. തത്ത്വകൗസ്തുഭം – അദ്വൈതം.

3. ത്രിസ്ഥലീസേതു.

4. പ്രവരനിർണ്ണയം.

5. കാലനിർണ്ണയം.

VI. **ലഘുസിദ്ധാന്തകൗമുദി – വരദരാജൻ**

* ദാക്ഷിണാത്യൻ

* പിതാവ് – ദുർഗ്ഗാതനയൻ

* ഗുരു – ഭട്ടോജിദീക്ഷിതർ

* സിദ്ധാന്തകൗമുദി പൂർണ്ണമായി പഠിക്കാൻ പറ്റാത്തവർക്കുവേ എഴുതിയ ഗ്രന്ഥങ്ങളാണ് മദ്ധ്യസിദ്ധാന്തകൗമുദിയും ലഘുസിദ്ധാന്തകൗമുദിയും.

* ഇതിൽ പ്രധാനം ലഘുസിദ്ധാന്തകൗമുദി.

VII. **നാഗേശഭട്ടൻ**

* കാലഘട്ടം - പതിനെട്ടാം നൂറ്റ്.

* ജന്മദേശം - മഹാരാഷ്ട്ര

* വിദ്യാഭ്യാസം - കാശിയിൽ

* അച്ഛൻ - ശിവഭട്ടൻ.

* അമ്മ - സതീദേവി.

**കൃതികൾ**

1. വൈയാകരണസിദ്ധാന്തമഞ്ജൂഷാ - വൈയാകരണസമ്മതമായ ദാർശനികഗ്രന്ഥം. ഇതിന്റെ സംക്ഷിപ്തരൂപങ്ങളായി രണ്ടെണ്ണം.

2 ലഘുമഞ്ജൂഷാ,

3. പരമലഘുമഞ്ജൂഷാ.

4. ശബ്ദേന്ദുശേഖരം - സിദ്ധാന്തകൗമുദിയുടെ പ്രധാനവ്യാഖ്യാനം.

ഇതിന്റെ സംക്ഷിപ്തരൂപങ്ങളായി

5. ലഘുശബ്ദേന്ദുശേഖരം,

6. ബൃഹച്ഛബ്ദേന്ദുശേഖരം.

7. പരിഭാഷേന്ദുശേഖരം

8. സ്ഫോടവാദം.

15. അലങ്കാരശാസ്ത്രം.

* പരിഭാഷ - പാണിനീയസൂത്രങ്ങളുടെ അർത്ഥബോധത്തിനുപകരിക്കുന്ന നിയമങ്ങൾ.

* ഏറ്റവും പഴയ പരിഭാഷാഗ്രന്ഥം - വ്യാഡിയുടെ പരിഭാഷാസൂചനം.

* ഇന്നു പ്രമാണമായംഗീകരിക്കുന്നത് പരിഭാഷേന്ദുശേഖരം.

* മക്കളില്ലാതിരുന്ന നാഗേശഭട്ടൻ ശബ്ദേന്ദുശേഖരത്തേയും മഞ്ജൂഷയേയും മക്കളായി കണക്കാക്കി.

शब्देन्दुशेखरः पुत्रो
मञ्जूषा नाम कन्यका।।

വൈയാകരണസിദ്ധാന്തമഞ്ജൂഷയുടെ വ്യാഖ്യാനങ്ങൾ

1. കല - വൈദ്യനാഥപായുഗുണ്ഡൻ.

2. കുഞ്ജികാ - ദുർബ്ബലാചാര്യൻ.

VIII. മേല്പുത്തൂർ നാരായണഭട്ടൻ/ഭട്ടതിരി

* കാലഘട്ടം - 16-17 നൂറ്റ്.

* തന്റെ വിവരങ്ങൾ സ്വകൃതിയായ പ്രക്രിയാസർവ്വസ്വത്തിൽ വിവരിക്കുന്നു 'ഭൂഖണ്ഡേ കേരളാഖ്യേ....' എന്ന ശ്ലോകത്തിലൂടെ.

* ഭവനം - നിളാ (ഭാരതപ്പുഴ) നദിയുടെ വടക്ക് നാവാമുകുന്ദക്ഷേത്രത്തിൽനിന്നും മൂന്നര നാഴിക അകലെ മേല്പുത്തൂരില്ലത്ത്.

* അച്ഛൻ - മാതൃദത്തൻ

* അമ്മ - പയ്യൂർ ഭട്ടന്മാരുടെ സഹോദരി.

* ജ്യേഷ്ഠൻ - ദാമോദരൻ.

* അനുജൻ - മാതൃദത്തൻ (ബ്രഹ്മദത്തൻ എന്ന് ഉള്ളൂർ) (ഭക്തിസംവർദ്ധനശതകത്തിന്റെ കർത്താവ്)

* ഗുരു - തൃക്കിയൂർ അച്യുതപിഷാരോടി. (പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞൻ. ഭ്രമരസന്ദേശത്തിൽ വാസുദേവൻ സ്മരിക്കുന്നു്.)

* ഭാര്യ - അച്യുതപിഷാരോടിയുടെ മരുമകൾ.

പഠനം/ഗുരുക്കന്മാർ

* മീമാംസ - മാതൃദത്തൻ (അച്ഛൻ)

* വൈദികസാഹിത്യം -മാധവാചാര്യൻ.

* തർക്കം - ദാമോദരൻ (ജ്യേഷ്ഠൻ)

* കാവ്യം, വ്യാകരണം - തൃക്കിയൂർ അച്യുതപിഷാരോടി.

* നെടുമ്പൊയിൽ കൃഷ്ണനാശാൻ (പതിനെട്ടാം നൂറ്റ്) തന്റെ 'ആറന്മുളവിലാസം ഹംസപാട്ടി'ൽ മേല്പുത്തൂരിന്റെ ജനനമരണങ്ങൾ ആദ്യമായി രേഖപ്പെടുത്തി -

അമ്പത്തിമൂന്നു വയസ്സിരട്ടിയിരുന്നുള്ള-

മേല്പുത്തൂർ പട്ടേരിക്കും ഗുരുവായുള്ള ദേഹം.

* ഇതുപ്രകാരം മേല്പുത്തൂർ 106 വയസ്സുവരെ ജീവിച്ചിരുന്നിരിക്കണം - 1560-1666.

* എന്നാൽ ഉള്ളൂർ, വടക്കുംകൂർ എന്നിവർ അമ്പത്തിമൂന്ന് എന്നല്ല നാല്പത്തിമൂന്ന് എന്നാണ് ശരിയായതെന്നു പറയുന്നു - 1560-1646.

* 1560-1666 കാലഘട്ടത്തെ കൃഷ്ണമാചാര്യരെ പോലുള്ള പണ്ഡിതന്മാർ അനുകൂലിക്കുന്നു.

**മേല്പുത്തൂരിന്റെ വ്യാകരണകൃതികൾ**

1. ധാതുകാവ്യം.

* പെരുമനംകാരനായ വാസുദേവകവിയുടെ 7 സർഗ്ഗങ്ങളുള്ള 'വാസുദേവവിജയം' എന്ന വ്യാകരണകാവ്യത്തിന്റെ തുടർച്ചയായ കഥ.

* 3 സർഗ്ഗങ്ങൾ, 248 /243 ശ്ലോകങ്ങൾ.

* 10 ഗണങ്ങളിലേയും (ഭാദി-അദാദി-ജുഹോത്യാദി-സ്വാദി-ദിവാദി-തുദാദി-രുധാദി-തനാദി-(ക്യാദി-ചുരാദി) 1948 ധാതുക്കളെ വിവരിക്കുന്നു.

* ശ്രീമദ്ഭാഗവതകഥ.

* അക്രൂരന്റെ അമ്പാടിയാത്ര മുതൽ കംസവധം വരെ.

* ശ്രീകൃഷ്ണന്റെ മൂന്നു ദിവസത്തെ ലീലകൾ.

**വ്യാഖ്യാനങ്ങൾ**

1. കൃഷ്ണാർപ്പണം

* മേല്പുത്തൂരിന്റെ പ്രധാനശിഷ്യൻ കർത്താവ്.

* ധാതുകാവ്യം മുഴുവനായും വ്യാഖ്യാനിച്ചിരിക്കുന്നു.

2. വിവരണം

* രാമപാണിവാദൻ

* ഒന്നാം സർഗ്ഗം, രാം സർഗ്ഗത്തിലെ മൂന്നു പദ്യങ്ങൾ.

* പദാർത്ഥവിവരണം, വ്യാകരണകാര്യവിശേഷങ്ങൾ എന്നിവ വർണ്ണിക്കുന്നു.

**2. പ്രക്രിയാസർവ്വസ്വം**

* മേല്പുത്തൂരിന്റെ പ്രസിദ്ധമായ വ്യാകരണഗ്രന്ഥം.

* പ്രക്രിയാകൗമുദി, രൂപാവതാരം എന്നിവയുടെ പോരായ്മ പരിഹരിച്ച് ചെമ്പകശ്ശേരി/അമ്പലപ്പുഴ രാജാവായ ദേവനാരായണന്റെ ആജ്ഞയനുസരിച്ചെഴുതി.

* ഇതിൽ 1. സംജ്ഞാ 2. പരിഭാഷ 3. സന്ധി 4. കൃത് 5. തദ്ധിതൻ 6. സമാസം 7. സ്ത്രീ പ്രത്യയം 8. സുബർത്ഥം 9. സുപ് വിധി 10. ആത്മനേപദവിഭാഗം 11. തിങ് 12. ലകാരാർത്ഥം 13. സന്നന്തം 14. യങ് 15. യങ് ലുഗന്തം 16. സുബ്ധാതു 17. ന്യായഃ 18. ധാതു 19. ഉണാദി 20. ഛാന്ദസം എന്നിങ്ങനെ 20 ഖണ്ഡങ്ങൾ വേണമെന്ന് ദേവനാരായണൻ കല്പിച്ചു.

* പാണിനീയസൂത്രങ്ങളുടെ സ്വതന്ത്രവും സമഗ്രവുമായ വ്യാഖ്യാനം.

* വ്യാഖ്യാനത്തിനിടയിൽ അനുഷ്ടുപ് വൃത്തങ്ങളിലുള്ള പദ്യങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

* കഴിവതും ശ്രീകൃഷ്ണസ്തുതിപരമായ ശ്ലോകങ്ങളാണ്.

* ത്രിമുനിവ്യാകരണത്തെ ആദരിച്ചതോടൊപ്പംതന്നെ മറ്റു വ്യാകരണങ്ങളും സാധുവാണെന്ന് കാണിച്ചു പ്രയോഗിച്ചു.

**പ്രക്രിയാസർവ്വസ്വത്തിന്റെ വ്യാഖ്യാനങ്ങൾ**

1. വ്യാഖ്യാനം - നീലകണ്ഠദീക്ഷിതർ (പതിനെട്ടാം നൂറ്റ്)

2. പ്രകാശിക - ദേശമംഗലം രുദ്രവാര്യർ (മനോരമത്തമ്പുരാട്ടിയുടെ ഗുരു) (തിരുവനന്തപുരം സംസ്കൃതസീരീസ് പ്രകാശനം ചെയ്തു).

3. കെ. സാംബശിവശാസ്ത്രിയുടെ വ്യാഖ്യാനം.

4. ആദ്യഭാഗങ്ങൾക്കുായ അജ്ഞാതകർത്തൃകമായ വ്യാഖ്യാനത്തിന്റെ താളിയോല. (ഗവ. മാനുസ്ക്രിപ്റ്റ് ലൈബ്രറി, മദ്രാസ്)

3. അപാണിനീയപ്രാമാണ്യസാധനം

* പ്രക്രിയാസർവ്വസ്വത്തിലെ മുനിത്രയാനുഗൃഹീതമല്ലാത്ത ധാരാളം പ്രയോഗങ്ങളെ പല പണ്ഡിതന്മാരും നിശിതമായി വിമർശിച്ചു.

* ത്രിമുനിവ്യാകരണം സാധു അല്ലാത്തത് അസാധു എന്നു വിശ്വസിക്കുന്നവരായിരുന്നു ഇവർ.

* ഇവരിൽ പ്രധാനിയായിരുന്നു ചോളദേശപണ്ഡിതനായ വൈനതേയൻ (എ. ഡി. 1632–1642 വരെ വിജയനഗരസാമ്രാജ്യം ഭരിച്ച വെങ്കടപതിരായന്റെ സദസ്യൻ - അണ്ണാശാസ്ത്രി. ശാസ്ത്രിയുടെ പുത്രൻ അപ്പാകവി എന്ന പെരിയശാസ്ത്രി. പെരിയശാസ്ത്രിയുടെ സഹോദരൻ വൈനതേയൻ.

പെരിയശാസ്ത്രിക്ക് വൈനതേയൻ എന്ന പേരിൽ ഒരു അമ്മാവനും ഉായിരുന്നു. ഇവരിലാരാണ് മേല്പുത്തൂരിനെ ഖണ്ഡിച്ച വൈനതേയൻ എന്നത് തർക്കവിഷയമാണ്).

* സുദർശനൻ എന്ന പണ്ഡിതൻ വൈനതേയനെ ഖണ്ഡിച്ച് മേല്പുത്തൂരിനെ അനുകൂലിച്ചു.

* ഇതിൽ തന്റെ നിലപാടു വ്യക്തമാക്കാൻ മേല്പുത്തൂർ അപാണിനീയപ്രാമാണ്യസാധനം രചിച്ചു.

* ഈ തർക്കത്തിൽ മദ്ധ്യസ്ഥത വഹിക്കാൻ മേല്പുത്തൂർ ക്ഷണിച്ചത് ചോളദേശത്തിലെ തന്നെ പണ്ഡിതന്മാരായ സോമേശ്വരദീക്ഷിതരേയും യജ്ഞേശ്വരദീക്ഷിതരേയുമായിരുന്നു.

* അപാണിനീയങ്ങളായ പ്രമാണങ്ങൾ നിരവധി ഉ്, അവയുടെനിർമ്മാതാക്കൾ ആപ്തന്മാരല്ലെന്ന് തെളിയിക്കാൻ പ്രമാണമില്ല. അതുകൊ് അപാണിനീയപ്രമാണങ്ങളും സാധുവാണ് എന്ന് ശക്തിയുക്തം വാദിക്കുന്ന കൃതി.

**മേല്പുത്തൂരിന്റെ പുരസ്കർത്താക്കൾ**

1. അമ്പലപ്പുഴരാജാവായ പൂരാടം തിരുനാൾ ചെമ്പകശ്ശേരി മഹാരാജാവ്.
2. കൊച്ചിരാജാവായ വീരകേരളവർമ്മ.
3. വടക്കുംകൂർ രാജാവായ ഗോദവർമ്മൻ.
4. കോഴിക്കോട് സാമൂതിരിയായ മാനവിക്രമൻ.

* ഇവരെ അധികരിച്ച് മേല്പുത്തൂർ എഴുതിയപ്രശസ്തികൾ യഥാക്രമം,

1. ദേവനാരായണപ്രശസ്തി.
2. വീരകേരളപ്രശസ്തി/മാടമഹീശപ്രശസ്തി/മാടമഹാരാജപ്രശസ്തി.

* കൊച്ചിനഗരത്തെ വർണ്ണിച്ചുകൊഴെുതിയ 'ഗോശ്രീനഗരവർണ്ണനം'.

3. ബിംബലീശപ്രശസ്തി.
4. മാനവിക്രമപ്രശസ്തി/ശൈലാബ്ധീശ്വരപ്രശസ്തി.

**കാവ്യങ്ങൾ/സ്തോത്രങ്ങൾ**

1. നാരായണീയം

* 100 ദശകങ്ങൾ 1036 ശ്ലോകങ്ങൾ

* ശ്രീമദ്ഭാഗവതകഥാസംഗ്രഹം

* പൂർത്തീകരിച്ചത് ആയുരാരോഗ്യസൗഖ്യം എന്ന കലിദിനസംഖ്യ വെച്ച് 1586 നവംബറിൽ 26-ാമത്തെ വയസ്സിൽ.

വ്യാഖ്യാനങ്ങൾ

1. ഭക്തപ്രിയ - ദേശമംഗലം രുദ്രവാര്യർ (വാസുദേവൻ എന്ന് ഉള്ളൂർ)
2. രസികപ്രിയാ - സഹൃദയതിലകൻ കെ. രാമപിഷാരോടി.
3. വനമാലാ - ഗുരുവായൂർ ദേവസ്വം ബോർഡ്.

വനമാലയെക്കൂടാതെ അമ്പതോളം മലയാളവ്യാഖ്യാനങ്ങൾ ഈ കൃതിക്കു്.

2. ശ്രീപാദസപ്തതി

* അവസാനകാലത്തെഴുതിയ കൃതി.

* ശാർദ്ദൂലവിക്രീഡിതം വൃത്തത്തിൽ 71 ശ്ലോകങ്ങൾ.

* മലബാറിലെ മൂക്കുതലഭഗവതിസ്തുതി. (മുക്തിസ്ഥലം)

3. കോടിവിരഹം/ശൃംഗാരകേതുചരിതം

* 107 ശ്ലോകങ്ങൾ

4. സൂക്തശ്ലോകങ്ങൾ - 7 (മുക്തകങ്ങൾ)

ശാസ്ത്രഗ്രന്ഥങ്ങൾ

1. മാനമേയോദയം

* മീമാംസാഗ്രന്ഥം.

* ഇതിലെ മാനഭാഗം മേല്പുത്തൂരും മേയഭാഗം വെള്ളാങ്ങല്ലൂർ നാരായണൻ നമ്പൂതിരിയും എഴുതി.

2. ആശ്വലായനക്രിയാക്രമം/ക്രിയാക്രമം

* ആശ്വലായനക്രിയാക്രമങ്ങളെ കുറിച്ച് വിവരിക്കുന്നു.

ചമ്പുക്കൾ/പ്രബന്ധങ്ങൾ

1. സാഹാസുധാകരം 2. മത്സ്യാവതാരം 3. അഷ്ടമീചമ്പു 4. രാജസൂയം 5. ദൂതവാക്യം (കൃഷ്ണ ദൂതം) 6. സുഭദ്രാഹരണം 7. പാഞ്ചാലീസ്വയംവരം 8. നിരനുനാസികം (ശൂർപ്പണഖാപ്രലാപം) 9. നൃഗമോക്ഷം 10. വാമനാവതാരം 11. അജാമിളമോക്ഷം 12. കുചേലവൃത്തം 13. സന്താനഗോപാലം 14. ദക്ഷയാഗം 15. കിരാതം 16. കൗന്തേയാഷ്ടകം 17. സുന്ദോപസുന്ദോപാഖ്യാനം 18. അഹല്യാമോക്ഷം 19. കൈലാസവർണ്ണനം 20. ത്രിപുരദഹനം.

**അപാണിനീയങ്ങളായ വ്യാകരണങ്ങൾ**

* പാണിനിക്കുമുമ്പുായിരുന്ന വൈയാകരണന്മാരെക്കുറിച്ച് നമുക്കു കിട്ടുന്ന ഒരു സൂചന ബോപദേവന്റെ താഴെപറയുന്ന ശ്ലോകമാണ്-

इन्द्रश्चान्द्रः काशकृत्स्नाऽपिशली शाकटायनः।

पाणिन्यमरजैनेन्द्राः जयन्त्यष्टौ च शाब्दिकाः।। എന്ന്.

* ഇവയ്ക്കുപുറമെ ഭോജന്റെ 'സരസ്വതീകണ്ഠാഭരണ'ത്തിലും ഭാസ്കരാചാര്യന്റെ 'ലീലാവതി'യിലും മറ്റ് എട്ടു വൈയാകരണന്മാരെ പരാമർശിക്കുന്നു്. 'രാമായണ'ത്തിന്റെ ഉത്തരകാണ്ഡത്തിൽ ഒമ്പതു വൈയാകരണന്മാരെക്കുറിച്ച് പറയുന്നു്. എന്നാൽ 'കാശികാവൃത്തി'യിൽ അഞ്ചുപേരെമാത്രമേ സ്മരിക്കുന്നുള്ളു. പാണിനിയുടെ 'അഷ്ടാദ്ധ്യായി'യിൽ ശാകല്യൻ, കാശ്യപൻ, ശാകടായനൻ, സേനകൻ എന്നീ ആചാര്യന്മാരുടെ പേരുകൾ പലവട്ടം ആവർത്തിക്കുന്നതായി കാണാം. മറ്റൊരിടത്ത് വേറെ പതിനാറ് ആചാര്യന്മാരേയും സ്മരിക്കുന്നു്. എന്നാൽ ഇതുവരെ പറഞ്ഞ എല്ലാവർക്കും പാണിനിയുടെ പൂർവ്വവർത്തിത്വം അവകാശപ്പെടാൻ സാദ്ധ്യമല്ല.

*		പാണിനിക്കു മുമ്പുായിരുന്ന വ്യാകരണങ്ങൾ ഇവിടെ പരാമർശിച്ചു. പാണിനിക്കു ശേഷവും പാണിനീയ വ്യാകരണഗ്രന്ഥങ്ങളോടൊപ്പം മറ്റു ചില വ്യാകരണഗ്രന്ഥങ്ങൾ നിലനിന്നിരുന്നതായി കാണാം.

**1. ചാന്ദ്രവ്യാകരണം**

*		ചാന്ദ്രവ്യാകരണത്തിന്റെ കർത്താവ് ചന്ദ്രഗോമിൻ ആണ്. കാലഘട്ടം എ. ഡി. 650. ആറ് അദ്ധ്യായങ്ങൾ. വൈദികവ്യാകരണത്തെ ഉപേക്ഷിച്ചിരിക്കുന്നു. ചില പ്രത്യാഹാരങ്ങളും സൂത്രങ്ങളും ഇതിൽ കാണുന്നില്ല. ഉണാദി, ലിംഗാനുശാസനം, ഗണപാഠം, ധാതുപാഠം എന്നിവ ചാന്ദ്രവ്യാകരണത്തിലുമുു്. പരിഭാഷകൾ കാണുന്നില്ല.

**2. ജൈനേന്ദ്രവ്യാകരണം**

*		ജൈനേന്ദ്രവ്യാകരണത്തിന്റെ കർത്താവ് ദേവനന്ദിയാണെന്നും അദ്ദേഹത്തിന്റെ കാലം എ. ഡി. അഞ്ചാം നൂറ്റാണ്ടാണെന്നും കരുതുന്നു. ഇതിന്റെ 3000 സൂത്രങ്ങളടങ്ങുന്ന ഒരു ഗ്രന്ഥം അഭയനന്ദിയും 3700 സൂത്രങ്ങളുള്ള മറ്റൊരു ഗ്രന്ഥം സോമദേവനും പ്രകാശിപ്പിച്ചിട്ടു്. 'വിഭാഷാ അന്യതരസ്യാം' മുതലായ പദങ്ങൾക്കു പകരം 'വാ' എന്ന പദം പ്രയോഗിക്കുക മുതലായ അക്ഷരങ്ങളെ ചുരുക്കാനുള്ള വിദ്യകൾ ഇതിലുു്. മാഹേശ്വരസൂത്രങ്ങളില്ല. പക്ഷെ പ്രത്യാഹാരങ്ങളുുതാനും. ഈ രീതിയിൽ വലിയ പുതുമയൊന്നും അവകാശപ്പെടാനില്ലാത്ത ഒന്നാണ് ജൈനേന്ദ്രവ്യാകരണം. ഇതിനെ വ്യത്യസ്തമായ രീതിയിൽ പ്രതിപാദിക്കുന്ന 'പഞ്ചവസ്തു' എന്ന ഗ്രന്ഥം പതിനൊന്നാം നൂറ്റാിൽ ജീവിച്ചിരുന്ന ശ്രുതകീർത്തിയുടേതാണെന്നു പറയപ്പെടുന്നു.

**3. ശാകടായനവ്യാകരണം**

*		ശാകടായനനെ പാണിനി പരാമർശിക്കുന്നുങ്കെിലും അദ്ദേഹത്തിന്റെ വ്യാകരണം ഇന്നു ലഭ്യമല്ല. എ. ഡി. 9-ാം നൂറ്റാിൽ ജീവിച്ചിരുന്ന മറ്റൊരു ശാകടായനന്റെ ഗ്രന്ഥമാണ് 'ശാകടായനശബ്ദാനുശാസനം' എന്ന പേരിൽ അറിയപ്പെടുന്നത്.

*		പാണിനീയത്തിൽനിന്ന് വലിയ പുതുമയൊന്നും അവകാശപ്പെടാൻ ശാകടായനത്തിന് കഴിവില്ല. പാണിനിയുടേയും കാത്യായനന്റേയും ചിലപ്പോൾ പതഞ്ജലിയുടെതന്നെയും അഭിപ്രായങ്ങളെ ചേർത്താണ് ശാകടായനന്റെ രചന. പരിഭാഷകളും, ഗണപാഠം, ധാതുപാഠം, ഉണാദി, ലിംഗാനുശാസനം മുതലായവയും ശാകടായനത്തിലുു്.

**4. ഹേമചന്ദ്രവ്യാകരണം**

*		ജൈനസന്ന്യാസിയായ ഹേമചന്ദ്രന്റെ പേരിൽ തന്നെയാണ് അദ്ദേഹത്തിന്റെ വ്യാകരണമറിയപ്പെടുന്നത്. അദ്ദേഹം എ. ഡി. 1088-ൽ ജനിച്ചതായി രേഖപ്പെടുത്തിയിട്ടു്.അഹമ്മദാബാദിലെ ധുന്ദുകയാണ് ജന്മദേശം. വാസ്തവത്തിലുള്ള പേര് ചന്ദ്രദേവൻ എന്നായിരുന്നു. ഹേമചന്ദ്രൻതന്നെ അദ്ദേഹത്തിന്റെ വ്യാകരണത്തിന് 'ശബ്ദാനുശാസനബൃഹദ്വൃത്തി' എന്ന വ്യാഖ്യാനം രചിച്ചിട്ടു്.

**5. കാതന്ത്രവ്യാകരണം**

*		എളുപ്പത്തിൽ വ്യാകരണം പഠിക്കാനുള്ള ഒരു മാർഗ്ഗമായിട്ടാണ് കാതന്ത്രവ്യാകരണം അറിയപ്പെടുന്നത്. ഇത് സ്പഷ്ടമാകുന്ന കാരിക -

छान्दसः स्वल्पमतयः शास्त्रान्तररताश्च ये
ईश्वरा व्याधिनिरतास्तथालस्ययुताश्च ये।

वणिक् सस्यादिसंसक्ता लोकयात्रादिषु स्थिताः
तेषां क्षिप्रं प्रबोधाय......................।। എന്ന്.

* കാതന്ത്രവ്യാകരണം കുമാരവ്യാകരണമെന്നും കാലാപവ്യാകരണമെന്നും അറിയപ്പെടുന്നു. ഡക്കാണിലെ ശാതവാഹനൻ എന്ന രാജാവിന്റെ ആവശ്യപ്രകാരം സർവ്വവർമ്മൻ നിർമ്മിച്ചതാണ് കാതന്ത്രവ്യാകരണം എന്നു പറയപ്പെടുന്നു. പരമശിവന്റെ പുത്രനായ കുമാരനാണ് സൂത്രങ്ങൾ കാണിച്ചു കൊടുത്തത്. കലാപ (മയിൽ)ന്റെ സഹായത്തോടെയാണ് ഈ വ്യാകരണം നിർമ്മിച്ചത് എന്നിവ ഈ പേരുകൾ കാണിക്കുന്നു. എ. ഡി. 1-ാം നൂറ്റാണ് ഇതിന്റെ കാലഘട്ടം. സന്ധിപ്രകരണം, നാമപ്രകരണം, ആഖ്യാതപ്രകരണം, കൃത്പ്രകരണം എന്ന് 4 ഭാഗങ്ങളാണ് ഇതിന് കാണുന്നത്. തദ്ധിതപ്രകരണം, സ്ത്രീപ്രത്യയപ്രകരണം മുതലായവ പിന്നീട് കൂട്ടിച്ചേർത്തവയായി കാണപ്പെടുന്നു. കാതന്ത്ര വ്യാകരണത്തിന്റെ ഏറ്റവും പ്രസിദ്ധമായ വ്യാഖ്യാനം ദുർഗ്ഗസിംഹന്റെ വൃത്തിയാണ്.

**6. സാരസ്വതവ്യാകരണം**

* ബോപദേവൻ സാരസ്വതവ്യാകരണത്തെ സ്മരിക്കുന്നില്ല. അതുകൊ് അത് 12-ാം നൂറ്റാിനു ശേഷം ഉായതാകണം. 700 സൂത്രങ്ങളുള്ള സരളമായ വ്യാകരണമാണിത്. കാര്യമായി വ്യാകരണം പഠിക്കാനുള്ള ഗ്രന്ഥമല്ല, നേരെ മറിച്ച് അത്യാവശ്യത്തിന് ഭാഷ പഠിക്കാനുള്ള ഗ്രന്ഥമാണ്. ക്ഷേമേന്ദ്രൻ രചിച്ച 'സാരസ്വതപ്രക്രിയ'യുടെ അവസാനം കാണുന്ന - 'इति श्रीनरेन्द्राचार्यसारस्वते क्षेमेन्द्रकृतं टिप्पणं समाप्तम्' എന്നതിൽനിന്ന് നരേന്ദ്രാചാര്യനാണ് സാരസ്വതവ്യാകരണത്തിന്റെ കർത്താവ് എന്നു കരുതാം. അനുഭൂതിസ്വരൂപാചാര്യന്റെ വ്യാഖ്യാനവും 'സാരസ്വതപ്രക്രിയ' എന്നുതന്നെ അറിയപ്പെടുന്നു. അമൃതഭാരതി രചിച്ച 'സുബോധിക'യാണ് മറ്റൊരു വ്യാഖ്യാനം. ചന്ദ്രകീർത്തി, സഹജകീർത്തി, മാധവൻ, വാസുദേവഭട്ടതിരി തുടങ്ങിയ പലരും സാരസ്വതത്തെ വ്യാഖ്യാനിച്ചിട്ടു്.

**7. ബോപദേവവ്യാകരണം**

* ബോപദേവന്റെ അച്ഛൻ കേശവനും ഗുരു ധനേശനുമായിരുന്നു. മഹാരാഷ്ട്രയിലെ ദൗലതാബാദാണ് ജന്മദേശം. 'മുഗ്ദ്ധബോധ'മാണ് അദ്ദേഹത്തിന്റെ വ്യാകരണഗ്രന്ഥം. ഇതിനു പുറമേ 'കവികല്പദ്രുമം' എന്നൊരു ഗ്രന്ഥംകൂടി അദ്ദേഹത്തിന്റേതായു്. മറ്റു വ്യാകരണങ്ങളേപ്പോലെതന്നെ ലഘുവായ മാർഗ്ഗത്തിൽക്കൂടി വ്യാകരണം പഠിപ്പിക്കുകയായിരുന്നു ബോപദേവന്റെയും ലക്ഷ്യം. സ്വരപ്രക്രിയയും വൈദികപ്രക്രിയയും അദ്ദേഹം ഉപേക്ഷിക്കുന്നു.

**8. സൗപദ്മവ്യാകരണം**

* എ. ഡി. 14-ാം നൂറ്റാണ് പദ്മനാഭദത്തന്റെ സൗപദ്മവ്യാകരണത്തിന്റെ കാലഘട്ടം. പാണിനിയുടെ സൂത്രങ്ങളെ പരിഷ്കരിച്ച് പുതിയരീതിയിൽ സംവിധാനം ചെയ്ത് വിവരണത്തോടു കൂടിയതാണ് അദ്ദേഹത്തിന്റെ വ്യാകരണം. 'സൗപദ്മപഞ്ജിക' പദ്മനാഭദത്തന്റെ തന്നെ വ്യാഖ്യാനമാണ്.

# MODULE II

## I. VEDIC GRAMMAR

**पाणिनीयं वैदिकव्याकरणम्।**

### Absence of Sandhi

ചില സ്ഥലങ്ങളിൽ വേദങ്ങളിൽ സന്ധിയുടെ അഭാവം കാണാം. അങ്ങനെ വരുന്ന പ്രധാന സ്ഥലങ്ങളേയും അതുകാണിക്കുന്ന ഋക്പ്രാതിശാഖ്യങ്ങളേയും അതേ അർത്ഥത്തിലുപയോഗിക്കുന്ന പാണിനീയ സൂത്രങ്ങളേയുമാണ് ഇവിടെ വിവരിക്കുന്നത്.

**१. प्रकृत्यान्तः पादमव्यपरे। (पा. सू. ६/१/११५)**

प्रकृत्या, अन्तः पादम्, अव्यपरे എന്നു പദച്ഛേദം 'एङः पदान्तादति' എന്ന സൂത്രത്തിൽനിന്നും एङ् എന്നും अति എന്നും 'वा छन्दसि' എന്ന സൂത്രത്തിൽനിന്നും छन्दसि എന്നും അനുവർത്തിക്കുന്നു.

प्रकृत्या എന്നതുകൊ് പ്രകൃതിഭാവത്തോടുകൂടി സ്ഥിതി ചെയ്യുന്നത് എന്നർത്ഥം. അതായത് അവിടെ സന്ധിയില്ല. अन्तः എന്നതിന് മദ്ധ്യം എന്നർത്ഥം. पादस्य मध्ये इति अन्तः पादम्। ഈ സൂത്രം കൊ് പാദമെന്നതിന് ശ്ലോകപാദമെന്നല്ല, ഋക്പാദമെന്നർത്ഥം. വകാര-യകാരങ്ങൾ പരത്തിൽ വരുന്നത് व्यपरम्। न व्यपरम्, अव्यपरम्, तस्मिन् अव्यपरे। ഇപ്രകാരം ഋക്പാദത്തിന്റെ മദ്ധ്യത്തിലുള്ള एङ् പ്രകൃതി ഭാവത്തോടുകൂടി ഇരിക്കുന്നു अत् പരമിരിക്കുമ്പോൾ, ആ अत् वकार-यकार-ങ്ങൾ പരമിരിക്കുന്നതാകാൻ പാടില്ല എന്നു സൂത്രാർത്ഥം.

ഉദാ - उपप्रयन्तो अध्वरम् - ഇവിടെ ഋക്പാദത്തിന്റെ മദ്ധ്യത്തിലുള്ള ओकार (एङ्)-ത്തിൽനിന്ന് വകാ രയകാരങ്ങൾ പരമല്ലാത്ത अत् വരുന്നതുകൊ് प्रकृत्यान्तः पादमव्यपरे എന്ന സൂത്രം കൊ് उपप्रयन्तो अध्वरम् എന്നു പ്രകൃതിഭാവത്തോടുകൂടിത്തന്നെ സ്ഥിതിചെയ്യുന്നു.

ഈ സൂത്രം പ്രവർത്തിച്ചതുകൊ് ഇവിടെ 'एङः पदान्तादति' എന്ന സൂത്രംകൊ് പൂർവ്വരൂപം വരുന്നില്ല.

മറ്റൊരുദാഹരണം - सु जाते अश्वसूनृते।

अन्तः पादम् എന്നു പറഞ്ഞിരിക്കുന്നതെന്തിനാണ്?

अन्तः पादम् എന്നു പറഞ്ഞില്ലായിരുന്നുവെങ്കിൽ പൂർവ്വരൂപം വന്നേനെ.

ഉദാ - एतास एतेऽर्चन्ति।

एतास एते अर्चन्ति എന്നിടത്ത് പാദാന്തത്തിലുള്ള एङ्-ൽനിന്നാണ് अत् പരമിരിക്കുന്നത്. അതുകൊ് 'एङः पदान्तादति' എന്ന സൂത്രംകൊ് പൂർവ്വരൂപം വന്ന് एतास एतेऽर्चन्ति എന്നു രൂപം.

अव्यपरे എന്നു പറഞ്ഞിരിക്കുന്നതെന്തിനാണ്?

अव्यपरे എന്നു പറഞ്ഞില്ലായിരുന്നുവെങ്കിൽ പൂർവ്വരൂപം വന്നേനെ.

ഉദാ - तेऽवदन्। ते अवदन् എന്നിടത്ത് ഋക്പാദത്തിന്റെ മദ്ധ്യത്തിലുള്ള एङ्-ൽനിന്ന് अत् പരമിരിക്കുന്നുെങ്കിലും ആ अत् वकारं പരമിരിക്കുന്നതായതുകൊ് 'एङः पदान्तादति' എന്ന സൂത്രം കൊ് പൂർവ്വരൂപം വന്ന് तेऽवदन् എന്നു രൂപം.

**2. अव्यादवद्यादवक्रमुरव्रतायमवन्त्ववस्युषु च।**

अव्यादवद्यादवक्रमुरव्रतायमवन्त्ववस्युषु च എന്ന രു പദങ്ങളുള്ള സൂത്രം. 'एङः पदान्तादति' എന്ന സൂത്രത്തിൽനിന്ന് एङ् എന്നും अत् എന്നും, 'प्रकृत्यान्तः पादमव्यपरे' എന്ന സൂത്രത്തിൽനിന്ന് प्रकृत्या എന്നും अन्तः पादम् എന്നും 'वा छन्दसि' എന്ന സൂത്രത്തിൽനിന്ന് छन्दसि എന്നും അനുവർത്തിക്കുന്നു. ഇപ്രകാരം अव्यात्, अवद्यात्, अवक्रमुः, अव्रत, अयं, अवन्तु, अवस्यवः എന്നിവയിൽ वकारयकार-ങ്ങൾ अत्-ൽനിന്ന് പരമിരിക്കുകയാണെങ്കിൽ കൂടി एङ्-ന് പ്രകൃതിഭാവം വരുന്നു.

ഉദാ - वसुभिर्नो अव्यात्।

ഇവിടെ ഋക്പാദമദ്ധ്യത്തിലുള്ള ओकार (एङ्)-ത്തിൽനിന്ന് പരമായിട്ട് वकारं പരമിരിക്കുന്ന अत् വരുന്നു. എങ്കിലും 'अव्यादवद्यादवक्रमुः खतायमवन्त्ववस्युषु च' എന്ന സൂത്രപ്രകാരമുള്ള अव्यात् എന്ന പദമായതുകൊ് एङ्-ന് ആ സൂത്രംകൊുതന്നെ പ്രകൃതിഭാവം വരുന്നു.

ഇവിടെ एङः पदान्तादति എന്ന സൂത്രം കൊ് പൂർവ്വരൂപം വരുന്നില്ല.

ഇപ്രകാരം,
१. मित्रमहो अवद्यात्।
२. मा शिवासो अवक्रमुः।
३. ते नौ अव्रत।
४. शतधारो अयं मणिः।
५. ते नो अवन्तु।
६. कुशिकासो अवस्यवः।

बह्वृचः - ഋഗ്വേദശാഖ. ഇവരാൽ ते नोऽवन्तु रथतूः सोऽयमगात्, तेऽरुणेभि എന്നിങ്ങനെയുള്ള സ്ഥലങ്ങളിൽ പ്രകൃതിഭാവം വരുന്നില്ലെന്നു പറയുന്നതിന്, ബഹുളഗ്രഹണം (വികല്പം) കൊ് ചില സ്ഥലത്ത് പ്രകൃതിഭാവം വരാതെയുമിരിക്കാം എന്ന് സമാധാനം പറയണം.

प्रातिशाख्ये तु वाचनिक एवायमर्थः। - പ്രാതിശാഖ്യകാരൻ ഉദാഹരണങ്ങളെ മാത്രമെടുത്തു പറഞ്ഞിരിക്കുകയാണ്. പാണിനീയസൂത്രത്തെ അധികരിച്ചല്ല.

**३. आङोऽनुनासिकश्छन्दसि। (पा. सू. ६/१/१२६)**

आङः अनुनासिकः छन्दसि എന്നു പദച്ഛേദം. 'इको यणचि' എന്ന സൂത്രത്തിൽനിന്ന് अचि എന്നും 'प्रकृत्यान्तः पादमव्यपरे' എന്ന സൂത്രത്തിൽനിന്ന് प्रकृत्या എന്നും अन्तः पादम् എന്നും അനുവർത്തിക്കുന്നു.

ഇപ്രകാരം आङ्-ന് अच् പരമിരിക്കുമ്പോൾ അനുനാസികം വരുന്നു. അത് പ്രകൃത്യാ ആയിരിക്കും എന്നു സൂത്രാർത്ഥം.

ഋക്പാദത്തിന്റെ മദ്ധ്യത്തിലുള്ള आङ् -ൽനിന്നും अच् പരമിരിക്കുമ്പോൾ आङ् ന് അനുനാസികം വരുന്നു. അത് പ്രകൃതിഭാവത്തോടുകൂടിത്തന്നെ സ്ഥിതിചെയ്യും എന്നർത്ഥം.

यथा -

अभ्र आँ अपः।

ഈ ഋക്പാദത്തിൽ മദ്ധ്യത്തിലുള്ള आङ्ൽനിന്ന് പരമായി अच्वർത്തിക്കുന്നു. അതുകൊ് आङ्ന് അനുനാസികം വരുന്നു. അത് പ്രകൃതിഭാവത്തോടു കൂടി വന്ന് अभ्र आँ अपः എന്നു രൂപം.

ഇവിടെ 'अकः सवर्णो दीर्घः' എന്ന സൂത്രം കൊ് സവർണ്ണദീർഘം വരുന്നില്ല.

ഇപ്രകാരം गम्भीर आँ उग्रपुत्रे -

ഇവിടെ 'आद्गुणः' എന്ന സൂത്രംകൊ് ഗുണം വരുന്നില്ല.

**ईषा अक्षादीनां छन्दसि प्रकृतिभावो वक्तव्यः। (वार्तिकम्)**

ഋക്പാദത്തിൽ ईषा अक्ष തുടങ്ങിയ ശബ്ദങ്ങൾക്ക് പ്രകൃതിഭാവം വരുന്നുവെന്ന് പറയണം.

यथा - ईषा अक्षो हिरण्ययः।

ഇവിടെ ईषा अक्ष ശബ്ദങ്ങളുടെ യോഗത്തിൽ 'ईषा अक्षादीनां छन्दसि प्रकृतिभावो वक्तव्यः' എന്ന വാർത്തികം കൊ് പ്രകൃതിഭാവം വന്ന് ईषा अक्षो हिरण्ययः എന്നു രൂപം.

ഇവിടെ 'अकः सवर्णे दीर्घः' എന്ന സൂത്രംകൊ് സവർണ്ണദീർഘം വരുന്നില്ല.

ഇപ്രകാരം

१. ज्या इयम् - ഇവിടെ 'आद्गुणः' എന്ന സൂത്രംകൊ് ഗുണം വരുന്നില്ല.

२. पूषा उविष्टु - ഇവിടെ 'आद्गुणः' എന്ന സൂത്രംകൊ് ഗുണം വരുന്നില്ല.

३. ऊषा अवतुः - ഇവിടെ 'अकः सवर्णे दीर्घः' എന്ന സൂത്രംകൊ് സവർണ്ണദീർഘം വരുന്നില്ല.

**ओकार आमन्त्रितजः प्रगृह्यः। (ऋक् प्रातिशाख्यम्, १. ६८)**

ആമന്ത്രിതം - സംബോധന. ആമന്ത്രിതത്തിൽനിന്ന് ഉാകുന്നത് ആമന്ത്രിതജം. സംബുദ്ധി നിമിത്തകമായ ओकारं प्रगृह्यं ആകുന്നു.

**४. संबुद्धौ शाकल्यस्येतावनार्षे। (पा. सू. १. १. १६)**

संबुद्धौ शाकल्यस्य इतौ अनार्षे എന്നു പദച്ഛേദം. सम्बुद्धौ എന്നതിന് സംബുദ്ധി (സംബോധന) നിമിത്തകമായതെന്നർത്ഥം. 'ओत्' എന്ന സൂത്രമനുവർത്തിക്കുന്നു. 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽനിന്നും प्रगृह्यम् എന്നുമനുവർത്തിക്കുന്നു. ശാകല്യൻ - പാണിനിയുടെ പൂർവ്വാചാര്യൻ.

ഋഷിഃ - വേദം അതിൽ ഭവിക്കുന്നത് - ആർഷം. ആർഷമല്ലാത്തത് അനാർഷം. അതിൽ അനാർഷത്തിൽ, അവൈദികമായതിൽ എന്നർത്ഥം.

ഇപ്രകാരം വൈദികമല്ലാത്ത इति ശബ്ദം പരമായിരിക്കുമ്പോൾ സംബുദ്ധിനിമിത്തകമായ ओकारത്തിന് വികല്പമായി प्रगृह्यसंज्ञा വരുന്നു.

यथा -

विष्णो + इति = विष्णो इति - विष्ण इति - विष्णाविति

विष्णो + इति എന്നിടത്ത് വൈദികമല്ലാത്ത इति ശബ്ദം പരമിരിക്കുമ്പോൾ സംബുദ്ധിനിമിത്തകമായ ओकारത്തിന് 'सम्बुद्धौ शाकल्यस्येतावनार्षे' എന്ന സൂത്രപ്രകാരം വികല്പമായി प्रगृह्यसंज्ञा। इकारമാകുന്ന अच् പരമിരിക്കുന്നതുകൊ് 'प्लुतप्रगृह्याः अचि नित्यम्' (പ്ലുതങ്ങൾക്കും प्रगृह्यसंज्ञा യുള്ള ശബ്ദങ്ങൾക്കും अच् പരമായിരിക്കുമ്പോൾ നിത്യമായി പ്രകൃതിഭാവം) എന്ന സൂത്രംകൊ് പ്രകൃതിഭാവം വന്ന് विष्णो इति എന്നു രൂപം.

प्रगृह्यसंज्ञाभाव പക്ഷത്തിൽ विष्णो + इति എന്നിടത്ത് अच् പരമിരിക്കുമ്പോൾ 'एचोऽयवायावः' എന്ന സൂത്രംകൊ് ओकार ത്തിന് अवादेशं വന്ന് विष्णव् इति എന്നിരിക്കുമ്പോൾ लोपः 'शाकल्यस्य' എന്ന സൂത്രംകൊ് വികല്പമായി वकारं ലോപിച്ച് विष्ण इति എന്നു രൂപം.

वकारलोपाभाव പക്ഷത്തിൽ विष्णव् इति = विष्णविति എന്നു രൂപം.

സൂത്രത്തിൽ अनार्षे എന്നു പറഞ്ഞിരിക്കുന്നതെന്തിനാണ്?

यथा - ब्रह्मबन्धो इत्यब्रवीत् - ब्रह्मबन्धावित्यब्रवीत्।

ब्रह्मबन्धो इत्यब्रवीत् എന്നിടത്ത് इति ശബ്ദം വൈദികമായതുകൊ് ओकारത്തിന് 'संबुद्धौ शाकल्यस्येतावनार्षे' എന്ന സൂത്രംകൊ് പ്രഗൃഹ്യസംജ്ഞയോ തുടർന്ന് പ്രകൃതിഭാവമോ വരുന്നില്ല.

ഇവിടെ ओकारത്തിൽനിന്ന് अच् പരമിരിക്കുമ്പോൾ 'एचोऽयवायावः' എന്ന സൂത്രംകൊ് ओकारത്തിന് अवादेशं വന്ന് ब्रह्मबन्धवित्यब्रवीत् എന്നു വൈദികവാക്യം.

**पदं चान्यः। (ऋ. प्रा. १. ६९)**

अन्यः - अन्यार्थकः। ആമന്ത്രിതഭിന്നമായത് എന്നർത്ഥം. 'ओकार आमन्त्रितजः प्रगृह्यः' എന്ന ഋക്പ്രാതിശാഖ്യത്തിൽനിന്ന് प्रगृह्यः എന്നനുവർത്തിക്കുന്നു.

ഇപ്രകാരം സംബോധനാർത്ഥത്തിൽനിന്നും ഭിന്നമായതും ओ എന്ന് ഒരു പദമായിട്ടുതന്നെ ഇരിക്കുന്നതുമായ निपातത്തിനും प्रगृह्यമെന്നു പേര്.

यथा - ओ हि वर्तन्ते।

ഇവിടെ ओ എന്ന പദം സംബോധനാർത്ഥത്തിലല്ല പ്രയോഗിച്ചിരിക്കുന്നത്. എങ്കിലും पदं चान्यः എന്ന പ്രാതിശാഖ്യംകൊ് ओकार ത്തിന് प्रगृह्यമെന്നു പേര്.

ഇപ്രകാരം    १. अथो तातस्य।

२. उतो त्वमसि।

**५. ओत्। (पा. सू. १/१/१५)**

ओत् എന്ന് ഏകപദം സൂത്രം, तकारः പരമായിട്ടുള്ളതും तकारത്തിൽനിന്ന് പരമായിട്ടുള്ളതും तपरः। അതുകൊ് ओ എന്നത് तपरः। 'निपात एकाजनाङ्' എന്ന സൂത്രത്തിൽനിന്നു निपातः എന്നനുവർത്തിക്കുന്നു. 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽനിന്നും प्रगृह्यं എന്നനുവർത്തിക്കുകയും പുല്ലിംഗത്തിലേക്കു മാറ്റുകയും ചെയ്യുന്നു.

ഇപ്രകാരം ഓകാരാന്തമായ നിപാതം പ്രഗൃഹ്യമായിരിക്കും എന്നു സൂത്രാർത്ഥം.

यथा - अहो ईशाः।

ഇവിടെ अहो എന്നത് ഓകാരാന്തമായ നിപാതം. അതിന് 'ओत्' എന്ന സൂത്രംകൊ് പ്രഗൃഹ്യമെന്നു പേര്. അതുകൊ് അതിൽനിന്നും अच् പരമിരിക്കുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വന്ന് अहो ईशाः എന്നു രൂപം.

ഇവിടെ പ്രകൃതിഭാവം വന്നിരിക്കുന്നതുകൊ് 'एचोऽयवायावः' എന്ന സൂത്രംകൊ് ओकार ത്തിന് अवादेशं വരുന്നില്ല.

**षष्ठादयश्च द्विवचोऽन्तभाजस्त्रयो दीर्घाः। (ऋ. प्रा. १. ७१)**

द्विवचः - ദ്വിവചനം.

अन्तभाजः - അവസാനമിരിക്കുന്ന.

ई, ऊ, ए എന്ന ദീർഘങ്ങൾ അവസാനത്തിലുള്ള ദ്വിവചനം പ്രഗൃഹ്യമായിരിക്കും എന്നർത്ഥം.

**६. ईदूदेद्द्विवचनं प्रगृह्यम्। (पा. सू. १/१/११)**

ईदूदेद्द्विवचनं प्रगृह्यम् എന്നു രു പദങ്ങളുള്ള സൂത്രം.

ईत् - ईकारः।

ऊत् - ऊकारः।

एत् - एकारः।

ഇപ്രകാരം ഈകാര-ഊകാര-ഏകാരാന്തങ്ങളായ ദ്വിവചനം പ്രഗൃഹ്യമായിരിക്കും എന്നു സൂത്രാർത്ഥം.

ഉദാ - हरी + एतौ - हरी एतौ।

ഇവിടെ हरी എന്നത് ഇകാരാന്തമായ ഹരിശബ്ദത്തിന്റെ പ്രഥമ/ദ്വിതീയ വിഭക്തിയുടെ ദ്വിവചനം ഈകാരന്തത്തിൽ വന്ന രൂപം. അതുകൊ് हरी എന്ന ശബ്ദത്തിന് 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രമനുസരിച്ച് പ്രഗൃഹ്യസംജ്ഞ.

एतौ എന്ന ഏകാരമാകുന്ന അച് പരമാകുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം. അതുകൊ് हरी एतौ എന്നു രൂപം.

ഇവിടെ इको यणचि എന്ന സൂത്രംകൊ് യണാദേശം വരുന്നില്ല.

ഇപ്രകാരം -

गङ्गे + अमू - गङ्गे अमू।

ഇവിടെ गङ्गे എന്നത് ആകാരാന്തമായ ഗംഗാശബ്ദത്തിന്റെ പ്രഥമ/ദ്വിതീയ വിഭക്തി ദ്വിവചനരൂപം ഏകാരാന്തത്തിൽ വന്നിരിക്കുന്നു. അതുകൊ് गङ्गे ശബ്ദത്തിന് 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രംകൊ് പ്രഗൃഹ്യസംജ്ഞ.

अमू എന്ന അകാരമാകുന്ന അച് പരമിരിക്കുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വന്ന് गङ्गे अमू എന്നു രൂപം.

ഇവിടെ ഹ്രസ്വമായ അകാരം പരമിരിക്കുന്നുങ്കിലും 'एङः पदान्तादति' എന്ന സൂത്രംകൊ് പൂർവ്വരൂപം ഏകാദേശമായി വരുന്നില്ല.

മറ്റൊരുദാഹരണം - पचेते + इमौ - पचेते इमौ।

ഇവിടെ पचते എന്ന ക്രിയാരൂപത്തിന്റെ ദ്വിവചനരൂപം पचेतेഎന്നു ഏകാരാന്തത്തിൽ വന്നിരിക്കുന്നു. അതുകൊ് पचेते ശബ്ദത്തിന് 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രംകൊ് പ്രഗൃഹ്യമെന്നു പേര്.

इमौ എന്ന അച് പരമിരിക്കുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വന്ന് पचेते इमौ എന്നു രൂപം.

ഇവിടെ एचोऽयवायावः എന്ന സൂത്രംകൊ് അയാദേശം വരുന്നില്ല.

മണീവോഷ്ട്രസ്യ എന്ന സ്ഥലത്ത് ഇവ അർത്ഥത്തിൽ व ശബ്ദമോ वा ശബ്ദമോ ആണ് പ്രയോഗിക്കുന്നത്.

**मणीवोष्ट्रस्य इति तु इवार्थे व शब्दो वा शब्दो वा बोध्यः।**

'मणीवोष्ट्रस्य लम्बेते प्रियौ वत्सतरौ मम' എന്ന് മഹാഭാരതത്തിൽ ഒരു പ്രയോഗമുണ്ട്.

ഇവിടെ मणी എന്ന് ഇകാരാന്തം ദ്വിവചനം. അതിന് 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രംകൊണ്ട് प्रगृह्यसंज्ञा। प्रगृह्यसंज्ञा വന്നാൽ ഇകാരമാകുന്ന अच् പരമിരിക്കുമ്പോൾ प्लुतप्रगृह्याः अचि नित्यम् എന്ന സൂത്രംകൊണ്ട് പ്രകൃതിഭാവം വരണം. ഇവിടെ സവർണ്ണദീർഘം വന്നിരിക്കുന്നു. ഇത് തെറ്റാണല്ലോ എന്നു തോന്നാം.

ഇവിടെ इव ശബ്ദമില്ല. इव ശബ്ദത്തിന്റെ അർത്ഥത്തിൽ व എന്നോ वा എന്നോ ഉള്ള അവ്യയമാണ് പ്രയോഗിച്ചിരിക്കുന്നത്. ഇതിന്

'वं प्रचेतसि जानीयादिवार्थे च तदव्ययम् इति कोशः' എന്നും 'ववा तथैवैवं साम्ये इत्यमरः' എന്നും പ്രമാണം. 'शात्रवं व पपुर्यशः' എന്നു കാളിദാസൻ व ശബ്ദത്തിന് इव അർത്ഥം പ്രയോഗിച്ചിട്ടുണ്ട്.

**साप्तमिकौ च पूर्वौ। (ऋ. प्रा. १. ७२)**

साप्तमिकौ च पूर्वौ എന്ന് മൂന്നു പദങ്ങളുള്ള സൂത്രം. ओकार आमन्त्रितजः प्रगृह्यः എന്ന സൂത്രത്തിൽ നിന്നും प्रगृह्यः എന്നനുവർത്തിക്കുന്നു. ഇപ്രകാരം സപ്തമിയുടെ അർത്ഥത്തിലുള്ള ईकारऊकारങ്ങൾ പ്രഗൃഹ്യങ്ങളാണ് എന്നർത്ഥം.

**7. ईदूतौ च सप्तम्यर्थे। (पा. सू. १/१/१९)**

ईदूतौ च सप्तम्यर्थे എന്നു മൂന്നു പദങ്ങളുള്ള സൂത്രം.

'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽനിന്നും प्रगृह्यम् എന്നനുവർത്തിക്കുന്നു. ഇപ്രകാരം സപ്തമിയുടെ അർത്ഥത്തിൽ വന്നുചേരുന്ന (पर्यवसन्नम्) ईकारान्त, ऊकारान्त- ങ്ങൾക്ക് प्रगृह्यं എന്നു പേര്.

ईकारान्त, ऊकारान्तങ്ങളിൽനിന്ന് പരമായിരിക്കുന്ന സപ്തമീവിഭക്തിക്ക് 'सुपां सुलुक्...' എന്ന സൂത്രം കൊണ്ട് ലോപം വരുന്നു. അപ്പോൾ ശേഷിക്കുന്ന പ്രകൃതിക്കുതന്നെ സപ്തമിയുടെ അർത്ഥം കൂടി ഉണ്ടായിരിക്കും.

ഉദാ - सोमो गौर्याम् अधिश्रितः എന്നതിനു പകരം सोमो गौरी अधिश्रितः എന്നു വൈദികപ്രയോഗം.

ഇവിടെ गौरी എന്ന ഈകാരാന്തം സപ്തമീവിഭക്തിയുടെ അർത്ഥത്തിൽ വരുന്നു. അതുകൊണ്ടതിന് 'ईदूतौ च सप्तम्यर्थे' എന്ന സൂത്രംകൊണ്ട് प्रगृह्यसंज्ञा। अधिश्रितः എന്ന സ്ഥലത്തെ അകാരമാകുന്ന अच् പരമിരിക്കുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊണ്ട് പ്രകൃതിഭാവം.

ഇവിടെ 'इको यणचि' എന്ന സൂത്രംകൊണ്ട് यणादेशं വരുന്നില്ല.

മറ്റൊരു ഉദാ - मामकी तनू इति।

ഈ സൂത്രത്തിൽ अर्थग्रहणम् എന്ന് എന്തിനാണ് പറഞ്ഞത്?

वृत्तावर्थान्तरसंक्रान्ते मा भूत् - സമാസം (वृत्तिः)മുതലായവ വരുമ്പോൾ പൂർവ്വോത്തരപദങ്ങളുടെ അർത്ഥം പരസ്പരം സംക്രമിച്ചാൽ വിഭക്തി ലോപിച്ചാലും വിഭക്തിയുടെ അർത്ഥം പദത്തിനില്ല.

ഉദാ - वाप्यामश्वः वाप्यश्वः।

ഇവിടെ सप्तमी तत्पुरुषसमासः। സമാസം വന്നാൽ 'सुपो धातुप्रातिपदिकयोः' എന്ന സൂത്രംകൊ് ഘടകപദങ്ങളുടെ വിഭക്തി ലോപിക്കും. ആ സൂത്രംകൊ് ഇവിടെ സപ്തമീവിഭക്തിലോപിച്ച് वापी अश्वः എന്നു രൂപം. പക്ഷെ, वापी अश्वःഎന്നിരിക്കുമ്പോൾ പൂർവ്വപദത്തിന്റെ അർത്ഥം ഉത്തര പദത്തിന്റെ അർത്ഥവുമായി ചേർന്നിരിക്കുന്നതുകൊ് ലോപിച്ചുപോയ അർത്ഥം പ്രകൃതിക്കും കിട്ടുന്നില്ല. അതുകൊ് वापी എന്ന ഈകാരാന്തം സപ്തമീവിഭക്തിയുടെ അർത്ഥത്തിലല്ല ഉള്ളത്. അതുകൊ തിന് ईदूतौ च सप्तम्यर्थे എന്ന സൂത്രംകൊ് प्रगृह्यसंज्ञा ഇല്ല.

ഇവിടെ इको यणचि എന്ന സൂത്രംകൊ് यणादेशं വന്ന് वाप्यश्वः (वाप् य् अश्वः) എന്നു രൂപം.

**अस्मे युष्मे त्वे अमी च प्रगृह्याः। (ऋ. प्रा. १. ७३)**

अस्मे, युष्मे, त्वे, अमी എന്നീ ശബ്ദങ്ങൾക്ക് प्रगृह्यसंज्ञा।

## 8. शे। (पा. सू. १/१/१३)

शे എന്ന് ഒരു പദമുള്ള സൂത്രം. 'सुपां सुलुक्...' എന്ന സൂത്രത്തിൽനിന്ന് सुपाम् എന്നും 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽനിന്ന് प्रगृह्यम् എന്നും അനുവർത്തിക്കുന്നു. ഇപ്രകാരം सुप् കൾക്ക് शे എന്ന ആദേശം വന്നാൽ प्रगृह्यसंज्ञा വരും എന്നു സൂത്രാർത്ഥം.

ഉദാ - अस्मे इन्द्राबृहस्पती।

ഇവിടെ अस्मत् ശബ്ദത്തിന്റെ ചതുർത്ഥീബഹുവചനത്തിന് शे എന്ന ആദേശം വരും. अस्मत् എന്ന തിന്റെ अत् 'शेषे लोपः' എന്ന സൂത്രംകൊ് ലോപിക്കും. शेയുടെ ശകാരം ലോപിച്ച് अस्म् + ए - अस्मे। अस्मभ्यम् എന്നർത്ഥം. ഇതിന് 'शे' എന്ന സൂത്രംകൊ് प्रगृह्यसंज्ञा। ഇകാരമാകുന്ന अच् പരമിരിക്കുന്നതുകൊ് 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വന്ന് अस्मे इन्द्राबृहस्पतीഎന്നു രൂപം.

ഇവിടെ एच् ൽനിന്ന് इन्द्राबृहस्पती എന്ന अच् പരമിരുന്നിട്ടും 'एचोऽयवायावः' എന്ന സൂത്രംകൊ് अयादेशं വരുന്നില്ല.

## 9. अदसो मात्। (पा. सू. १/१/१२)

अदसः मात् എന്ന് രുപദമുള്ള സൂത്രം. 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽ നിന്നും ईदूत् എന്നും प्रगृह्यम् എന്നും അനുവർത്തിക്കുന്നു. ഇപ്രകാരം अदस् ശബ്ദത്തിന്റെ മകാരത്തിൽനിന്ന് പരമായ ഈകാര ഊകാരങ്ങൾക്ക് प्रगृह्यसंज्ञ വരുന്നു എന്നു സൂത്രാർത്ഥം.

ഉദാ - अमी ईशाः।

ഇവിടെ अमी - अदस् ശബ്ദത്തിന്റെ പുല്ലിംഗം പ്രഥമാബഹുവചനമാണ്. അതുകൊ് മകാരത്തിൽനിന്ന് പരമായ ഇകാരത്തിന് अदसो मात् എന്നസൂത്രംകൊ് प्रगृह्यसंज्ञा വരുന്നു. ഇവിടെ ईशाः എന്ന് अच् പരമിരിക്കുന്നതുകൊ് 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വരുന്നു.

ഇവിടെ 'अकः सवर्णे दीर्घः' എന്ന സൂത്രംകൊ് സവർണ്ണദീർഘം വരുന്നില്ല.

മറ്റൊരു ഉദാ - रामकृष्णावमू आसाते।

സൂത്രത്തിൽ मात् എന്ന പദം കൊടുത്തിരിക്കുന്നതെന്തിനാണ്?

अमुकेऽत्र എന്ന സ്ഥലത്ത് अमुके എന്നതിന് प्रगृह्यसंज्ञा വരാതിരിക്കാനാണ് मात् എന്ന പദം.

അപ്പോൾ ഇങ്ങനെയൊരു സംശയം തോന്നാം - ഈ സൂത്രം കൊ് ഈകാരാന്ത, ഊകാരാന്തങ്ങൾക്കു മാത്രമാണല്ലോ प्रगृह्यसंज्ञा വിധിച്ചത്. അതുകൊ് अमुके എന്നിടത്ത് പ്രാപ്തി ഇല്ലല്ലോ?

ഇതിന് ഇപ്രകാരം സമാധാനം പറയണം - സൂത്രത്തിൽ मात् എന്നുള്ള പദം ഉള്ളതുകൊും പ്രയോഗത്തിൽ अदस् ശബ്ദത്തിന്റെ മകാരത്തിൽനിന്ന് ഏകാരം പരമായിട്ട് अमे എന്ന പ്രയോഗം ഇല്ലാത്തതുകൊും ആണ് एत् എന്നനുവർത്തിക്കാതിരുന്നത്. സൂത്രത്തിൽ मात् എന്ന പദം ഇല്ലായിരുന്നുവെങ്കിൽ ഏകാരവും കൂടി അനുവർത്തിക്കപ്പെടുമായിരുന്നു. അപ്പോൾ अमुके എന്നിടത്ത് प्रगृह्यसंज्ञा വന്നു പോവുമായിരുന്നു.

അതായത് ഏകാരം ഈ സൂത്രത്തിലേക്ക് അനുവർത്തിക്കപ്പെടുന്നില്ല എന്നു കാണിക്കാനാണ് സൂത്രത്തിൽ मात् എന്ന പദം പ്രയോഗിച്ചത്.

**उकारश्चेतिकरणेन युक्तो रक्तोऽपृक्तो द्राघितः शाकलेन। (ऋ. प्रा. १. ७५)**

उकारः, च, इतिकरणेन, युक्तः, रक्तः, अपृक्तः, द्राघितः, शाकलेन എന്നു പദച്ഛേദം. ഇപ്രകാരം ഉകാരം इति ശബ്ദത്തോടുചേർന്നു നില്ക്കുമ്പോൾ അത് അനുനാസികവും (रक्तः) ഒറ്റവർണ്ണവും (अपृक्तः - പ്രഗൃഹ്യവും) ദീർഘവും (द्राघितः) ആയിരിക്കും എന്ന് ശാകല്യനെന്ന ആചാര്യമതം.

## 10. उञः। (पा. सू. १/१/१७)

उञः എന്ന് ഏകപദം സൂത്രം. 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രത്തിൽ നിന്ന് प्रगृह्यं എന്നനുവർത്തിക്കുന്നു. ഇപ്രകാരം उञ् ൽനിന്ന് इति ശബ്ദം പരമാവുമ്പോൾ उञ्ന് വികല്പമായി प्रगृह्यसंज्ञ വരുന്നു എന്നു സൂത്രാർത്ഥം. പാണിനി ഇത് ശാകല്യപക്ഷത്തിൽ പറഞ്ഞതുകൊാണ് വികല്പമായത്.

ഉദാ - उ इति - उ इति- विति।

ഇവിടെ उञ्ൽനിന്ന് इति ശബ്ദം പരമിരിക്കുന്നതുകൊ് 'उञः' എന്ന സൂത്രംകൊ് വികല്പമായി प्रगृह्यसंज्ञा। ഉകാരത്തിൽനിന്ന് ഇകാരമായ अच् പരമിരിക്കുന്നതുകൊ് 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രം കൊ് പ്രകൃതിഭാവംവന്ന് उ इति എന്നു രൂപം.

പ്രഗൃഹ്യസംജ്ഞ വരാത്ത പക്ഷത്തിൽ 'इको यणचि' എന്ന സൂത്രംകൊ് ഉകാരത്തിന് വകാരാദേശം വന്ന് विति എന്നു രൂപം.

## 11. ऊँ। (पा. सू. १/१/१८)

ऊँ എന്ന് ഏകപദമുള്ള സൂത്രം. 'उञः' എന്ന സൂത്രം അനുവർത്തിക്കുന്നു. ഇപ്രകാരം उञ् ൽനിന്ന് इति ശബ്ദം പരമാവുമ്പോൾ ദീർഘവും അനുനാസികവും പ്രഗൃഹ്യവുമായ ऊँ എന്ന ആദേശം വികല്പമായി വരുന്നു. പാണിനി ഇത് ശാകല്യപക്ഷത്തിൽ പറഞ്ഞതുകൊാണ് വികല്പമായത്.

ഉദാ - उ इति - ऊँ इति।

ഇവിടെ उञ् ൽനിന്ന് इति ശബ്ദം പരമായപ്പോൾ 'ऊँ 'എന്ന സൂത്രം കൊ് ദീർഘവും അനുനാസികവും പ്രഗൃഹ്യവുമായ ऊँ ആദേശമായി വന്ന് ऊँ इति എന്നു വരുന്നു.

ഇവിടെ ऊँ എന്ന ആദേശം വരാത്ത പക്ഷത്തിൽ 'उञः' എന്ന സൂത്രം പ്രവർത്തിക്കുന്നു.

## 12. ऋत्यकः। (पा. सू. ६/१/१२८)

ऋति अकः എന്നു പദച്ഛേദം. 'इकोऽसवर्णे शाकल्यस्य ह्रस्वश्च' എന്ന സൂത്രത്തിൽനിന്നും शाकल्यस्य എന്നും ह्रस्वश्च എന്നും അനുവർത്തിക്കുന്നു. ചകാരംകൊ് प्रगृह्यं എന്നു കിട്ടും. ഇപ്രകാരം ഋകാരം പരമായിരിക്കുമ്പോൾ अक् കൾക്ക് ഹ്രസ്വവും പ്രകൃതിഭാവവും വികല്പേന വരുന്നു എന്ന് സൂത്രാർത്ഥം.

ഉദാ - ब्रह्मा + ऋषिः - ब्रह्म ऋषिः - ब्रह्मर्षिः।

ब्रह्मा ऋषिः എന്ന് अक् ൽനിന്ന് ऋकारं പരമിരിക്കുമ്പോൾ 'ऋत्यकः' എന്ന സൂത്രംകൊ് ഹ്രസ്വവും പ്രകൃതിഭാവവും വന്ന് ब्रह्म ऋषिः എന്നു രൂപം.

ഹ്രസ്വവും പ്രകൃതിഭാവവും വരാത്ത പക്ഷത്തിൽ 'आद्गुणः' എന്ന സൂത്രംകൊ് ഗുണവും 'उरण् रपरः' എന്ന സൂത്രംകൊ് രപരത്വവും വന്ന് ब्रह्मर्षिः എന്നു രൂപം.

ഈ സൂത്രം പദത്തിന്റെ അന്തത്തിലിരിക്കുന്ന अक् കളുടെ വിഷയത്തിലെ പ്രവർത്തിക്കുകയുള്ളു. അതുകൊ് आर्छत् എന്നിടത്ത് ഹ്രസ്വവും പ്രകൃതിഭാവവും ഇല്ല.

आर्छत् എന്ന് ऋछ् ധാതുവിന്റെ लङ् प्रथमपुरुष एकवचनम्। ഇവിടെ आकारं आडागमമാണ്. പദമല്ല (आ ऋछत्). അതുകൊ് അതിന് ഹ്രസ്വവും പ്രകൃതിഭാവവും ഇല്ല.

ഈ പ്രകൃതിഭാവം സമാസത്തിലും വരും.

ഉദാ - सप्त ऋषीणाम् - सप्तर्षीणाम्

ഇവിടെ പ്രകൃതിഭാവത്തിൽ सप्त ऋषीणाम् എന്നും പ്രകൃത്യഭാവത്തിൽ सप्तर्षीणाम् എന്നും വരുന്നു.

## 13. अणोऽप्रगृह्यस्यानुनासिकः। (पा. सू. ८/४/५७)

अणः अप्रगृह्यस्य अनुनासिकः എന്നു പദച്ഛേദം. പ്രഗൃഹ്യസംജ്ഞയില്ലാത്ത അവസാനമിരിക്കുന്ന अण्ന് വികല്പമായി അനുനാസികം വരുന്നു എന്നു സൂത്രാർത്ഥം.

ഉദാ - दधि - दधिँ - दधि।

ഇവിടെ അപ്രഗൃഹ്യമായ अण्ന് 'अणोऽप्रगृह्यस्यानुनासिकः' എന്ന സൂത്രംകൊ് അനുനാസികം വന്ന് दधिँ എന്നു രൂപം.

അനുനാസികാഭാവപക്ഷത്തിൽ दधिഎന്നു രൂപം.

ഇവിടെ अप्रगृह्यम् എന്നു പറഞ്ഞിരിക്കുന്നതെന്തിനാണ്?

ഉദാ - अग्नी।

സൂത്രത്തിൽ अप्रगृह्यं എന്നു പറഞ്ഞില്ലായിരുന്നുവെങ്കിൽ अग्नी എന്ന സ്ഥലത്ത് അനുനാസികം വന്നേനെ.

अग्नी എന്നത് ഈകാരാന്തമായ ദ്വിവചനമായതുകൊ് 'ईदूदेद्द्विवचनं प्रगृह्यम्' എന്ന സൂത്രംകൊ് प्रगृह्यसंज्ञा. അതുകൊ് പദത്തിന്റെ അവസാനമിരിക്കുന്ന ഈകാരത്തിന് അനുനാസികം വരുന്നില്ല.

**14. विचार्यमाणानाम्। (पा. सू. ८/२/९७)**

विचार्यमाणानाम् എന്ന് ഏകപദമായ സൂത്രം. 'वाक्यस्य टेः प्लुतः उदात्तः' എന്ന സൂത്രമനുവർത്തിക്കുന്നു. ഇപ്രകാരം, വിചാരവിഷയകമായ വാക്യത്തിന്റെ ടിക്ക് പ്ലുതം വരും എന്നു സൂത്രാർത്ഥം.

ഉദാ - होतव्यं दीक्षितस्य गृहा३ इति, न होतव्य३मिति.

ഈ വാക്യങ്ങളിൽ ഹോതാവിന്റെ വീട്ടിൽ ഹോമിക്കണമോ വേയോ എന്ന് ആലോചിക്കുന്നു. അതുകൊ് ഈ വാക്യങ്ങൾ വിചാര്യമാണങ്ങളായ വാക്യങ്ങളാണ്. ആദ്യത്തെ വാക്യത്തിലെ ടി, ഗൃഹ ശബ്ദത്തിലെ ഹകാരം കഴിഞ്ഞുള്ള അകാരമാണ്. രാമത്തെ വാക്യത്തിലെ ടി, होतव्य ശബ്ദത്തിലെ യകാരം കഴിഞ്ഞുള്ള അകാരമാണ്. ഇവിടെ രിടത്തും 'विचार्यमाणानाम्' എന്ന സൂത്രം കൊ് പ്ലുതം വരുന്നു. ആ പ്ലുതത്തിന് ഉദാത്തസംജ്ഞ. ആ പ്ലുതത്തിൽനിന്ന് ഇകാരം പരമാവുമ്പോൾ 'प्लुतप्रगृह्याः अचि नित्यम्' എന്ന സൂത്രംകൊ് പ്രകൃതിഭാവം വരുന്നു.

**15. उपरि स्विदासी३दिति च। (पा. सू. ८/२/१०२)**

उपरि स्विदासीत् इति च എന്നു പദച്ഛേദം. 'विचार्यमाणानाम्' എന്ന സൂത്രമനുവർത്തിക്കുന്നു. 'वाक्यस्य टेः प्लुतः उदात्तः' എന്ന സൂത്രത്തിൽനിന്ന് वाक्यस्य टेः प्लुतः എന്നുമനുവർത്തിക്കുന്നു. സൂത്രത്തിലെ चकारं കൊ് അനുദാത്തം ലഭിക്കുന്നു. ഇപ്രകാരം 'विचार्यमाणानाम्' എന്ന സൂത്രംകൊു വിധിച്ച വിചാരവിഷയകമായ വാക്യത്തിന്റെ ടി യുടെപ്ലുതത്തിന് അനുദാത്തം വരുന്നു എന്നു സൂത്രാർത്ഥം.

ഉദാ - उपरि स्विदासी३त् अधः स्विदासी३त्।

ഇവിടെ उपरि स्विदासी३त् എന്ന വാക്യത്തിലെ സകാരം കഴിഞ്ഞുവരുന്ന ഈകാരത്തിന് 'विचार्यमाणानाम्' എന്ന സൂത്രംകൊ് പ്ലുതം വരുന്നു. ആ പ്ലുതത്തിന് ഉദാത്തം വരുന്നതിനു പകരം 'उपरि स्विदासी३दिति च' എന്ന സൂത്രംകൊ് അനുദാത്തം വരുന്നു.

अधः स्विदासी३त् എന്നിടത്ത് 'विचार्यमाणानाम्' എന്ന സൂത്രംകൊ് ഉദാത്തം വരുന്നു.

**II. നാട്യശാസ്ത്രം 18-ാം അദ്ധ്യായം 23-58 ശ്ലോകങ്ങൾ**

**ഭാഷാവിധാനം - മലയാളവിവർത്തനം പ്രൊഫ. കെ. പി. നാരായണപിഷാരടി**

23 (1). भाषा चतुर्विधा ज्ञेया दशरूपो प्रयोगतः।

संस्कृतं प्राकृतं चैव यत्र पाठ्यं प्रयुज्यते।।

* സംസ്കൃതവും പ്രാകൃതവും പാഠ്യമായി പ്രയോഗിക്കുന്ന ദശരൂപകങ്ങളിൽ നാലുവിധം ഭാഷയു്.

24 (2). अतिभाषार्यभाषा च जातिभाषा तथैव च।

तथा योन्यन्तरी चैव भाषा नाट्ये प्रकीर्तिताः।।

* നാട്യത്തിൽ പ്രകീർത്തിക്കുന്ന ആ നാലുഭാഷകൾ ഇവയാണ്.

* 1. അതിഭാഷ 2. ആര്യഭാഷ 3. ജാതിഭാഷ 4. യോന്യന്തരീഭാഷ.

25 (3). अतिभाषा तु देवानामार्यभाषा तु भूभुजाम्।

संस्कारपाठ्यसंयुक्तासम्यङ्न्यायप्रतिष्ठिता।।

* അതിഭാഷ - ദേവന്മാരുടേത്, വൈദികസംസ്കൃതഭാഷയാണ് അതിഭാഷ.

* ആര്യഭാഷ - രാജാക്കന്മാരുടേത്, ശബ്ദസംസ്കാരങ്ങളും ശബ്ദന്യായങ്ങളും ചേർന്ന ലൗകികസംസ്കൃതഭാഷയാണിത്.

26 (4). द्विविधा जातिभाषा च प्रयोगे समुदाहृता।

म्लेच्छशब्दोपचारा च भारतं वर्षमाश्रिता।।

* ജാതിഭാഷ രുതരം 1. മ്ലേച്ഛദേശത്തിലെ ഭാഷ - അറബി, ഗ്രീക്ക്, പേർഷ്യൻ, ഇംഗ്ലീഷ്
2. ഭാരതവർഷത്തിലെ ഭാഷ - ഹിന്ദി തുടങ്ങിയവ.

27 (5). अथ योन्यन्तरी भाषा ग्राम्याख्यपशूद्भवा।

नानाविहंगजा चैव नाट्यधर्मी प्रतिष्ठिता।।

* യോന്യന്തരീഭാഷ - നാട്ടിലും കാട്ടിലുമുള്ള പക്ഷികൾ, മൃഗങ്ങൾ എന്നിവരുടേത്.

* ഇത് നാട്യധർമ്മി എന്ന നിലയ്ക്ക് കല്പിച്ചിരിക്കുന്നു.

28 (6). जातिभाषाश्रयं पाठ्यं द्विविधं समुदाहृतम्।

प्राकृतं संस्कृतं चैव चातुर्वर्ण्यसमाश्रयम्।।

* ജാതിഭാഷയിലുള്ള നാടകവാക്യം രുതരം.

1. സംസ്കൃതം 2. പ്രാകൃതം.

* ഇത് ബ്രാഹ്മണാദി നാലുജാതിക്കാർക്കുള്ളതാണ്.

29 (7). धीरोद्धते सललिते धीरोदात्ते तथैव च।

धीरप्रशान्ते च तथा पाठ्यं योज्यं तु संस्कृतम्।।

* നായകന്മാർ നാലുതരം - 1. ധീരോദാത്തൻ 2. ധീരോദ്ധതൻ 3. ധീരലളിതൻ 4. ധീരപ്രശാന്തൻ.

* ഈ നാലുതരം നായകർക്കും ഭാഷ സംസ്കൃതം.

30 (8). एतेषामपि सर्वेषां नायकानां प्रयोगजम्।

कारणव्यपदेशेन प्राकृतं सम्प्रयोजयेत्।।

* ഈ നാലു നായകർക്കും നാട്യപ്രയോഗത്തിൽ തക്ക കാരണമുങ്കെിൽ പ്രാകൃതവുമാകാം.

31 (9). ऐश्वर्येण प्रमत्तानां दारिद्र्येण प्लुतात्मनाम्।

अनधीतोत्तमानां च संस्कृतं न प्रयोजयेत्।।

* സംസ്കൃതം പാടില്ലാത്തവർ

1. ഐശ്വര്യംകൊഹങ്കാരികളായവർ.

2. ദാരിദ്ര്യത്താൽ വലഞ്ഞവർ.

3. പഠിപ്പില്ലാത്ത ഉത്തമന്മാർ.

32 (10). व्याजलिङ्गप्रविष्टानां श्रमणानां तपस्विनाम्।

भिक्षुचक्रधराणां च प्राकृतं संप्रयोजयेत्।।

* പ്രാകൃതം പ്രയോഗിക്കേ വർ

1. കപടവേഷം ധരിച്ചവർ
2. ജൈനസന്ന്യാസിമാർ
3. ഭിക്ഷുക്കൾ
4. ചക്രചിഹ്നം ധരിക്കുന്നവർ.

33 (11). बाले ग्रहोपसृष्टे च स्त्रीणां स्त्रीप्रकृतौ तथा।

नीचे मत्ते सलिङ्गे च प्राकृतं पाठ्यमिष्यते।।

* പ്രാകൃതം പ്രയോഗിക്കുന്നവർ

1. ബാലൻ
2. ഗ്രഹബാധയുള്ളവൻ
3. സ്ത്രീ.
4. സ്ത്രീസ്വഭാവമുള്ളവൻ.
5. നീചൻ.
6. മദം പൂ വൻ.
7. വ്രതചിഹ്നം ധരിച്ചവൻ.

34 (12). परिव्राणमुनिशाक्येषु चोक्षेषु श्रोत्रियेषु च।

शिष्टा ये चैव लिङ्गस्थाः संस्कृतं तेषु योजयेत्।।

* സംസ്കൃതം ഉപയോഗിക്കേ വർ

1. സന്ന്യാസിമാർ
2. മഹർഷിമാർ
3. ശാക്യന്മാർ - ബുദ്ധഭിക്ഷുക്കൾ
4. വിശിഷ്ടബ്രാഹ്മണർ.
5. ഉത്തമന്മാരായ വ്രതചിഹ്നധാരികൾ.

35 (13). राज्ञ्याश्च गणिकायाश्च शिल्पकार्यास्तथैव च।

कार्यावस्थान्तरकृतं योज्यं पाठ्यं तु संस्कृतम्।।

* കാര്യ-അവസ്ഥാഭേദമനുസരിച്ച് സംസ്കൃതം ഉപയോഗിക്കുന്നവർ

* രാജ്ഞി, വേശ്യ, ശില്പകാരി/ശില്പകാരൻ.

36 (14). सन्धिविग्रहसम्बन्धं तथा च प्राप्तवाग्गतिम्।

ग्रहनक्षत्रचरितं खगानां रुतमेवव च।।

सर्वमेतत्तु विज्ञेयं यस्माद्राज्ञः शुभाशुभम्।

नृपपत्न्याः स्मृतं तस्मात् काले पाठ्यं तु संस्कृतम्।।

* രാജ്ഞിക്കു സംസ്കൃതം വേണമെന്നുള്ളതിനുള്ള കാരണങ്ങൾ -

1. രാജാവിന്റെ സന്ധിവിഗ്രഹകാര്യങ്ങളെ കുറിച്ചറിയാൻ.

2. അവ സംബന്ധിച്ചറിഞ്ഞ വാക്കുകളുടെ വകഭേദമറിയാൻ.

3. ഗ്രഹഗതി, നക്ഷത്രഗതി, പക്ഷികളുടെ ശബ്ദം എന്നിവയെ ആസ്പദമാക്കിയുള്ള ശുഭാശുഭങ്ങളറിയാൻ.

37 (15). क्रीडार्थं सर्वलोकस्य प्रयोगे च सुखाश्रयम्।

कलाभ्यासाश्रयं चैव पाठ्यं वेश्यासु संस्कृतम्।।

* വേശ്യകൾക്ക് സംസ്കൃതം വേണമെന്നുള്ളതിന്റെ കാരണങ്ങൾ

1. എല്ലാ ജനങ്ങളേയും രസിപ്പിക്കുന്നതിന്.

2. പ്രയോഗത്തിന്റെ സുഖത്തിന്.

3. കലകളഭ്യസിക്കുവാനുള്ള സൗകര്യത്തിന്.

38 (16). कलोपचारज्ञानार्थं क्रीडार्थं पार्थिवस्य च।

निर्दिष्टं शिल्पकार्यास्तु नाटके संस्कृतं वचः।।

* ശില്പകാരിക്ക് സംസ്കൃതം വേണമെന്നുള്ളതിന്റെ കാരണങ്ങൾ

1. കലാപ്രയോഗത്തിന്റെ അറിവിന്.

2. രാജാവിനെ രസിപ്പിക്കുന്നതിന്.

39 (17). आम्नायसिद्धं सर्वासां शुभं चाप्सरसां वचः।

संसर्गाद्देवतानां च तद्धि लोकोऽनुवर्तते।।

* ദേവന്മാരുമായുള്ള സംസർഗ്ഗം നിമിത്തം അപ്സരസ്സുകൾക്ക് സംസ്കൃതമാണുചിതം.

* ജനങ്ങൾ അതനുവർത്തിക്കുന്നു.

40 (18). छन्दतः प्राकृतं पाठ्यं स्मृतमप्सरसां भुवि।

मानुषीणां च कर्तव्यं कारणार्थव्यपेक्षया।।

* ഭൂമിയിൽ മനുഷ്യസ്ത്രീകളായിരിക്കുന്ന അപ്സരസ്സുകൾക്ക് ഇഷ്ടമനുസരിച്ച് പ്രാകൃതം പറയാം.

* കാരണങ്ങളെ വകവെച്ചു കൊടുക്കണം.

41 (19). न बर्बरकिरातान्ध्रद्रमिलाद्यासु जातिषु।

नाट्यप्रयोगे कर्तव्यं पाठ्यं भाषासमाश्रयम्।।

* ആര്യന്മാരല്ലാത്തവർ (ബുദ്ധിശൂന്യർ), കാട്ടാളർ, ആന്ധ്രദേശക്കാർ, തമിഴ്നാട്ടുകാർ എന്നിവർക്കിടയിൽ നാട്യപ്രയോഗത്തിൽ ദേശഭാഷ ഉപയോഗിക്കരുത്.

42 (20). सर्वास्वेव हि शुद्धासु जातिषु द्विजसत्तमाः।

शौरसेनी समाश्रित्य भाषां काव्येषु योजयेत्।।

* എല്ലാ ശുദ്ധജാതിക്കാരുടെ ഇടയിലും നാടകങ്ങളിൽ ശൗരസേനി എന്ന പ്രാകൃതഭാഷ ഉപയോഗിക്കേ താണ്.

43 (21). अथवा छन्दतः कार्या देशभाषा प्रयोक्तृभिः।

नानादेशसमुत्थं हि काव्यं भवति नाटके।।

* അല്ലെങ്കിൽ നടന്മാർക്ക് ഇഷ്ടമനുസരിച്ച് ദേശഭാഷ ഉപയോഗിക്കാവുന്നതാണ്.

* പല ദേശങ്ങളിലെ കാവ്യമാണല്ലോ നാടകത്തിലുപയോഗിക്കുന്നത്.

**ഏഴു ഭാഷകൾ/ദേശഭാഷകൾ**

44 (22). मागध्यवन्तिजा प्राच्या शौरसेन्यर्धमागधी।

बाह्लीका दाक्षिणात्या च सप्तभाषाः प्रकीर्तिताः।।

ഏഴുതരം ദേശഭാഷകൾ

1. മാഗധി - ബീഹാറിന്റെ തെക്ക്.
2. അവന്തിജ - മദ്ധ്യപ്രദേശ്.
3. പ്രാച്യ - കിഴക്ക്.
4. ശൗരസേനി.
5. അർദ്ധമാഗധീ.
6. ബാഹ്ലീകാ - പഞ്ചാബ്.
7. ദാക്ഷിണാത്യ - തെക്കെ ഇന്ത്യയിലേത്.

45 (23). शकाराभीरचण्डालशबरद्रमिलान्ध्रजाः।

हीना वनेचराणां च विभाषा नाटके स्मृताः।।

വിഭാഷകൾ

* വിഭാഷാ - വികൃതമായ ഭാഷ.

1. ശകാരഭാഷ - രാജാവിന്റെ വെപ്പാട്ടിയുടെ സഹോദരന്റെ ഭാഷ.
2. ആഭീരഭാഷ - ഗോപാലകന്മാരുടെ ഭാഷ.
3. ചണ്ഡാളഭാഷ - ചണ്ഡാലൻ - ശൂദ്രനു ബ്രാഹ്മണസ്ത്രീയിൽ ജനിച്ചവൻ പ്രയോഗിക്കുന്ന ഭാഷ.

4. ശബരഭാഷ – കാട്ടാളന്മാരുടെ ഭാഷ.

5. ദ്രമിഡഭാഷ.

6. ആന്ധ്രഭാഷ – തെലുങ്ക്.

7. കാടന്മാരുടെ ഹീനഭാഷ.

46 (24). मागधी तु नरेन्द्राणामन्तःपुरस्माश्रया।

चेटानां राजपुत्राणां श्रेष्ठिनां चार्धमागधी।।

* രാജാവിന്റെ അന്തഃപുരസ്ത്രീകൾക്ക് – മാഗധീ ഭാഷ.

* ചേടന്മാർക്കും (ഭൃത്യന്മാർ) ശ്രേഷ്ഠികൾക്കും (കച്ചവടക്കാർ) രാജപുത്രന്മാർക്കും – അർദ്ധമാഗധീ.

47 (25). प्राच्या विदूषकादीनां धूर्तानामप्यवन्तिजा।

नायिकानां सखीनां च शूरसेन्यविरोधिनी।।

* വിദൂഷകന്മാർക്ക് – പ്രാച്യഭാഷ.

* ധൂർത്തൻ/ചതിയന്മാർക്ക് – അവന്തിജ.

* നായികമാർക്ക്, സഖിമാർക്ക് – ശൗരസേനിഭാഷ.

48 (26). यौधनागरिकादीनां दाक्षिणात्याथ दीव्यताम्।

बाह्लीकभाषोदीच्यानां खसानां च स्वदेशजा।।

* യുദ്ധമിഷ്ടപ്പെടുന്ന പടയാളികൾക്കും നാഗരികന്മാർക്കും – ദാക്ഷിണാത്യ (തെക്കൻ) ഭാഷ.

* ചൂതുകളിക്കാർക്ക് – ബാഹ്ലീകഭാഷ.

* വടക്കരായ ഖസന്മാർക്ക് (ചൊറി/ചിരങ്ങ് ബാധിച്ചവർ) അവരുടെ നാട്ടുഭാഷ.

49 (27). शकारघोषकादीनां तत्स्वभावश्च यो गणः।

शाकारभाषा योक्तव्या चाण्डाली पुल्कसादिषु।।

* ശകാരന്മാർ, പെരുമ്പറക്കാർ എന്നിങ്ങനെയുള്ള താണവർക്ക് ശകാരാക്ഷരമധികമുള്ള ഭാഷ.

* ചണ്ഡാലന്മാർക്ക് ചണ്ഡാലീഭാഷ.

50 (28). अङ्गारकारव्याधानां काष्ठपत्रोपजीविनाम्।

योज्या शबरभाषा तु काचिद्वा नौकसी तथा।।

* കരിപ്പണിക്കാർ, വേടന്മാർ, വിറകുപണിക്കാർ, ഇലപ്പണിക്കാർ എന്നിവർക്ക് – ശബരന്മാരുടേയും മറ്റു കാട്ടുവർഗ്ഗക്കാരുടേയും ഭാഷ.

51 (29). गजाश्वाजाविकोष्ट्रादिघोषस्थाननिवासिनाम्।

आभीरोक्तिः शाबरी वा द्राविडी द्रमिलादिषु।।

* ആന, കുതിര, കോലാട്, ചെമ്മരിയാട്, ഒട്ടകം എന്നിവയെ പോറ്റുന്ന ദിക്കിൽ പാർക്കുന്നവർക്ക് - ആഭീരഭാഷയോ ശബരഭാഷയോ ഉപയോഗിക്കാം.

* अविकः -ചെമ്മരിയാട്, उष्ट्रः - ഒട്ടകം

* ദ്രമിളാദി ദേശങ്ങളിൽ തമിഴ്ഭാഷ.

52 (30). सुरङ्गखनकादीनां सन्धिकाराश्वरक्षिणाम्।

व्यसने नायकानां च आत्मरक्षासु मागधी।।

* തുരങ്കമുാക്കുന്നവർ, കള്ളന്മാർ/ഖനിത്തൊഴിലാളികൾ, സമാധാനഉടമ്പടി കാക്കുന്നവർ, കാരാഗൃഹത്തിന്റെയും കുതിരകളുടേയും രക്ഷകന്മാർ, ആപത്തിൽ ആത്മരക്ഷ കൊതിക്കുന്ന നായകർ എന്നിവർക്ക് മാഗധീഭാഷ.

* सुरङ्गः - തുരങ്കം, खनकः - ഖനി.

53 (31). गङ्गासागरमध्ये तु ये देशा सम्प्रकीर्तिताः।

एकारबहुलां भाषां तेषु तज्ज्ञः प्रयोजयेत्।।

* ഗംഗാനദിയുടേയും സമുദ്രത്തിന്റെയും മദ്ധ്യത്തിലുള്ള ദേശങ്ങളിൽ ഏകാരം അധികമായിട്ടുള്ള ഭാഷ.

54 (32). विन्ध्यसागरमध्ये तु ये देशाः श्रुतिमागताः।

नकारबहुलां तेषु भाषां तज्ज्ञः प्रयोजयेत्।।

* വിന്ധ്യപർവ്വതത്തിന്റെയും സമുദ്രത്തിന്റെയും ഇടയിൽ കേട്ടിട്ടുള്ള പ്രദേശങ്ങളിൽ നകാരം അധികമുള്ള ഭാഷ.

55 (33). सुराष्ट्रावन्तिदेशेषु वेत्रवत्युत्तरेषु च।

ये देशास्तेषु कुर्वीत चकारबहुलामिव।।

* സുരാഷ്ട്രം, അവന്തി എന്നിവിടങ്ങളിലും വേത്രവതീനദിയുടെ വടക്കുള്ള പ്രദേശങ്ങളിലും ചകാരമധികമായ ഭാഷ.

56 (34). हिमवत्सिन्धुसौवीरान् ये जनाः समुपाश्रिताः।

उकारबहुलां तज्ज्ञस्तेषु भाषां प्रयोजयेत्।।

* ഹിമാലയപ്രദേശം, സിന്ധുരാജ്യം, സൗവീരരാജ്യം എന്നിവിടങ്ങളിലുള്ളവർക്ക് ഉകാരം അധികമായ ഭാഷ.

57 (35). चर्मण्वतीनदीतीरे ये चार्बुदसमाश्रयाः।

ओकारबहुलां नित्यं तेषु भाषां प्रयोजयेत्।।

* ചർമ്മണ്വതീ നദിയുടെ തീരത്തുള്ള അർബ്ബുദപർവ്വതപ്രദേശത്തു താമസിക്കുന്നവർക്ക് ഓകാരമധികമായിട്ടുള്ള ഭാഷ.

58 (36). एवं भाषाविधानं तु कर्तव्यं नाटकाश्रयम्।

अत्र नोक्तं मया यत्तु लोकात्ग्राह्यं बुधैस्तु तत्।।

* ഇപ്രകാരമാണ് നാടകങ്ങളിലെ ഭാഷാവിധി.

* ഇവിടെ ഞാൻ പറയാത്തതെല്ലാം പണ്ഡിതന്മാർ ലോകത്തിൽനിന്നു ഗ്രഹിക്കേതാണ്.

# MODULE III

## SANSKRIT LANGUAGE

### സംസ്കൃതഭാഷ

ഡോ. കെ. കുഞ്ചുണ്ണിരാജ.

*  സംസ്കൃതഭാഷ അനാദിയും മറ്റെല്ലാ ഭാഷകൾക്കും മൂലഭൂതവുമാണെന്നാണ് പ്രാചീന ഭാരതീയവിശ്വാസം.

इह तावत् संस्कृतम् अनादि, अन्यद् आदिमत् तस्य संस्कृतात् प्रभवः स्यात्। ലീലാതിലകം (11. 4 വൃത്തി)

*  പ്രാചീനപണ്ഡിതന്മാരുടെ അഭിപ്രായം -

*  അനാദിയായ സംസ്കൃതത്തിൽ നിന്നാണ് മറ്റെല്ലാ ഭാഷകളുമുായത്.

*  സാമാന്യ ജനങ്ങൾ അജ്ഞതകൊും അശ്രദ്ധകൊും അലസതകൊും മൂലഭാഷയുടെ ഉച്ചാരണത്തിൽ വേത്ര ശുദ്ധിയും വ്യക്തതയും പാലിക്കാത്തതിനാലാണ് അപഭ്രംശങ്ങളായി മറ്റു ഭാഷകൾ രൂപപ്പെട്ടത്.

*  ഇതിനെതിരായ അഭിപ്രായം അന്നംഭട്ടൻ തന്റെ മഹാഭാഷ്യപ്രദീപവ്യാഖ്യാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

'न हि तदानीं संस्कृतमेव सृष्टं न भाषान्तरम् इत्यत्र मानमस्ति। तत्तद्यवनादिसृष्टो तदीयभाषायाः अपि तदानीमेव सृष्टत्वात् न हि तेषामपि प्रथमं संस्कृतेनैव व्यवहारः पश्चादपभ्रंशरूपभाषावृत्ति-रिति कल्पनायां मानमस्ति।'

സംസ്കൃതം മാത്രമാണ്, മറ്റു ഭാഷകൾ പ് സൃഷ്ടിച്ചില്ല എന്നതിന് തെളിവില്ല. യവനരേയും (ഗ്രീക്ക്) മറ്റും സൃഷ്ടിച്ചപ്പോൾ അവരുടെ ഭാഷയും സൃഷ്ടിച്ചിരിക്കണം. അവരും ആദ്യകാലത്ത് സംസ്കൃതഭാഷയിലാണ് വ്യവഹരിച്ചിരുന്നതെന്നും പിന്നീട് അപഭ്രംശരൂപത്തിൽ ഭാഷ മാറിയെന്നും കല്പിക്കുന്നതിനും പ്രമാണമില്ല.

*  സംസ്കൃതത്തിന്റെ പ്രാചീനരൂപം - വൈദികസംസ്കൃതം.

*  അർവ്വാചീനരൂപം - ലൗകികസംസ്കൃതം.

*  സംസ്കൃതഭാഷയ്ക്ക് യൂറോപ്യൻ ഭാഷകളുമായുള്ള അഭേദ്യമായ ഗോത്രബന്ധം ഭാഷാ ശാസ്ത്രജ്ഞർ മനസ്സിലാക്കിയിട്ട് പത്തിരുന്നൂറു വർഷമേ ആയിട്ടുള്ളു.

*  എ. ഡി. പതിനെട്ടാം നൂറ്റിൽ സംസ്കൃതം പഠിക്കാൻ തുടങ്ങിയതുമുതലാണ് ഗ്രീക്കു ഭാഷയ്ക്കും ലത്തീൻ ഭാഷയ്ക്കും മറ്റും സംസ്കൃതത്തോടുള്ള അഭേദ്യമായ ബന്ധം മനസ്സിലായത്.

*  അങ്ങനെയാണ് താരതമ്യപുരസ്കൃതമായ ഭാഷാപഠനം ഉടലെടുത്തത്.

*  1786 ഫെബ്രു. 2ന് കൽക്കത്തയിൽ ഏഷ്യാറ്റിക് സൊസൈറ്റിയുടെ മൂന്നാം വാർഷിക സമ്മേളനത്തിൽ സർ വില്ല്യം ജോൺസ് ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗമാണ് താരതമ്യപഠനത്തിന്റെ ആരംഭമായി കണക്കാക്കി വരാറുള്ളത് - 'സംസ്കൃതഭാഷയുടെ പഴക്കം എന്തുതന്നെയായാലും അതിന്റെ ഘടന അദ്ഭുതകരമാണ്; ഗ്രീക്കിനേക്കാൾ സമ്പൂർണ്ണവും ലത്തീനേക്കാൾ വിപുലവും ഈ രു ഭാഷകളേക്കാളും സൂക്ഷ്മതരവുമാണത്; എന്നാൽ ധാതുക്കളിലും വ്യാകരണകാര്യത്തിലും അതിന് ഈ ഭാഷകളോടുള്ള സുശക്തമായ ബന്ധം ആകസ്മികമായിരിക്കാൻ ഒരിക്കലും ഇടയില്ല. ഈ മൂന്നു

ഭാഷകളും പരിശോധിച്ചുനോക്കുന്ന ഒരു ചിന്തകന് അവ മൂന്നും, ഇന്നൊരുപക്ഷേ നിലവിലില്ലാത്ത ഒരു മൂലഭാഷയിൽ നിന്ന് വളർന്നുവന്നതാണെന്ന് വിശ്വസിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തവിധം അത്ര സുദൃഢമാണ് ആ ബന്ധം. ഗോഥിക് ഭാഷകളും കെൽറ്റിക് ഭാഷകളും വളരെ വ്യത്യസ്തമായ ശൈലിയോടിടകലർന്നതാണെങ്കിലും അതേ മൂലഭാഷയിൽനിന്നുതന്നെ വികസിച്ചുായവയാണെന്നു കരുതുവാനും ഇതുപോലെത്തന്നെ - ഇത്രത്തോളമില്ലെങ്കിലും - കാരണങ്ങളു്. പഴയ പേർഷ്യൻ ഭാഷയും ഈ ഭാഷാഗോത്രത്തിൽപ്പെട്ടതുതന്നെ ആയിരിക്കാം.'

* പാണിനിയുടെ സംസ്കൃതവ്യാകരണം ഗ്രീക്ക്, ലത്തീൻ മുതലായ ഭാഷകളെ വിശകലനം ചെയ്തു വിശദീകരിക്കാൻ ആധുനിക പണ്ഡിതന്മാർക്കു മാർഗ്ഗദർശനം നല്കി.

* ഭാഷാഗോത്രങ്ങളിൽ ഏറ്റവും പ്രാചീനവും വിപുലവുമായതുമാണ് ഇൻഡോ-യൂറോപ്യൻ ഭാഷാഗോത്രം.

* ഉത്തരേന്ത്യയിലെ ഭാഷകളും മിക്ക യൂറോപ്യൻഭാഷകളും ഇൻഡോ-യൂറോപ്യൻ ഭാഷാ ഗോത്രത്തിൽ പെട്ടതാണ്.

* ഇൻഡോ-യൂറോപ്യൻഗോത്രത്തിലെ പ്രമുഖഭാഷയായ സംസ്കൃതത്തിന് 4000 കൊല്ലത്തെ അനുസ്യൂതവും സമ്പന്നവുമായ ചരിത്രമു്.

* സംസ്കൃതത്തിനും അവെസ്ത ഭാഷയ്ക്കും തമ്മിൽ രൂപസാദൃശ്യമു്. ഇതിൽനിന്ന് ഇറാനിയന്മാരുടേയും വൈദികാര്യന്മാരുടേയും പൂർവ്വികർ ഒന്നിച്ചു ജീവിച്ചിരുന്നുവെന്നും ഇൻഡോ-ഇറാനിയൻ എന്ന ഒരു പൊതുഭാഷയാണ് അവർ സംസാരിച്ചിരുന്നതെന്നും ഊഹിക്കാം.

ഇൻഡോ-യൂറോപ്യൻ ഭാഷാഗോത്രത്തിലെ പ്രധാന വിഭാഗങ്ങൾ

1. ഇൻഡോ-ഇറാനിയൻ

* ഇതിൽ രു ഗ്രൂപ്പുകൾ ഇൻഡോ-ആര്യനും ഇറാനിയനും.

* പ്രാചീന ഇൻഡോ-ആര്യൻ

1. വൈദികഭാഷ 2. മെസോപ്പൊട്ടേമിയയിൽനിന്നു ക ബി. സി. 1500-ാമാിലെ ലേഖനങ്ങളിലെ ഭാഷ. മിത്താനി ഭരണകർത്താക്കളും ഹിറ്റൈറ്റികളും തമ്മിലുള്ള ഉടമ്പടിയാണിതിൽ പ്രധാനം. 3. വൈദികകാലത്തെ പ്രാകൃതഭാഷകൾ. 4. പ്രാചീന പ്രാകൃതത്തിൽ ഇന്നു ലഭ്യമായിട്ടുള്ള രേഖകൾ.

മദ്ധ്യമകാലീന ഇൻഡോ-ആര്യൻ

* പാലിയും പ്രാകൃതങ്ങളും(മഹാരാഷ്ട്രി, ശൗരസേനി, മാഗധി, പൈശാചി- മുഖ്യ പ്രാകൃതങ്ങൾ)

* പാലി - ഹീനയാനകൃതികൾ.

* പ്രാകൃതം - പഴയ ജൈനകൃതികൾ, അർദ്ധമാഗധിയിൽ.

* സംസ്കൃതനാടകങ്ങളിലെ സ്ത്രീകഥാപാത്രങ്ങൾ, വിദ്യാവിഹീനർ, വിദൂഷകൻ - പ്രാകൃതം.

ആധുനിക ഇൻഡോ-ആര്യൻ

* പഴയത് - സാഹിത്യഭാഷകളായ പ്രാകൃതങ്ങളിൽ നിന്നുരുത്തിരിഞ്ഞ അപഭ്രംശങ്ങൾ.

* പുതിയത് - ഈ അപഭ്രംശങ്ങളിൽ നിന്നുരുത്തിരിഞ്ഞ മറാഠി, ഗുജറാത്തി, ഹിന്ദി, ബംഗാളി, ഒറിയ, അസമിയ, സിന്ധി, കാശ്മീരി തുടങ്ങിയവ.

* ഇൻഡോ-ആര്യൻ - സിംഹളഭാഷയും, യൂറോപ്പിൽ ജിപ്സികളുപയോഗിക്കുന്ന റോമനി എന്ന ജിപ്സിഭാഷയും.

* ഇൻഡോ-ആര്യൻ ഭാഷയുടെ രു കൊച്ചു ശാഖകൾ - പര്യ, റോമനിപര്യ.

* ഹിന്ദി, ഗുജറാത്തി, ബംഗാളി എന്നിവയോടു സാദൃശ്യമുള്ള ഈ ഭാഷകൾ ഒരുകാലത്തും ഇന്ത്യയിൽ സംസാരിച്ചിരുന്നില്ല.

* പ്രാചീന ഇറാനിയൻ - പ്രാചീനഇറാനിയനിൽ ഉള്ളതാണ് -സൊറോസ്ത്രിയൻ മതഗ്രന്ഥമായ അവെസ്തഗാഥകൾ (ബി. സി. 100ന് മുമ്പ്) + പ്രാചീന പേർഷ്യൻ (ബി. സി. 700).

* മദ്ധ്യമകാലീന ഇറാനിയൻ - മദ്ധ്യമകാലീന ഇറാനിയനിൽപ്പെട്ടതാണ് പഹ്ലവി. ഇന്നത്തെ പേർഷ്യൻ ഭാഷയും, ഖൊട്ടാനിഭാഷയും പഹ്ലവിയിൽനിന്നുായതാണ്.

* വൈദികസംസ്കൃതത്തിൽനിന്നല്ല വൈദികകാലത്തെ പ്രാകൃതത്തിൽനിന്നാണ് ഉത്തരേന്ത്യയിലെ ഭാഷകൾ വളർന്നു വന്നത് എന്ന് പ്രൊഫ. ഗോ.

2. സ്ലവോണിക് ഭാഷകൾ - സ്ലവോണിക്ക്, റഷ്യൻ, യുക്രേനിയൻ, പോളിഷ്.

3. ഹെല്ലനിക് ഭാഷകൾ - പ്രാചീന ഗ്രീക്ക്, ക്ലാസിക്കൽ ഗ്രീക്ക്, ഇന്നത്തെ ഗ്രീക്ക്.

ഇതിലെ പ്രാചീനകൃതികൾ - ഹോമറുടെ ഇലിയഡും ഒഡീസിയും (ബി. സി. 1000മാു പഴക്കം)

4. ജർമ്മനിക്ക് ഭാഷകൾ - ഗോഥിക്ക്, നോർവ്വീജിയൻ, ഡാനിഷ്, സ്വീഡിഷ്, ജർമ്മൻ, ഡച്ച്, ഇംഗ്ലീഷ്.

* എ. ഡി. 15-ാം നൂറ്റാിലാണ് ഇന്നത്തെ ഇംഗ്ലീഷ് വികസിച്ചത്.

5. ഇറ്റാലിയൻ ഭാഷകൾ - പ്രധാനം ലത്തീൻ. ഇറ്റാലിയൻ, സ്പാനിഷ്, പോർത്തുഗീസ്, ഫ്രഞ്ച്, റുമേനിയൻ.

6. കെൽറ്റിക് ഭാഷകൾ - വെൽഷ്, സ്കോട്ടിഷ്, ഐറിഷ്.

7. ടൊക്കേറിയൻ

* എ. ഡി. 6-ാം നൂറ്റാിൽ കിഴക്കൻ ടർക്കിസ്ഥാനിൽ നിലനിന്നു.

* ഇതിലെഴുതിയ ചില ബുദ്ധമതരേഖകൾ കത്തെിയിട്ടു്.

8. ത്രക്കോ ഫ്രിജിയൻ - ത്രസിയൻ, ഫ്രിജിയൻ, ആർമീനിയൻ.

* ഇതിൽ ആർമീനിയൻ മാത്രമേ ഇന്നു നിലവിലുള്ളു.

9. ബാൽട്ടിക് - ലിത്വേനിയൻ, ലാത്വിയൻ, പഴയ പ്രഷ്യൻ (പതിനേഴാം നൂറ്റാിൽ നാമാവശേഷമായി).

10. ആൽബേനിയൻ (ഇലിറിയൻ)

* ആൽബേനിയയിൽ സംസാരിച്ചുവരുന്നു.

* ഇന്നത്തെ ടർക്കി, ഗ്രീക്കു ഭാഷകളിൽ ഇതിന്റെ സമ്പർക്കം കാണാം.

11. ഹിറ്റൈറ്റി

* അതിപ്രാചീനമായ ഭാഷ.

* ഇരുപതാം നൂറ്റാിന്റെ ആദ്യം ബോഗസ്കോയിൽനിന്ന് അനേകം രേഖകൾ കിട്ടി.

* ആധുനിക യൂറോപ്യൻ ഭാഷകളായ ഇംഗ്ലീഷ്, ജർമ്മൻ, ഫ്രഞ്ച്, റഷ്യൻ തുടങ്ങിയവയുടെ ചരിത്രപഠനത്തിന് സംസ്കൃതത്തിന്റെ സഹായം അത്യന്താപേക്ഷിതമാണ്.

* പ്രാചീന ഇൻഡോ-യൂറോപ്യൻ ഭാഷ.കെന്റം (Centam) - ഗ്രീക്ക്, ലാറ്റിൻ, ജർമ്മൻ. ശതം (Satam) - ഇൻഡോ-ഇറാനിയൻ, സ്ലവോണിക്.

* മൂർദ്ധന്യവർണ്ണങ്ങൾ (ऋटुरषाणां मूर्धा) സംസ്കൃതത്തിന്റെ പ്രത്യേകതയാണ്.

* രേഫവും ലകാരവും തമ്മിലുള്ള മറിച്ചിൽ വൈദികസംസ്കൃതത്തിൽ സുലഭമാണ്.

ഉദാ - അരംകൃതേ - അലംകൃതേ.

രംബതേ - ലംബതേ.

രോമ - ലോമ.

ശുക്ര - ശുക്ല.

* മൂലഭാഷയിലെ സ്വരവ്യതിയാനങ്ങളായ ഉദാത്താനുദാത്തസ്വരിതങ്ങൾക്ക് വൈദിക സംസ്കൃതത്തിലും പാണിനിയുടെ വ്യാകരണത്തിലും സ്ഥാനമുങ്കിെലും ലൗകികസംസ്കൃതത്തിൽ സ്ഥാനമില്ലാതായി.

* വൈദിക-ലൗകികഭാഷകൾക്ക് സംസ്കൃതം എന്ന പേര് മുമ്പാരും പ്രയോഗിച്ചിരുന്നില്ല.

* പാണിനി വൈദികഭാഷയെ 'ഛന്ദസ്സ്' എന്നും ലൗകികഭാഷയെ 'ഭാഷ' എന്നും വിളിച്ചു.

* സംസ്കൃതത്തിന്റെ നിഷ്പത്തി - കൃധാതുവിനോട് സം ഉപസർഗ്ഗം ചേർന്ന്, നടുവിൽ സകാരം ആഗമമായി വരുന്നത്.

* ഭാഷയ്ക്ക് സംസ്കാരം വേണമെന്ന് പ്രാചീനഗ്രന്ഥങ്ങൾ. स्वरसंस्कारयोः छन्दसि नियमः - വൈദികഭാഷയിൽ സ്വരത്തിനും സംസ്കാരത്തിനും നിയമമു് (വാജസനേയി പ്രാതിശാഖ്യം).

വാജസനേയൻ - ശുക്ലയജുർവ്വേദപ്രണേതാവായ യാജ്ഞവല്ക്യൻ.

പ്രാതിശാഖ്യം - വേദോച്ചാരണനിയമങ്ങൾ പ്രതിപാദിക്കുന്ന വ്യാകരണഗ്രന്ഥം.

**ഉദാത്താദിസ്വരങ്ങൾ**

* വൈദികസംസ്കൃതത്തിൽ സ്വരങ്ങൾക്ക് സ്ഥാനമു്.

* പാണിനിയുടെ കാലത്തും സ്വരങ്ങൾക്ക് സ്ഥാനമുായിരുന്നു.

* ഉദാത്തം - ഉച്ചത്തിലുള്ള സ്വരം - उच्चैरुदात्तः।

* അനുദാത്തം - താഴ്ന്ന സ്വരം - नीचैरनुदात्तः।

* സ്വരിതം - ഉദാത്തത്തിൽ തുടങ്ങി അനുദാത്തത്തിൽ അവസാനിക്കുന്നത്.

समाहारः स्वरितः, तस्यादित उदात्तमर्धह्रस्वम्। എന്നീ സൂത്രങ്ങൾ ഇതുവെളിപ്പെടുത്തുന്നു.

* വിധിപ്രകാരമല്ലാതെ ഉച്ചരിക്കുന്ന മന്ത്രങ്ങൾക്ക് ഉദ്ദേശിച്ച അർത്ഥം കിട്ടില്ലെന്നു മാത്രമല്ല, വിപരീതാനുഭവം ഉാക്കുകയും ചെയ്യും.

ഇന്ദ്രന്റെ ശാതയിതാവ് വർദ്ധിക്കട്ടെ എന്ന അർത്ഥത്തിൽ इन्द्रशत्रो वर्द्धस्व എന്ന മന്ത്രത്തിൽ ഇന്ദ്രശത്രു എന്ന സമസ്തപദത്തിനാണ് ഉദാത്തസ്വരം വരേത്. അപ്പോൾ षष्ठीतत्पुरुषसमासः। इन्द्रस्य शत्रो वर्द्धस्व।

ഇത് പൂർവ്വപദത്തിന് ഉദാത്തസ്വരം ചേർത്തു പ്രയോഗിച്ചാൽ ബഹുവ്രീഹിസമാസമാകും. इन्द्रः शत्रुः यस्य सः ഇന്ദ്രൻ കൊല്ലുന്നവൻ ആരോ അവൻ.

* അസന്ദേഹാർത്ഥം വ്യാകരണം പഠിക്കണമെന്നു പറയുന്ന പതഞ്ജലി മറ്റൊരുദാഹരണം നല്കുന്നു.

स्थूलपृषतीमाग्निवारुणीमनड्वाहीमालभते

എന്ന വൈദികവിധിയിൽ

* സ്ഥൂലപൃഷതിയായ പശു എന്നു പറഞ്ഞാൽ സ്ഥൂലമായ പൃഷത്തുക്കളോടുകൂടിയ (വലിയ പുള്ളികളുള്ള) പശു എന്നർത്ഥം. ഇവിടെ ആദ്യോദാത്തം. അതുകൊ് ബഹുവ്രീഹിസമാസം.

स्थूलानि पृषन्ति यस्याः सा बहुव्रीहिसमासः।

* സ്ഥൂലയും പൃഷതിയുമായ (തടിച്ചവളും പുള്ളികളുള്ളതും) പശു എന്നർത്ഥം.

ഇവിടെ അന്തോദാത്തമാണ്. ഇവിടെ കർമ്മധാരയസമാസം.

स्थूला च असौ पृषती च - कर्मधारयसमासः।

* ലൗകികസംസ്കൃതത്തിലെ ഉച്ചാരണത്തിൽ സ്വരങ്ങൾക്ക് സ്ഥാനമില്ലാതായി.

* പ്രാചീന ഇൻഡോ-യൂറോപ്യൻ ഭാഷകളുടെ പരിണാമത്തിൽ സ്വരങ്ങൾക്കും സ്ഥാനമുായിരുന്നു.

* ഉച്ചാരണത്തിൽ പ്രയത്നത്തിനും (stress accent) സ്ഥാനമുായിരുന്നു.

* ഇന്ന് ഇംഗ്ലീഷ് ഭാഷയിൽ stress accent-നാണ് സ്ഥാനം.

* സംസ്കൃതത്തിൽ പ്രധാനപ്പെട്ട പദങ്ങൾക്കെല്ലാം ഒരു ഉദാത്തസ്വരമുാകും. ഇതിന് പ്രകൃതിസ്വരം എന്നു പറയുന്നു. സന്ധിയുടെ ഫലമായും മറ്റും സ്വരത്തിനു മാറ്റം വന്നേക്കാം.

* ഇന്ദ്രഃ - ആദ്യുദാത്തം.

അഗ്നിഃ - അന്തോദാത്തം.

മരുതഃ - മദ്ധ്യോദാത്തം.

* രുദാത്തസ്വരങ്ങളുള്ള പദങ്ങൾ അപൂർവ്വമാണ്. ഉദാ. - ബൃഹസ്പതി, നരാശംസഃ, തനൂനപാത്.

* മൂന്നുദാത്തമുള്ളത് - ഇന്ദ്രാബൃഹസ്പതി.

* സംബോധന (ആമന്ത്രിതം) ആകുമ്പോൾ പ്രകൃതിസ്വരം പോയി സർവ്വാനുദാത്തമാകും.

* തിങന്തങ്ങളും സാമാന്യമായി സർവ്വാനുദാത്തങ്ങളാണ്.

* ബഹുവ്രീഹിയിൽ ഉദാത്തം - പൂർവ്വപദത്തിന്.

തത്പുരുഷനിൽ ഉദാത്തം - ഉത്തരപദത്തിന്.

ചില ദ്വന്ദ്വസമാസങ്ങളിൽ ഉദാത്തം - രു പദത്തിലും.

* പദനിഷ്പത്തിയിൽ ഉദാത്തഭാഗം ഗുണം/വൃദ്ധിയോട് ചേർന്നിരിക്കും.

* ഉദാത്തമില്ലാത്തഭാഗം ഗുണമില്ലാത്തതതോ സംപ്രസാരണത്തോടു കൂടിയതോ ആകും.

ഉദാ. - തുമുന്നന്തത്തിൽ 'തും'- അനുദാത്തമാണ്.

അതിനാൽ ആദ്യഭാഗം - ഗുണത്തോടു കൂടിയതാകും. नेतुम्, गन्तुम्, भवितुम् -എന്നിവ മറ്റുദാഹരണങ്ങൾ.

* ക്ത്വാന്തത്തിലെ 'ത്വാ' ഉദാത്തമാണ്.

അതിനാൽ ആദ്യഭാഗം ശക്തികുറഞ്ഞതാകും.

नीत्वा, गत्वा, भूत्वा -എന്നിവ മറ്റുദാഹരണങ്ങൾ.

* സംസ്കൃതഭാഷയിലെ പദങ്ങൾ രുതരം - സുബന്തം, തിങന്തം.

* സുബന്തം - നാമങ്ങൾ, സർവ്വനാമങ്ങൾ (ഇവ തമ്മിൽ പ്രത്യയവ്യത്യാസമു്).

* തിങന്തം - സമ്പൂർണ്ണക്രിയകൾ.

* രൂപഭേദമില്ലാതെ ക്രിയാവിശേഷണമായി വരുന്നവ അവ്യയങ്ങൾ. ഇതു സുബന്തങ്ങൾ തന്നെയാണെന്നും സുപ്പ്രത്യയം ലോപിച്ചതാണെന്നും വൈയാകരണന്മാർ.

* അപഗ്രഥിച്ചു കിട്ടുന്ന ഏറ്റവും സൂക്ഷ്മമായ അംശമാണ് ധാതുക്കൾ.

* സംസ്കൃതധാതുക്കൾ മിക്കതും ഏകാക്ഷരങ്ങളും, ക്രിയാവാചികളും ഇവയുടെ വികസിതരൂപമാണ് - അംഗങ്ങൾ.

* ഉപസർഗ്ഗങ്ങൾ प्र, परा, अप... തുടങ്ങി 22 എണ്ണം.

* ഇവ ധാതുക്കളുടെ മുമ്പിൽ ചേർക്കണം.

* അംഗത്തിന്റെ പിമ്പിലായി (അംഗത്തിനു ശേഷം) ക്രിയാപ്രത്യയങ്ങൾ ചേർക്കണം.

* ധാതുവിലെ अ, इ, उ എന്നിവയുടെ ഗുണരൂപം अ ए ओ।

ധാതുവിലെ अ, इ, उ എന്നിവയുടെ വൃദ്ധിരൂപം आ ऐ औ।

* य व र ल എന്നിവ യഥാക്രമം इ उ ऋ लृ എന്നായി ചുരുങ്ങുന്നതിന് संप्रसारणम् എന്നു പേര്. ഉദാ - യജ് -ഇഷ്ട, വഹ് - ഊഢ.

* വർത്തമാനകാലധാതുക്കൾ 10 തരം

1. കേവലധാതു അംഗമായിട്ടുള്ളത് - अस् + ति - अस्ति।

2. ആവർത്തനത്തോടുകൂടിയ ധാതു - दा - ददाति।

3. ना എന്ന പരപ്രത്യയം ചേർന്നത് - क्रीणाति।

4. न എന്ന പ്രത്യയമിടയ്ക്കു ചേർന്നത് - रुध् - रुणादि।

5. नु എന്ന പരപ്രത്യയം ചേർന്നത് - अश् - अश्नोति।

6. अ എന്ന അംഗസംസ്കാരം ചേർന്ന കേവലധാതു - तुद् + अ + ति = तुदति।

7. ഗുണത്തോടുകൂടിയ ധാതുവിനോട് അംഗസംസ്കാരം ചേർന്നത് - भू - भो + अ + ति = भवति।

8. ധാതുവിനോട് य ചേർന്നത് - नृत् + य + ति = नृत्यति।

9. ഗുണത്തോടുകൂടിയ ധാതുവിനോട് 'അയ' ചേർന്നത് - चुर् - चोरयति।

10. ധാതുവിനോട് 'उ' ചേർന്നത് - तनोति।

* ഭാവികാല ധാത്വാഗമമുാക്കുന്നതിന് ധാതുവിനോട് എന്ന 'സ്യ' പരപ്രത്യയം ചേർക്കണം.

ഉദാ - पास्यति, भविष्यति।

* പൂർണ്ണക്രിയകളുടെ രൂപാവലി സംസ്കൃതത്തിൽ

* മൂന്നു വചനങ്ങൾ - ഏകവചനം, ദ്വിവചനം, ബഹുവചനം.

* മൂന്നു പുരുഷവിഭാഗങ്ങൾ - പ്രഥമപുരുഷൻ, മദ്ധ്യമപുരുഷൻ, ഉത്തമ പുരുഷൻ.

* മൂന്നു പ്രയോഗങ്ങൾ - കർത്തരിപ്രയോഗം, കർമ്മണിപ്രയോഗം, ഭാവേ-പ്രയോഗം.

* മൂന്നു കാലങ്ങൾ - വർത്തമാനകാലം, അദ്യതനഭൂതകാലം, പൂർണ്ണം.

* അർത്ഥഭേദങ്ങൾ - വിധി, ആശിസ്, സംഭാവന എന്നിങ്ങനെ.

* നാമരൂപാവലി

* നാമങ്ങൾക്ക് സംബോധനകൂടാതെ 7 വിഭക്തികൾ - പ്രഥമാ, ദ്വിതീയാ, തൃതീയാ, ചതുർത്ഥി, പഞ്ചമി, ഷഷ്ഠീ, സപ്തമീ.

* മൂന്നു വചനങ്ങൾ - ഏകവചനം, ദ്വിവചനം, ബഹുവചനം.

* മൂന്നു ലിംഗങ്ങൾ - പുല്ലിംഗം, സ്ത്രീലിംഗം, നപുംസകലിംഗം.

* സന്ധിനിയമങ്ങൾ - രുതരം.

1. ബാഹ്യം - പദങ്ങൾ തമ്മിലുള്ള സന്ധി, വിവക്ഷാധീനമാണ്.

2. ആഭ്യന്തരം - പദഘടകങ്ങൾ തമ്മിലുള്ള സന്ധി, നിർബ്ബന്ധമാണ്.

* സംസ്കൃതത്തിൽ നാമത്തിനും അതിന്റെ വിശേഷണത്തിനും തമ്മിൽ ലിംഗം, വചനം, വിഭക്തി എന്നിവയിൽ പൂർണ്ണമായ പൊരുത്തം നിർബ്ബന്ധമാണ്.

ഉദാ - समर्थः बालः - समर्थः എന്ന വാക്ക് വിശേഷണം बालःഎന്ന് വിശേഷ്യം. ഇവിടെ ഈ ര് വാക്കുകളും അകാരാന്തം പുല്ലിംഗം പ്രഥമാ ഏകവചനത്തിലാണ് വന്നത്.

* പൂർണ്ണക്രിയയ്ക്കും നിർദ്ദേശിക (പ്രഥമ) വിഭക്തിയിലുള്ള അതിന്റെ കർത്താവിനും തമ്മിൽ വചനം, പുരുഷൻ എന്നിവയിലും പൂർണ്ണമായ പൊരുത്തം വേണം.

* സമാസങ്ങൾ നാലുതരം.

1. तत्पुरुषसमासः - ഇതിന് कर्मधारयः എന്നൊരു ഉപവിഭാഗമു്.

2. बहुव्रीहिसमासः (ഇതു രും ഇൻഡോ-യൂറോപ്യനിൽനിന്നു വന്നത്).

3. द्वन्द्वसमासः।

4. अव्ययीभावसमासः। (ഇവ രും ഇന്ത്യയിൽ തന്നെ വികസിച്ചത്).

* രു പദങ്ങൾ ഒത്തുചേർന്ന് ഒരു സമസ്തപദമാകുന്നതാണ് സമാസം.

***സമാസത്തിന്റെ പ്രത്യേകതകൾ**

1. പൂർവ്വപദത്തിന്റെ വിഭക്തിപ്രത്യയലോപം.

2. രുദാത്തസ്വരമുള്ളത് ഒന്നായിച്ചുരുങ്ങൽ.

3. സമസ്തപദത്തിന് ഘടകങ്ങളിൽ നിന്ന് വ്യത്യസ്തമായ വിശിഷ്ടാർത്ഥമുാക്കൽ.

* വൈദികസംസ്കൃതത്തിൽ ര് ഉപപദങ്ങൾ കൂടിച്ചേർന്ന സമാസങ്ങളാണ് മിക്കവാറുമുള്ളത്.

* ചിലദിക്കിൽ മൂന്നു പദങ്ങളു്.

* ദേവതാദ്വന്ദ്വസമാസത്തിൽ 2 പദങ്ങൾക്കും ഉദാത്തം വരും.

* അലുക് സമാസത്തിൽ പൂർവ്വപദവിഭക്തിപ്രത്യയം ലോപിക്കാതെയും വരും.

* **ക്രിയകളുടെരൂപാവലി - ലൗകികസംസ്കൃതത്തിൽ**

* സംഭാവനാർത്ഥകമായ लेट् പ്രയോഗങ്ങൾ ഉപേക്ഷിച്ചു.

* ഭൂതാർത്ഥത്തിലുള്ള അർത്ഥവ്യത്യാസങ്ങൾ अद्यतनभूतम् - ഇന്നത്തേത് - लुङ्, പരോക്ഷം - പത്തേതത് - लिट्, सामान्यभूतम् - ഇന്നലെമുതൽ കുറച്ചുകാലത്തേത് - लङ्. ഇവയൊന്നും ശ്രദ്ധിക്കാതെ യഥേഷ്ടം ഭൂതാർത്ഥത്തിൽ രൂപങ്ങൾ പ്രയോഗിക്കാൻ തുടങ്ങി.

* വൈദികസംസ്കൃതത്തിലെ തുമുന്നന്താർത്ഥപ്രത്യയങ്ങളിൽ തുമുൻ മാത്രമേ ലൗകിക സംസ്കൃതത്തിൽ നിലനിന്നുള്ളു.

* ക്ത്വാന്തവും ല്യബന്തവും മാത്രം ശേഷിച്ച് 'ഗത്വായ' തുടങ്ങിയ പ്രയോഗങ്ങളില്ലാതായി.

* പൂർണ്ണക്രിയകൾക്കു പകരം അപൂർണ്ണക്രിയകൾ പ്രയോഗിക്കുവാൻ തുടങ്ങി.

* ऊष - രോഗിയാകുക, तेर - തരണം ചെയ്യുക തുടങ്ങിയ ക്രിയകൾക്കു പകരം उषितवान्, तीर्णवान् തുടങ്ങിയ പ്രയോഗങ്ങളാണ് ജനങ്ങൾ ഉപയോഗിക്കുന്നതെന്ന് മഹാഭാഷ്യത്തിൽ പതഞ്ജലി.

* വ്യാകരണപ്രകാരം ശരിയായ പദങ്ങളേക്കാൾ പ്രാമാണ്യം നാട്ടുകാർ ഉപയോഗിക്കുന്ന പ്രയോഗങ്ങൾക്കാണെന്നും പതഞ്ജലി -

एवं हि कश्चित् वैयाकरणः आह - कोऽस्य रथस्य प्रवेता?

ഒരു വൈയാകരണൻ ചോദിച്ചു- ആരാണീ രഥത്തിന്റെ തേരാളി.

प्रवेता - प्र പൂർവ്വകമായ अज् ധാതുവിന് तृच् പ്രത്യയം പരമിരിക്കുമ്പോൾ वि ആദേശംവന്ന് प्र-वि-ता - प्रविता ഗുണം വന്ന് प्रवेता।

सूत आह - अहमायुष्मन् अस्य रथस्य प्रजिता।

സൂതൻ പറഞ്ഞു - ഞാനാണു ഭവാൻ ആ രഥത്തിന്റെ തേരാളി.

प्रजिता - प्र പൂർവ്വകമായ गत्यर्थത്തിലുള്ള अज् ധാതുവിൽനിന്ന് तृच् പ്രത്യയം വന്നാൽ प्रजिता।

वैयाकरण आह - अपशब्दः इति।

വൈയാകരണൻ പറഞ്ഞു - അപശബ്ദമാണിത്.

सूत आह - प्राप्तिज्ञो देवानां प्रियः, न तु इष्टिज्ञः, इष्यत एतत् रूपम्।

वैयाकरण आह - अहो खल्वनेन दुरुतेन बाद्ध्यामहे इति।

വൈയാകരണൻ പറഞ്ഞു -

കഷ്ടം ഈ ദുഷ്ടനായ സൂതനാൽ ബാദ്ധ്യതയായി.

सूत आह - न खलु वेञः सूतः, सुवतेरेव सूतः, यदि सुवतेः कुत्सा प्रयोक्तव्या दुःसूतेनेति वक्तव्यम्।

സൂതൻ പറഞ്ഞു - वेञ् ധാതുവിൽ നിന്നല്ല സൂതശബ്ദം षूञ् ധാതുവിൽനിന്നാണ്. അതിന്റെ കുത്സിതരൂപം പ്രയോഗിക്കണമെങ്കിൽ ദുഃസൂതനാൽ എന്നു പ്രയോഗിക്കണം.

(सूतः - षूञ् - प्रेरणे എന്ന ധാതുവിൽനിന്ന് क्त പ്രത്യയം ചേർത്താൽകിട്ടുന്ന രൂപമാണ് सूतः। അതിൽനിന്ന് നിന്ദാർത്ഥം കിട്ടണമെങ്കിൽ दुःसूतः എന്നു പ്രയോഗിക്കണം.)

(മഹാഭാഷ്യം, 2. 4. 56)

* പൂർണ്ണക്രിയകൾക്കു പകരം ക്താന്തവും ക്തവത്വന്തവും ധാരാളമായി പ്രയോഗിക്കാൻ തുടങ്ങി.

ഉദാ - क्तान्तम् - वनं गतः, जलं पीतम्, नदी तीर्णा।

क्तवत्वन्तम् - नदीं तीर्णवान्, तां दृष्टवान्।

* പൂർണ്ണക്രിയകൾക്കു പകരം യ, തവ്യ, അനീയ പ്രത്യയങ്ങളും വന്നു.

ഉദാ - य - भव्यम्, कार्यम्।

तव्य - भवितव्यम्, कर्तव्यम्।

अनीय - भवनीयम्, करणीयम्।

* വിഭക്തിപ്രത്യയങ്ങൾ പ്രയോഗിക്കുമ്പോൾ തെറ്റു വരാതിരിക്കാൻ സമാസം കൂടുതലായും പ്രയോഗിച്ചു തുടങ്ങി.

* ഇംഗ്ലീഷ് തുടങ്ങിയ പലഭാഷകളും ലളിതവും സുഗമവുമാക്കാൻ പദങ്ങളുടെ സംഖ്യ ചുരുക്കുന്നു.

* എന്നാൽ സംസ്കൃതത്തിൽ ഇതിനു നേർ വിപരീതമാണ്.

* ഒരു വസ്തുവിനെ കുറിക്കാനനേകം പദങ്ങളറിഞ്ഞാൽ ഭാഷാസ്വാധീനം കൂടും.

ഉദാ - വെള്ളം - ജലം, വാരി, സലിലം, പയസ്, തോയം, നീരം, അംഭസ്.

* ഇതിലെ ഓരോ പദത്തിനോടും ദം (നല്കുന്നത്), ധരം (ഉൾക്കൊള്ളുന്നത്), വാഹം (വഹിക്കുന്നത്), മുക്ക് (മോചിപ്പിക്കുന്നത്) എന്നിവയിലേതെങ്കിലും ചേർത്താൽ മേഘമായി.

ഉദാ – ജലദം, വാരിദം, സലിലദം, പയോദം, തോയദം, നീരദം, അംഭോദം, ജലധരം, വാരിധരം ....

* ഇതുകൂടാതെ മേഘം, ഘനം തുടങ്ങിയ ശബ്ദങ്ങളും.

* വെള്ളത്തിന്റെ പര്യായങ്ങളോട് ജം (ഉായത്), രുഹം (മുളച്ചുവന്നത്) എന്നിവയിലേതെങ്കിലും ചേർത്താൽ താമരയായി.

ഉദാ – ജലജം, വാരിജം.... പയോരുഹം, അംഭോരുഹം....

* ഭൂമിയുടെ പര്യായങ്ങൾ – ക്ഷിതി, ക്ഷോണി, അവനി, പൃഥിവീ.

* ഭൂമിയുടെ പര്യായങ്ങളോട് രുഹം ചേർത്താൽ വൃക്ഷമായി.

ഉദാ – ക്ഷിതിരുഹം, ക്ഷോണിരുഹം....

* ഭൂമിയുടെ പര്യായങ്ങളോട് ധരം ചേർത്താൽ മലയായി.

ഉദാ – ക്ഷിതിധരം, ക്ഷോണിധരം, അവനീധരം.

* ഭൂമിയുടെ പര്യായങ്ങളോട് ദേവന്റെ പര്യായം ചേർത്താൽ ബ്രാഹ്മണനായി.

ഉദാ – ക്ഷിതീന്ദ്രഃ, അവനീന്ദ്രഃ...

* മറ്റു കവികൾ പ്രയോഗിക്കാത്ത പുതിയ പദം പ്രയോഗിക്കാനും കേട്ടാൽ അർത്ഥം മനസ്സിലാക്കാനും ഈ ഭാഷയുടെ കഴിവ് വളരെ സഹായകമാണ്.

* ഒരേ പദങ്ങൾ ആവർത്തിക്കാതിരിക്കാൻ കവികൾ ശ്രദ്ധിക്കാറു്. കാളിദാസന്റെ കുമാരസംഭവത്തിൽ ശിവപാർവ്വതി സംഭാഷണത്തിൽ (എട്ടാം സർഗ്ഗം) ശിവൻ പാർവ്വതിയെ

1. മിതകഥേ (കുറച്ചു സംസാരിക്കുന്നവൾ) 2. പീവരോരു (തടിച്ച മാറിടമുള്ളവൾ) 3. അദ്രിരാജതനയേ 4. സുതനു 5. ശൈലരാജതനയേ 6. ദീർഘനയനേ 7. പുണ്ഡരീകമുഖീ (വെള്ളത്താമരപോലെ മുഖമുള്ളവൾ) 8. പാർവ്വതി എന്നിങ്ങനെ മാറി മാറി വിളിക്കുന്നതു കാണാം.

* ഇപ്രകാരം സംസ്കൃതഭാഷയുടെ പ്രാധാന്യം വിവിധതലങ്ങളിലൂടെ അനുവാചകരിലേക്കെത്തിക്കുകയാണ് കുഞ്ചുണ്ണിരാജ ഈ ലേഖനത്തിലൂടെ ചെയ്യുന്നത്.

# MODULE IV

# MANUSCRIPTOLOGY

## ഹസ്തലിഖിതശാസ്ത്രം

## The Fundamentals of Manuscriptology

## Chapter I - Manuscriptology and Its Significance

### ഹസ്തലിഖിതശാസ്ത്രവും അതിന്റെ പ്രാധാന്യവും

* ഹസ്തലിഖിതം/കൈയെഴുത്തുപ്രതി - ഇതിനെ ഒരു പ്രത്യേകവിഭാഗമായി പരിഗണിച്ച് പലസ്ഥാപനങ്ങളും സർവ്വകലാശാലകളും PG, Diploma, M. Phil., Ph. D. കോഴ്സുകൾ ഈ വിഷയത്തിൽ നടത്തുന്നു്.

* കൈയെഴുത്തുപ്രതികളെ കുറിച്ച് പഠനം നടത്തുന്ന വിജ്ഞാന മേഖലയാണ് ഹസ്ത ലിഖിതശാസ്ത്രം.

* കൈകൊഴെുതുകയോ, കോറിയിടുകയോ, വരയ്ക്കുകയോ ചെയ്യുന്ന ഏതു രേഖയേയും വിശാലാർത്ഥത്തിൽ/സാമാന്യാർത്ഥത്തിൽ ഹസ്തലിഖിതം (Manuscript) എന്നു പറയുന്നു.

* ഇത് ചില പ്രമാണങ്ങളോ ബുക്കുകളോ/കൃതികളോ പനയോല, ചന്ദനത്തൊലി, പേപ്പർ എന്നിവയിലെഴുതുന്നതോ അല്ലെങ്കിൽ ശിലാശാസനങ്ങളായി പാറ, തൂണ്, മൺപാത്രങ്ങൾ, ചെമ്പു തകിട് എന്നിവയിലെഴുതുന്നതോ ആകാം.

* ഏതു ഹസ്തലിഖിതത്തിനും പ്രധാനമായും 2 ഘടകങ്ങൾ ആവശ്യമാണ് -

1. ഹസ്തലിഖിതമെഴുതാനുള്ള അസംസ്കൃതപദാർത്ഥം.
2. എഴുതാനുള്ള ഗ്രന്ഥം.

* ചുരുക്കിപ്പറഞ്ഞാൽ ഏതെങ്കിലും കൃതി എഴുതാനുള്ള അസംസ്കൃതപദാർത്ഥത്തിലേക്ക് എഴുതാനുള്ള അസംസ്കൃതപദാർത്ഥത്തിലേക്ക് എഴുതാനുള്ള ഉപകരണം ഉപയോഗിച്ചെഴുതിയാൽ ഹസ്തലിഖിതം ഉാവുകയായി/നിർമ്മിക്കപ്പെടുന്നു.

* ഹസ്തലിഖിതങ്ങളുടെ ആരംഭം മുതൽ പ്രകാശനം വരെ ഏതെല്ലാം കാര്യങ്ങളിലാണ് ശ്രദ്ധിക്കേത് എന്നത് പ്രധാനമാണ്.

* ഹസ്തലിഖിതങ്ങളുടെ ആരംഭത്തിനും പ്രകാശനത്തിനുമിടയിൽ പല പ്രക്രിയകളു്. ഇതെല്ലാംതന്നെ ഹസ്തലിഖിതശാസ്ത്രത്തിന്റെ ഭാഗം തന്നെയായാണ് രൂപകല്പന ചെയ്യുന്നത്.

* ഹസ്തലിഖിതശാസ്ത്രം എന്നത് വിഷയങ്ങൾക്കനുസൃതമായ അസംസ്കൃതപദാർത്ഥങ്ങൾ, എഴുതാനുള്ള ഉപകരണങ്ങൾ, എഴുത്തിന്റെ സാരാംശം, എഴുതാനുള്ള ലിപി, ഹസ്തലിഖിതസമ്പാദനം, അതിനെ സൂക്ഷിക്കൽ, സംരക്ഷിക്കൽ, അതിന്റെ വിവരപ്പട്ടിക/നാമാവലി, സംശോധനം, പ്രകാശനം എന്നിവ ഉൾക്കൊള്ളുന്നു.

* ശിലാശാസനങ്ങളും ഹസ്തലിഖിതങ്ങളും സാമാന്യനിർവ്വചനത്തിൽ വരുന്നു.

* എന്നാൽ ഹസ്തലിഖിതശാസ്ത്രമെന്നു പറയുമ്പോൾ പനയോല, പൂവരശിന്റെ തോല്/ ചന്ദനത്തൊലി, പേപ്പർ എന്നിവയിലെ കൈയെഴുത്തുകൾ മാത്രമാണെന്നാണ് പലരും ധരിക്കുന്നത്/ സാധാരണയായി/പതിവായി പ്രയോഗിക്കുന്നത്.

* ഹസ്തലിഖിതശാസ്ത്രത്തിൽ ശിലാശാസനങ്ങളടക്കം എല്ലാറ്റിനേയും നിവേശിപ്പിച്ചിട്ടു്.

## Difference Between Inscriptions and Manuscripts

* ശിലാശാസനങ്ങൾ/ശിലാലിഖിതങ്ങൾ ഹസ്തലിഖിതങ്ങളിൽനിന്നും വ്യത്യാസപ്പെടുന്നത് താഴെ പറയുന്ന കാരണങ്ങളാലാണ് –

1. ശിലാലിഖിതങ്ങൾക്ക് ഹസ്തലിഖിതങ്ങളേക്കാൾ പ്രാചീനത്വം ഉണ്ടാകും.

2. വേണ്ടായ മാറ്റങ്ങളും തെറ്റുതിരുത്തലുമുള്ള ഗ്രന്ഥത്തെ (ഹസ്തലിഖിതങ്ങളിൽ ചെയ്യുന്നതുപോലെ) ശിലാലിഖിതങ്ങളിൽ കാണാൻ പറ്റില്ല.

3. ശിലാലിഖിതങ്ങളിൽ ഉൾക്കൊള്ളുന്ന വിഷയം ഹസ്തലിഖിതങ്ങളിലേതിനേക്കാൾ കുറവായിരിക്കും. അതുപോലെ ഭാഷയുടെ എല്ലാ വിശിഷ്ടമായ പ്രത്യേകതകളും കോറിയിടാൻ ശിലകളിൽ കഴിയില്ല.

4. സാമാന്യമായി പറഞ്ഞാൽ ശിലകളിൽ കോറിയിട്ട അക്ഷരങ്ങൾ വ്യക്തമല്ലാത്തതും ഹസ്തലിഖിതങ്ങളെ അപേക്ഷിച്ച് വായിച്ചെടുക്കാൻ സമയം പിടിക്കുന്നതുമാണ്.

5. ശിലാലിഖിതങ്ങളിലെ അസംസ്കൃതപദാർത്ഥങ്ങൾ ഹസ്തലിഖിതങ്ങളെ അപേക്ഷിച്ച് കൂടുതൽ നിലനില്ക്കുന്നതാണ്.

6. ഹസ്തലിഖിതങ്ങൾ മിക്കതും കൈയിൽ കൊണ്ടുപോകാൻ കഴിയുന്നതും എളുപ്പത്തിൽ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു മാറ്റാൻ കഴിയുന്നതുമാണ്. എന്നാൽ പാറയിലോ തൂണുകളിലോ ഉള്ള ശിലാലിഖിതങ്ങൾക്ക് ഇത്തരം സൗകര്യമില്ല. മൺപാത്രങ്ങളിലെ ശിലാലിഖിതങ്ങളെ ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു മാറ്റാൻ കഴിയുമെങ്കിലും ഹസ്തലിഖിതങ്ങൾപോലെ കയ്യിലെടുത്തുകൊണ്ടുപോകുക എളുപ്പമല്ല.

7. ഹസ്തലിഖിതങ്ങളിൽ വിശാലമായി വിഷയത്തെ ഉൾക്കൊള്ളിക്കാം. എന്നാൽ ശിലാലിഖിതങ്ങളിൽ ഹസ്തലിഖിതങ്ങൾപോലെ വിസ്തൃതവും വിശാലവുമായി വിഷയങ്ങൾ ഉൾപ്പെടുത്താൻ കഴിയില്ല.

## Development of Manuscriptology

**ഹസ്തലിഖിതശാസ്ത്രം – വളർച്ച**

* പ്രാചീനകാലത്തെ ഇന്ത്യയിൽ വായകൊണ്ടുള്ള ഉരുവിടലാണ് വിദ്യാഭ്യാസരംഗത്ത് നിലനിന്നത്.

* വേദങ്ങളും സംഹിതകളും പുരാണങ്ങളും മാത്രമല്ല സാഹിത്യപരവും ശാസ്ത്രപരവുമായ കൃതികളും ഇത്തരത്തിലാണ് ഗുരുക്കന്മാർ പഠിപ്പിച്ചുകൊണ്ടിരുന്നത്.

* കുറച്ചു കാലത്തിനുശേഷം ക്രിസ്തുവർഷം (എ. ഡി.) തുടങ്ങുന്നതിനുമുമ്പ് വാഗ്പാരമ്പര്യത്തിലൂടെ നേടിയെടുത്ത പ്രാചീന സാഹിത്യത്തെ ഇന്ത്യൻപണ്ഡിതന്മാർ എഴുതിവെക്കാൻ തുടങ്ങി.

* ഇതുകൂടാതെ പുതിയസൃഷ്ടികളും എഴുതാൻ തുടങ്ങി.

* ഒരേകൃതിതന്നെ പല ആളുകൾ എഴുതാൻ തുടങ്ങിയപ്പോൾ അവയിൽ ചില വ്യത്യാസങ്ങളും കാണപ്പെട്ടു.

* വ്യത്യസ്തങ്ങളായ വ്യാഖ്യാനങ്ങളും വ്യാഖ്യാനങ്ങളുടെ വ്യാഖ്യാനങ്ങളും ഉദയം ചെയ്തു.

* വ്യത്യസ്തങ്ങളായ ടീക/വ്യാഖ്യാനം ഒരേ കൃതിക്കുതന്നെ ചമയ്ക്കപ്പെട്ടു.

* കൃതികളുടെ ഇത്തരത്തിലുള്ള വ്യാഖ്യാനങ്ങളും ഭാഷ്യങ്ങളും ശാസ്ത്രീയാടിസ്ഥാനത്തിലാണ് ചെയ്തത്.

* ഹസ്തലിഖിതങ്ങൾ പകർത്തുക എന്നതും പതിവായി.

* പ്രാചീന ഇന്ത്യക്കാർ ഹസ്തലിഖിതങ്ങൾ സൂക്ഷിക്കുന്നതിന് അവരുടെ കഴിവിന്റെ പരമാവധി ശ്രമിക്കുകയും ചില പാരമ്പര്യരീതികൾ ഇതിനായി സ്വീകരിക്കുകയും ചെയ്തു.

* ഹസ്തലിഖിതശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് ഇത്തരത്തിലുള്ള എല്ലാ ഘടകങ്ങളും സംഭാവന നല്കി.

* ഹസ്തലിഖിതശാസ്ത്രം ഒരു പ്രത്യേക പരിശീലനമാണെങ്കിൽക്കൂടി ഇതിന് മറ്റു വിഷയങ്ങളുമായി അഭേദ്യബന്ധമു്.

* ഹസ്തലിഖിതവസ്തുവിനെ സജ്ജമാക്കുന്നതിനും അവയെ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ ശാസ്ത്രം ശാസ്ത്രവിഭാഗങ്ങളായ രസതന്ത്രം (chemistry), ഭൗതികശാസ്ത്രം (physics), ജീവശാസ്ത്രം (biology), വിവരസാങ്കേതികവിദ്യ (information technology) എന്നിവയെ ആശ്രയിക്കുന്നു.

* ഹസ്തലിഖിതങ്ങൾ എഴുതുന്നതിനും വായിക്കുന്നതിനും പുരാതനലിപി വിജ്ഞാനത്തിലെ (paliography) അറിവുകൾ സ്വീകരിക്കുന്നു.

* ഹസ്തലിഖിതങ്ങൾ അടുക്കി സ്റ്റാക്റൂമിൽ വെക്കുന്നതും അതിന്റെ സൂചിപത്രം/അനുക്രമണിക തയ്യാറാക്കുന്നതും ഹസ്തലിഖിതശാസ്ത്രത്തിന് ഗ്രന്ഥാലയശാസ്ത്രവുമായിട്ടുള്ള ബന്ധത്തെ വെളിപ്പെടുത്തുന്നു.

* ഗ്രന്ഥങ്ങൾ വായിക്കുന്നതിനും സമ്പാദനം (editing) ചെയ്യുന്നതിനും ഭാഷ, സാഹിത്യം, പുരാതനലിപി, ചരിത്ര-സാംസ്കാരികമായ അറിവുകൾ അത്യാവശ്യമാണെന്നതുകൊുതന്നെ ഹസ്തലിഖിതശാസ്ത്രം, ഭാഷാശാസ്ത്രം, സാഹിത്യം, സാമൂഹ്യശാസ്ത്രം, ചരിത്രം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു.

* ഗ്രന്ഥത്തിലെ വിഷയത്തെക്കുറിച്ച് നല്ല അറിവുങ്കെിൽമാത്രമേ ശരിയായ സമ്പാദനം നടക്കുകയുള്ളു.

* ഒരു ഹസ്തലിഖിതജ്ഞന് ഒരു കൃതി സമ്പാദനംചെയ്യണമെങ്കിൽ ആ വിഷയത്തിലുള്ള അറിവോ, ആ വിഷയവിദഗ്ദ്ധന്റെ സഹായമോ അവശ്യമാണ്.

* ഇപ്രകാരം ഹസ്തലിഖിതശാസ്ത്രം എല്ലാ വിജ്ഞാനമേഖലകളുമായും ബന്ധപ്പെട്ടിരിക്കുന്നു.

* ചുരുക്കിപ്പറഞ്ഞാൽ ഹസ്തലിഖിതശാസ്ത്രത്തെ ഒരാൾക്ക് ഏതെങ്കിലുമൊരു ശാസ്ത്രമെന്നോ, വിവിധവിഷയങ്ങളായ കല, സുകുമാരകലകൾ, ഭാഷ, സാഹിത്യം എന്നിങ്ങനെയോ പ്രത്യേകമായി കരുതാൻ കഴിയില്ല.

* ഹസ്തലിഖിതശാസ്ത്രമെന്നത് വിജ്ഞാനമേഖലയിൽ അപൂർവ്വമായതും, പല വിജ്ഞാനസ്രോതസ്സുകളുമായും വിശാലബന്ധം പുലർത്തുന്നതുമാണ്.

## Significance of Manuscriptology

**ഹസ്തലിഖിതശാസ്ത്രത്തിന്റെ പ്രാധാന്യം**

1. ഹസ്തലിഖിതങ്ങൾ ഒരു പ്രദേശത്തെ/രാജ്യത്തെ സാംസ്കാരിക-സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക-ചരിത്രത്തെ കുറിച്ചുള്ള വളരെ ആധികാരികമായ അറിവു നല്കുന്നു.

2. ഭാഷയുടെ ചരിത്രത്തെ കുറിച്ചു പഠിക്കുന്നതിന് ഭാഷാശാസ്ത്രജ്ഞർക്ക് ഏറ്റവും നല്ല ഉപാധിയാണ് ഹസ്തലിഖിതങ്ങൾ.

3. ശബ്ദവ്യതിയാനങ്ങൾ, വ്യാകരണഘടനയിലെ മാറ്റങ്ങൾ, സംയോജനം (കൂട്ടിച്ചേർക്കൽ), ഭാഷയുടെ വികസനത്തിന്റെ പാതയിൽ വിവിധ കാലഘട്ടത്തിൽ നഷ്ടപ്പെടുകയോ മാറ്റം വരുകയോ ചെയ്ത ശബ്ദകോശങ്ങൾ എന്നിവ ശിലാലിഖിതങ്ങളിലും ഹസ്തലിഖിതങ്ങളിലും പ്രതിഫലിക്കുന്നു.

4. ഭാഷയുടെ വിവിധശാഖകൾക്കായി വിവിധ കാലഘട്ടത്തിൽ ജനങ്ങളിൽ നിന്നുായ സൃഷ്ടിപരമായ ഉണർവ്വിന്റെ പരിശ്രമങ്ങളെ കുറിച്ചറിയുന്നതും പ്രധാനമായും ഹസ്തലിഖിതങ്ങളിൽ കൂടിയാണ്.

5. നിലവിലുള്ള പല അറിവുകൾക്കും പോഷണമായി തീർന്നത് വിരളമായതും അത്തരം വിഷയങ്ങളുമായി ബന്ധപ്പെടുന്നതുമായ അജ്ഞാത ഹസ്തലിഖിതങ്ങളാണ്.

6. ഇപ്രകാരം പരിപോഷണം നടന്നതിനുദാഹരണങ്ങളാണ് ആയുർവ്വേദം, വാസ്തുവിദ്യ, ജ്യോതിശ്ശാസ്ത്രം, ഗണിതം മുതലായവ.

7. കാലഘട്ടങ്ങൾക്കനുസരിച്ചു മാറ്റം വന്ന ജനങ്ങളുടെ ആചാരങ്ങൾ, അവയുടെ പരിശീലനങ്ങൾ, സാമൂഹികവീക്ഷണം എന്നിവയെ കുറിച്ച് ഒരു പരിധിവരെ അറിയുന്നതിന് ഹസ്ത ലിഖിതസാഹിത്യത്തിൽനിന്നും സാധിക്കുന്നു.

8. ഈ ആധുനികകാലഘട്ടത്തിലും ഹസ്തലിഖിതങ്ങൾ അറിവിന്റെ വാതായനങ്ങൾ തുറക്കുന്നു.

9. ഇന്ത്യയുടെ ചരിത്രത്തിലെ പല അജ്ഞാത സംഭവങ്ങളും ഹസ്തലിഖിതങ്ങളുടെ പ്രകാശനത്തിലൂടെയാണ് വെളിപ്പെടുന്നത്.

ഉദാ - കൗടില്യന്റെ അർത്ഥശാസ്ത്രത്തിന്റെ ഒരു മലയാളം വ്യാഖ്യാനം ഡോ. രാധാ കുമുദ് മുഖർജിക്ക് (Dr. Radha Kumud Mukherji) തന്റെ Chandragupta and His Times എന്ന കൃതിയെഴുതുന്നതിന് വളരെ സഹായകമായി.

മറ്റൊരു ഉദാ - 14-ാം നൂറ്റാിലെ ഇന്ത്യാചരിത്രത്തെ ആധികാരികമായി വിവരിക്കുന്ന ബൗദ്ധ കൃതിയായ ആര്യമഞ്ജുശ്രീമൂലകല്പം, കെ. പി. ജയ്സ്വാളിന് ( K. P. Jayswal) തന്റെ കൃതിയായ Imperial History of India എഴുതുന്നതിന് സഹായകമായി.

10. ചരിത്രത്തിന്റെ പല വിടവുകളേയും നികത്തുന്നതിന് ഇതുവരെ വായിച്ചെടുക്കാത്തതും പ്രകാശനം ചെയ്യാത്തതുമായ ഹസ്തലിഖിതങ്ങൾക്ക് കഴിഞ്ഞേക്കാം.

11. ചരിത്രത്തിന്റേതെന്നപോലെ തന്നെ സാങ്കേതിക/ശാസ്ത്രസാഹിത്യങ്ങളായ വൈദ്യശാസ്ത്രം (medicine), ജ്യോതിശ്ശാസ്ത്രം (astronomy), ശില്പശാസ്ത്രം (architecture), രസതന്ത്രം (chemistry) എന്നിവയുടെ അറിവിലേക്കും മേൽപ്പറഞ്ഞ രീതിയിൽ ഹസ്തലിഖിതങ്ങൾ പ്രയോജനപ്പെടും.

12. ശാസ്ത്രതത്ത്വങ്ങളും സിദ്ധാന്തങ്ങളും ഹസ്തലിഖിതങ്ങളായുള്ളത് കുപിടിക്കുക യാണെങ്കിൽ ശാസ്ത്രീയകുപിടിത്തങ്ങളെ പരിഷ്കരിക്കരിക്കുന്നതിന് അവകൊു സാധിച്ചേനെ.

13. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ നമ്മുടെ മൂടുപടമണിഞ്ഞ ഭൂതത്തേയും, നമ്മുടെ പിതാമഹന്മാരുടെ പലമേഖലകളിലുമുള്ള വിലമതിക്കാനാവാത്ത സംഭാവനകളേയും കുറിച്ചറിയുന്നതിൽ ഹസ്തലിഖിതങ്ങൾ പ്രത്യേകപ്രാധാന്യമർഹിക്കുന്നു.

14. പ്രൊഫ. ലൂയീസ് റിനോ (Prof. Louis Renou)യുടെ അഭിപ്രായത്തിൽ 'ഇന്ത്യയെ ലോകമാകമാനമുള്ള ജനത സ്നേഹിക്കുന്നതിനും ബഹുമാനിക്കുന്നതിനും കാരണം അതിന്റെ ബൗദ്ധികവും സദാചാരപരവും ആത്മീയവുമായ ബൃഹത്തായതും ആരാദ്ധ്യമായതുമായ വലിയൊരു പാരമ്പര്യത്തിന്റെ ഭണ്ഡാരത്താലാണ്.'

15. മറ്റുള്ളവർ/പാശ്ചാത്യർ നമ്മുടെ പ്രാചീന സംസ്കാരത്തെ അനുമോദിക്കുകയും മനുഷ്യത്വത്തിലേക്ക് പ്രചീന ഇന്ത്യക്കാർ നല്കിയ സംഭാവനകളെ വിലമതിക്കുകയും ചെയ്യുമ്പോൾ ഇതെല്ലാം അജ്ഞാതമായ/ഇതിലെല്ലാം അജ്ഞരായ നമ്മൾ ലജ്ജിതരാകുന്നു.

16. ഇന്നത്തെ ഇന്ത്യക്കാർക്ക് നമ്മുടെ സാംസ്കാരികപാരമ്പര്യത്തെ കുറിച്ചറിയുന്നതിനുള്ള പ്രധാന ഉറവിടങ്ങളാണ് ഹസ്തലിഖിതങ്ങൾ.

## Manuscriptology for Higher Learning and Research

**ഹസ്തലിഖിതശാസ്ത്രം - ഉപരിപഠനത്തിനും ഗവേഷണത്തിനും**

* ഹസ്തലിഖിതശാസ്ത്രത്തിന് ഇന്ന് വേത്ര പരിഗണന കിട്ടുന്നില്ലെങ്കിലും ഇതിന് ഇന്ത്യയുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ പ്രധാനപങ്കുവഹിക്കാൻ കഴിയും എന്നതാണ് യാഥാർത്ഥ്യം.

* ആശയപരമായ വിദ്യാഭ്യാസസമ്പ്രദായം (An Ideal Educational System) എന്നത് വിദ്യാർത്ഥിക്ക് അവൻ/അവൾ പഠിക്കുന്ന വിഷയത്തിലുള്ള ശബ്ദങ്ങളുടെ അവഗാഹമല്ല, മറിച്ച് അവന്റെ/അവളുടെ സമഗ്രവ്യക്തിത്വത്തെ വികാസപൂർണ്ണമാക്കി അവനെ/അവളെ നമ്മുടെ സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഭാഗഭാക്കാക്കി മാറ്റുവാൻ കഴിവുനല്കുക എന്നതാണ്.

* ഈ വിദ്യാഭ്യാസസമ്പ്രദായത്തിലൂടെ ഒരുവന് സ്വന്തം രാജ്യത്തോടുള്ള സാംസ്കാരിക -ധാർമ്മികചിന്തയേയും ദേശീയതയേയും ഒരുമിച്ച് പ്രോത്സാഹിപ്പിച്ച് വളർത്തിക്കൊു വരുന്നതിന് സാധിക്കുന്നു.

* പ്രാചീന ഇന്ത്യക്കാരുടെ, ജ്യോതിശ്ശാസ്ത്രം, ഗണിതം, ഭാഷാശാസ്ത്രം, വൈദ്യശാസ്ത്രം എന്നിവയിലുള്ള അതിബൃഹത്തായ സംഭാവനകളെ ലോകമാനമുള്ള പണ്ഡിതന്മാർ ആദരിക്കുകയും അതിനെ കുറിച്ച് പഠനം നടത്താൻ അത്യുത്സാഹം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

* എന്നാൽ, നിർഭാഗ്യവശാൽ വിദ്യാഭ്യാസവിചക്ഷണന്മാരടക്കമുള്ള മിക്ക ഇന്ത്യക്കാർക്കും കഴിഞ്ഞ നൂറ്റിലെ ആളുകളുടെ മഹത്ത്വത്തെക്കുറിച്ചോ സംഭാവനയെക്കുറിച്ചോ ഒന്നുമറിയില്ല.

ഉദാ - ആ പ്രത്യേകരംഗത്തെ പണ്ഡിതന്മാർക്കുപോലും ആര്യഭട്ടൻ, ഭാസ്കരാചാര്യൻ, യോഗസൂത്രകാരനായ പതഞ്ജലി എന്നിവരുടെ സംഭാവനകൾ അജ്ഞാതമാണ്.

* ഇന്നത്തെ ബിരുദാനന്തരബിരുദകോഴ്സിന്റെ സിലബസിൽപോലും ഇന്ത്യൻ സിദ്ധാന്തങ്ങൾ കൂടുതൽ കാണാൻ കഴിയില്ല.

* ഇപ്പോൾ പ്രാചീന ഇന്ത്യക്കാരുടെ വിലമതിക്കാനാവാത്ത സംഭാവനകളെ വ്യാഖ്യാനിക്കുന്നതിനായി ചിലർ ബോധവാന്മാരാകുന്നു്.

* ഭാവിയിൽ ആരാണോ ഏതെങ്കിലും വിജ്ഞാനമേഖലയിൽ ഉപരിപഠനത്തിലും ഗവേഷണത്തിലും തുടരുന്നത് അവർ തീർച്ചയായും ആ വിഭാഗത്തിലെ പ്രാചിനേന്ത്യക്കാരുടെ സംഭാവനകളുടെ സാരാംശത്തെ കുറിച്ച് അറിഞ്ഞിരിക്കണം.

* ഇത് സാദ്ധ്യമാകുക ഹസ്തലിഖിതങ്ങളിലൂടെ മാത്രമാണ്.

* 16-ാം നൂറ്റാുമുതലുള്ള ഹസ്തലിഖിതങ്ങൾ കേടുപാടുകൾ കൂടാതെ കിട്ടുന്നുങ്കിലും, പലതും മുമ്പേ ഉള്ളവയുടെ പകർപ്പുകളായിരുന്നു.

* ഭാസൻ, കാളിദാസൻ, പാണിനി എന്നിവരുടെ കൃതികളും പുരാണങ്ങളും ഇതിനുദാഹരണങ്ങളാണ്.

* ഇന്നു ലഭ്യമാകുന്ന പല ഹസ്തലിഖിതങ്ങളും മൈക്രോസ്കോപ്പിന്റെ സഹായത്തോടെ മാത്രമേ വായിക്കാൻ കഴിയുകയുള്ളു.

* ഇപ്പോൾ കടുെത്ത കൃതികൾക്ക് മാർഗ്ഗദർശനം നല്കുന്നതിന് കഴിയുന്ന പാണിനി, ഭർത്തൃഹരി, ആര്യഭട്ടൻ, കണാദൻ, ഭാസ്കരാചാര്യൻ, കൗടില്യൻ, സുശ്രുതൻ, ചരകൻ തുടങ്ങിയവരുടെ സാങ്കേതികവിഷയങ്ങൾക്കു സമാനമായ കൃതികൾ പലതും ഹസ്തലിഖിതക്കെട്ടുകളിൽ പ്രകാശം കാണാതെ കിടക്കുകയാണ്.

* കലാവിഷയങ്ങളുടെ സ്ഥിതിയും ഇതിൽനിന്നു ഭിന്നമല്ല.

* ഇന്ത്യയിൽ ഹസ്തലിഖിതശാസ്ത്രം സാഹിത്യ, കല, സംസ്കാരം എന്നിവയെ മാത്രമല്ല അതിബൃഹത്തായി ഉൾക്കൊു മുന്നോട്ടു നയിക്കുന്നത് മറിച്ച് ശാസ്ത്രവും സാങ്കേതികതയും ഇതിൽപെടും.

* ഹസ്തലിഖിതങ്ങൾ വിജ്ഞാനത്തിന്റെ പുതിയ വീഥികൾ തുറക്കുകയും അതിന്റെ പഠനത്തിലൂടെ സ്വരാജ്യാഭിമാനവും ദേശീയോദ്ഗ്രഥനവും വലിയ തോതിൽ നമ്മിലുാക്കുകയും ചെയ്യുന്നു.

* തത്ത്വശാസ്ത്രപരമായ/ദാർശനികസാഹിത്യമടങ്ങിയ ഹസ്തലിഖിതങ്ങൾ ഈ നിഗൂഢമായ പ്രപഞ്ചത്തിന്റെയും മനുഷ്യജീവിതത്തിന്റെയും യാഥാർത്ഥ്യങ്ങൾ കു പിടിക്കുന്നതിന് സഹായിക്കുന്നു.

* കലാസൗന്ദര്യത്തിൽ താല്പര്യമുള്ളവരെ തൃപ്തിപ്പെടുത്തുന്ന തരത്തിൽ സുകുമാര കലകളിൽ ധാരാളം ഹസ്തലിഖിതങ്ങളു്.

* ആത്മീയതയിൽ താല്പര്യമുള്ളവർക്ക് അത്തരത്തിലുള്ള കെട്ടുകണക്കിന് ഹസ്തലിഖിതങ്ങളു്.

* ചരിത്രം, ഭൂമിശാസ്ത്രം, സാമൂഹികവിജ്ഞാനം, യുദ്ധം എന്നിവയിൽ താല്പര്യമുള്ളവർക്കും അത്തരം വിഷയത്തിലുള്ള ധാരാളം ഹസ്തലിഖിതങ്ങളു്.

* ചുരുക്കിപ്പറഞ്ഞാൽ ഇന്ത്യയിൽ ഒരു ഹസ്തലിഖിതശാസ്ത്രത്തിലൂടെ വിജ്ഞാനത്തിന്റെ അമൂല്യമേഖലകളിൽ വ്യാപരിക്കുന്നതിനും അതിലൂടെ ഏതു വിഭാഗത്തിലേയും വിജ്ഞാനദാഹമകറ്റുന്നതിനും സാധിക്കുന്നു.

# Chapter IV: Language and Script

**ഭാഷയും ലിപിയും**

* ഭാഷ എന്നത് വാക്കാലുള്ള ആശയവിനിമയസമ്പ്രദായമാണ്.

* ഭാഷയുടെ വാഗ്വിശേഷത്തെ മറ്റൊരു സ്ഥലത്ത്, മറ്റൊരു സമയത്ത് പുനരാവിഷ്കരണം നടത്തുന്നതിന് ഒരുപാട് പോരായ്മകളു്/പ്രായോഗികതയില്ല.

* സംഭാഷണങ്ങൾ അതു നടക്കുന്ന അടുത്ത പ്രദേശങ്ങളിൽ മാത്രമേ കേൾക്കുന്നുള്ളു.

* ആധുനിക ഉപകരണങ്ങളായ ടെലിഫോൺ, റേഡിയോ, ഓഡിയോ കാസറ്റ്സ് എന്നിവയുടെ അഭാവത്തിൽ പ്രാചീനകാലത്ത് ആശയങ്ങളെ ഭാവിയിലേക്കുവേ ഭാഷയിലൂടെ സംരക്ഷിക്കുന്നതിനോ മറ്റു പ്രദേശങ്ങളിലെ ജനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനോ കഴിഞ്ഞിരുന്നില്ല.

* ഈയൊരു പ്രതിസന്ധിഘട്ടത്തിൽ എഴുത്ത് കുപിടിക്കുക എന്നത് അത്യാവശ്യ മായിത്തീരുകയും ഓരോ അക്ഷരങ്ങളേയും വാക്കുകളേയും മറ്റും കുറിക്കുന്നതിന് ചിഹ്നങ്ങൾ ഉപയോഗിക്കുകയും ചെയ്തു.

* ഭാഷയുടെ ഇത്തരം ദൃശ്യചിഹ്നങ്ങൾ ലിപി (കൈപ്പട - script) എന്ന ഒരു സമ്പ്രദായത്തെ രൂപവല്ക്കരിച്ചു. സ്വര-വ്യഞ്ജനഅക്ഷരമാല, ആശയലിപി എന്നിവ ഇതിന്റെ ഘടകങ്ങളാണ്.

* പ്രാചീന ലിപികളെക്കുറിച്ചുള്ള അറിവ് ഹസ്തലിഖിതശാസ്ത്രത്തിന് അത്യാവശ്യമാണ്.

* ലിപികളെക്കുറിച്ചുള്ള പഠനം പുരാതനലിപിവിജ്ഞാന(Paliography)ത്തിലാണ് പെടുന്നതെങ്കിലും ഒരു ഹസ്തലിഖിതശാസ്ത്രകാരന് ഹസ്തലിഖിതങ്ങൾ വായിക്കുന്നതിനും സമ്പാദനം (editing) ചെയ്യുന്നതിനും അതിൽ അത്യധികമായ കഴിവ് അത്യാവശ്യമാണ്.

* പല കാലഘട്ടത്തിലേയും പല പ്രദേശങ്ങളിലേയും ലിപികളിലെ വ്യത്യാസങ്ങൾ പോലും ഹസ്തലിഖിതശാസ്ത്രകാരൻ അറിഞ്ഞിരിക്കണം.

* ഹാരപ്പ, മോഹഞ്ചോദാരോ എന്നിവിടങ്ങളിൽനിന്നു കിട്ടിയ മുദ്രകളിൽ നിന്നും ഇന്ത്യക്കാർക്ക് വളരെക്കാലം മുമ്പുതന്നെ എഴുത്ത് അറിയാമായിരുന്നു എന്നു മനസ്സിലാക്കാം.

* സിന്ധുനദീതടസംസ്കാരത്തിന്റെ കാലഘട്ടം 4000–3000 ബി. സി. ക്കിടയിലാണെന്നു കരുതപ്പെടുന്നു.

* എങ്കിലും എല്ലാവരാലും അംഗീകരിക്കപ്പെടുന്ന സിന്ധുനദീതടസംസ്കാരത്തിന്റെ ലിപി ഇനിയും വരാനിരിക്കുന്നതേയുള്ളു.

* കുകിട്ടിയതിൽവച്ച് ഏറ്റവും പ്രാചീനമായ ഇന്ത്യൻ ലിപി – ബ്രാഹ്മി.

ഇതിന്റെ തുടക്കം ബി. സി. ഏഴാം നൂറ്റ്.

* അടുത്ത ലിപി – ഖരോഷ്ഠി. തുടക്കം ബി. സി. അഞ്ചാം നൂറ്റ്.

## Kharoṣṭhi Script

**ഖരോഷ്ഠി ലിപി**

* ഖരോഷ്ഠി ലിപി – ബാക്ട്രിയൻ, ഇൻഡോ-ബാക്ട്രിയൻ, ആര്യൻ, ബാക്ട്രോപാലി, കാബൂളിയൻ, ഖരോട്ടി എന്നിങ്ങനേയും പറയപ്പെടുന്നു.

*          ബ്രാഹ്മി ലിപി വ്യാപിച്ചു കിടക്കുന്ന ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻഭാഗങ്ങളിലും മദ്ധ്യേഷ്യയെ തൊട്ടുകിടക്കുന്ന പ്രദേശങ്ങളിലും ഖരോഷ്ഠി ലിപി ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരുന്നു.

*          എ. ഡി. നാലാം നൂറ്റാുവരെ ഖരോഷ്ഠി ലിപി നിലനിന്നു.

*          ഖരോഷ്ഠി ലിപിയിൽ കടെുത്ത ഏറ്റവും പഴക്കമുള്ള ശിലാലിഖിതങ്ങൾ - ഷഹ്ബ സഗർഹി, മാൻസേഹ്റ എന്നീ പ്രദേശങ്ങളുടെ സമീപത്തുനിന്നും കിട്ടിയ അശോകന്റെ പാറയിലെ ലിഖിതങ്ങളാണ്.

*          ഖരോഷ്ഠി ലിപിയിലുള്ള ഹസ്തലിഖിതങ്ങൾ/താളിയോലകൾ എ. ഡി. രാം നൂറ്റാിലാണ് കടെുക്കപ്പെട്ടിട്ടുള്ളത്.

*          ഖോട്ടാനിൽ നിന്നും ഖരോഷ്ഠിലിപിയിലുള്ള പ്രാചീന താളിയോല എ. ഡി.രാം നൂറ്റാിൽ കടെുത്തു.

*          ഖരോഷ്ഠി ലിപി വലത്തുനിന്നും ഇടത്തോട്ടാണ് എഴുതുന്നത്.

## Brāhmī Script

**ബ്രാഹ്മി ലിപി**

*          ഉറുദു പോലെയുള്ള ചില ഭാഷകളുടേതൊഴിച്ച് എല്ലാ ഇന്ത്യൻ ഭാഷകളുടേയും ലിപി ബ്രാഹ്മിലിപിയിൽ നിന്നു വളർന്നു വന്നതാണ്.

*          പ്രാചീന ജൈനകൃതികളായ സമവായംഗസുത്തം(ബി. സി. 300), പണ്ണവണാസുത്തം (ബി. സി. 168) എന്നിവയിൽ ബ്രാഹ്മിലിപിയെ ബംഭി എന്നാണ് പരാമർശിക്കുന്നത്.

*          സൃഷ്ടികർത്താവായ ബ്രഹ്മാവുതന്നെയാണ് എഴുത്തും കുപിടിച്ചത് എന്ന നിലയ്ക്കാണ് ബ്രാഹ്മി എന്ന പേര് ഈ ലിപിക്കുവന്നത്.

*          ബി. സി. അഞ്ചാം നൂറ്റാിൽ കടെുത്ത ഉത്തർപ്രദേശിലെ ബസ്തി ജില്ലയിൽനിന്നും കടെുത്ത പിപ്പരഹ്വ ബൗദ്ധന്മാരുടെ ശിലാലിഖിതങ്ങളും, രാജസ്ഥാനിലെ അജ്മീറിൽ നിന്നും കടെുത്ത ബാഡ്‌ലി ശിലാലിഖിതങ്ങളും - ബ്രാഹ്മി ലിപിയിലാണ് എഴുതിയിട്ടുള്ളത്. ഇവ രും പ്രാചീന ശിലാലിഖിതങ്ങളാണ്.

*          ബ്രാഹ്മി ലിപി ഇടത്തുനിന്നും വലത്തോട്ടാണ് എഴുതുന്നത്.

*          ബ്രാഹ്മിലിപിക്ക് അശോകന്റെ കാലഘട്ടത്തിൽ പ്രാദേശികഭേദങ്ങളുായിരുന്നു.

*          ഇത്തരം പ്രാദേശികഭേദങ്ങൾ പ്രധാനമായും രുതരത്തിൽ തിരിക്കാം - ദക്ഷിണലിപി, ഉത്തരലിപി.

## Southern Brahmi - ദക്ഷിണബ്രാഹ്മി

*          ഡെക്കാനിലും ദക്ഷിണദേശങ്ങളിലും കാണുന്ന ബ്രാഹ്മിഭേദങ്ങൾ ദക്ഷിണബ്രാഹ്മിയിൽ പെടുന്നു.

## Deccan variety - ഡക്കാൻ വൈവിദ്ധ്യം

*          ഇത് ആന്ധ്ര ലിപി എന്നുമറിയപ്പെടുന്നു.

*        കാലയളവ് ബി. സി. 2-ാം നൂറ്റാുമുതൽ എ. ഡി. 1-ാം നൂറ്റാുവരെ.

*        പ്രചാരത്തിലുായിരുന്നത് ഡെക്കാനിലും ആന്ധ്രയിലെ കൂടുതൽ ഭാഗങ്ങളിലും.

*        നാനാഘട്ട്, നാസിക്, പിത്തൽഖോര എന്നിവിടങ്ങളിലെ ഗുഹാശിലാലിഖിതങ്ങളിൽ ഈ ലിപിയാണുപയോഗിച്ചിരിക്കുന്നത്.

*        ശാതവാഹനന്മാരും പല്ലവന്മാരും ഉപയോഗിച്ച ലിപി ഇതാണ്.

